Report of the Public Service Commission

Chief Minister [Sri. T. K. Narayana Pillai]: I beg to lay on the table the Report for the Public Service Commission on the work done during the period from 30th Mithunam 1124 to 32nd Karkadagam 1124.

Authenticated Schedule of Supplementary Grants

Minister for Finance and Revenue [Sri. A. J. John]: I beg to lay on the table the authenticated schedule of supplementary grants voted by the Legislature during the last session.

Motion under Rule 43

Chief Minister [Sri. T. K. Narayana Pillai]: I rise to move that the proposals of this Government for the delimitation of constituencies under the new Constitution of India for purposes of election to the Legislative Assembly of the State and to the House of the People be taken into consideration.

Minister for Finance and Revenue [Sri. A. J. John]: I second the motion.

Sri. Kalathil Velayudhan Nayar: I rise to a point of order.

Under Section 13 of the Representation of Peoples Act, this is what is stated:

"As soon as may be after commencement of this Act there shall be set up by the Speaker in respect each of Part A and Part B States, other than Jammu and Kashmir, an Advisory Committee consisting of not less than three and not more than seven members of Parliament.....".

Therefore the committee is to be appointed by the Speaker of the Indian Parliament out of the members of Parliament. Nothing is contemplated in this Act by which this Government can make any recommendation in the matter. What is now contemplated is a recommendation of this Government. Such a recommendation is not contemplated in the Statute. As such it will be useless to discuss it. Is it permissible for this House to consider the recommendation of this Government?

Mr. Speaker: The motion before the House is—

"I move that the proposals of this Government for the delimitation of constituencies under the new Constitution of India for purposes of election to the Legislative Assembly of the State and to the House of People be taken into consideration".

The mover of the motion may explain the position with reference to the points raised by Mr. Velayudhan Nayar also. The motion is admitted. The House will proceed to dispose it of on its merits.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): സർ, നിയോജകമണ്ഡല വിഭജനസംഗതികളെ സംബന്ധിച്ചു ചർച്ചനടത്തുന്നതിന് ഒരവസരം കൊടുക്കുന്നതിലേക്കായിട്ടാണ് ഈ മോഷൻ ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ശ്രീ മാൻവേലായുധൻനായർ അവർകളും വെൽഫെൻറേഷൻ ഓഫ് പീപ്പിൾസ് ആക്ട് സെക്ഷൻ പ്രകാരം നിയോജകമണ്ഡലവിഭജനം സംബന്ധിച്ചു നിർദ്ദേശങ്ങൾ കൊടുക്കുന്നതിനോ അതു സംബന്ധിച്ച് ഒരു റിപ്പോർട്ട് എഴുതുന്നതിനോ ഈ ഗവൺമെൻറിനു അധികാരമില്ലെന്നു പറയുകയുണ്ടായി. അതിനു് എനിക്കു പറയുവാനുള്ള സമാധാനം, ഈ ഗവൺമെൻറിൽനിന്നു് അങ്ങിനെ ഒരു റിപ്പോർട്ട് സമർപ്പിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെൻറിൽനിന്നും ഈ ഗവൺമെൻറിലേക്ക് എഴുതി അയച്ചതിൻറെ ഫലമായി ഹലക്ഷൻ സംബന്ധിച്ചുള്ള എല്ലാ അധികാരങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

ളും നിയന്ത്രണാധികാരങ്ങളും കേന്ദ്രഗവൺമെൻറിനാണെങ്കിൽ തന്നെയും കഴിഞ്ഞ കാലേഷുമാരിക്കണക്കിനെ അസ്സംബ്ലി മാക്കി ഇപ്പോൾ നിയോജകമണ്ഡലവിഭജനം നടത്തേണ്ടിയിരിക്കുന്നതുകൊണ്ടും ഈ വരുന്ന സെൻസസ്സ് ഇൻഡ്യാഗവൺമെൻറിനെറ നിയന്ത്രണത്തിൽ നടത്തുന്നതുകൊണ്ടുമാണ് ഈ ഗവൺമെൻറിൽനിന്നും ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

ഈ നിയോജനകമണ്ഡലവിഭജന സംഗതിയെ സംബന്ധിച്ചു വ്യവസ്ഥ ചെയ്യുന്നതിനു മുമ്പായി നാം ധരിക്കേണ്ട ചില സംഗതികളിലേക്ക് ബഹു. അംഗങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഭരണഘടനയിലെ വ്യ-ാം വകുപ്പും ഉ ൈ ാം വകുപ്പും നമ ാം വകുപ്പും ആണ് ഇതിനെ സ്പർശിക്കുന്ന സാംഗത്യമുള്ള വകുപ്പുകൾ

"Section 81. Composition of the House of the People.

1. (*a*) Subject to the provisions of clause (2) and of articles 82 and 331, the House of the people shall consist of not more than five hundred members directly elected by the voters in the States.

(*b*) For the purpose of sub-clause (a), the States shall be divided, grouped or formed into territorial constituencies and the number of members to be allotted to each such constituency shall be as determined as to ensure that there shall be not less than one member for every 750,000 of the population and not more than one member for every 500,000 of the population."

"Section 170: Composion of Legislative Assemblies:

(1) Subject to the provisions of article 333, the Legislative Assembly of each State shall be composed of members chosen by direct election.

(2) The representation of each territorial constituency in the Legislative Assembly of a State shall be on the basis of the population of that constituency as ascertained at the last preceding census of which the relevant figures have been published and shall, save in the case of the autonomous districts of Assam and the constituency comprising the cantonment and municipality of Shillong be on a scale of not more than one member for every seventy-five thousand of the population.

Provided that the total number of members in the Legislative Assembly of a State shall in no case be more than five hundred or less than sixty."

പിന്നീടുള്ളത് നമ ാം വകുപ്പാണ്.

"Section 330: Reservation of seats for Scheduled Castes and Scheduled Tribes in the House of the People.

(1) Seats shall be reserved in the House of the People for—

(*a*) The Scheduled Castes;

(*b*) The Scheduled Tribes except the Scheduled Tribes in the tribal areas of Assam; and

(*c*) The Scheduled tribes in the autonomous districts of Assam.

(2) The number of seats reserved in any State for the Scheduled Castes or the Scheduled Tribes under clause (1) shall bear, as nearly as may be, the same proportion to the total number of seats allotted to that State in the House of People as the population of Scheduled Castes in the State or of the Scheduled Tribes in the State or part of the State, as the case may be, in respect of which seats are so reserved, bears to the total population of the State."

ഇതിനു ശേഷമാണ് പ്രൊസൻറേഷൻ ആക്ട് പീപ്പിൾസ് ആക്ട് ഉണ്ടായിട്ടുള്ളത്. അതിലെ വ്യവസ്ഥകളനുസരിച്ച് ഈ തിരുവിതാംകൂർ-കൊച്ചി

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിലേക്ക് എത്ര അംഗങ്ങളാണ് ഉണ്ടായിരിക്കേണ്ടതെന്നും പാർല മെൻറിലേക്ക് എത്ര അംഗങ്ങളാണ് ഉണ്ടായിരിക്കേണ്ടതെന്നും നിശ്ചയിച്ചിട്ടു ണ്ട്. ആ നിശ്ചയമനുസരിച്ച് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലേക്ക് ഫ ഠ വ അംഗങ്ങളെയാണ് നിയമസഭാ പ്രതിനിധികളായി അയക്കുവാനുള്ള തു്. ഈ പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന വിഷയത്തിലും നിയോജകമണ്ഡ ലങ്ങളെ തിട്ടപ്പെടുത്തുന്ന വിഷയത്തിലും ഏതെല്ലാം കാര്യങ്ങളാണ് ഏതെല്ലാം തത്വങ്ങളാണ് സ്വീകരിക്കേണ്ടതു് എന്നുള്ളതിലേക്ക് പ്രത്യേക വ്യവസ്ഥകളാ ണ് ഈ റെപ്രസെൻറേഷൻ ആക്ട് പീപ്പിൾസ് ആക്ടിൽ അടങ്ങിയിട്ടുള്ളതു്. അതിൽ ആർട്ടിക്കിൾ 81-ൽ പറയുന്നതിതാണ്.—

"6. (1) Each state to which only one seat is allotted in the First Schedule shall form one constituency.

(2) As soon as may be after the commencement of this Act, the President shall, by order; determine;

(*a*) the constituencies into which each State to which more than one seat is allotted in the First Schedule shall be divided;

(*b*) the extent of each constituency;

(*c*) the number of seats allotted to each constituency; and

(*d*) the number of seats, if any, reserved for the scheduled castes or for the scheduled tribes in each constituency."

പിന്നീട് ജനസംഖ്യ അനുസരിച്ച് ഏതുവിധത്തിലാണ് നിയോജകമണ്ഡ ലവിഭജനം നടത്തേണ്ടതെന്നും എങ്ങിനെയാണ് ജനസംഖ്യ തിട്ടപ്പെടുത്തേണ്ട തെന്നുള്ളതിനേപ്പറ്റിയും പ്രത്യേകം നിശ്ചയങ്ങൾ ചെയ്തിട്ടുണ്ട്. ആ നിശ്ച യങ്ങൾ അനുസരിച്ചു കരു ഏറിയായിലെ ജനസംഖ്യ കണക്കാക്കേണ്ടതു ആ പ്ര ദേശത്തുള്ള വോട്ടറന്മാരുടെ എണ്ണത്തെ ആകെ ആ സ്റ്റേറിലുള്ള ജനസംഖ്യകൊ ണ്ടു ഗുണിച്ച് അങ്ങിനെ കിട്ടുന്ന ഗുണനഫലത്തെ ആ സ്റ്റേറിലെ ആകെയുള്ള വോട്ടറന്മാരുടെ എണ്ണംകൊണ്ടു വിഭജിക്കുക എന്നുള്ളതാണ് ഈ ഗവൺമെണ്ടിൽ നിന്നും സ്വീകരിച്ചിട്ടുള്ള നയം. ഭരണഘടനയിലെ നവ ഭാഗം പറയുന്നു.

"Section 387. For the purposes of elections held under any of the provisions of this Constitution during a period of three years from the commencement of this Constitution, the population of India or of any part thereof may, notwithstanding anything in this Constitution, be determined in such manner as the President may by order direct, and different provisions may be made for different States and for different purposes by such order."

പ്രസിഡണ്ടിൻറെ ഓർഡർ ഇതാണ്.

"Paragraph 6 of the Constitution (Determination of Population) Order 1950 enjoins that for the purposes of the ensuing elections and the delimitation of constituencies the population of any area to be included in a constituency shall be determined by multiplying the number of voters entered in the provisional electoral rolls of that area by the total population of that State and then by dividing the product by the total number of voters entered in the provisional electoral rolls of the whole State."

അതാണ് ആറാംവകുപ്പിൽ ചേർത്തിട്ടുള്ളതു്. ജനസംഖ്യ ഫൈനൽ ഫിഗറിലെ കാനേഷുമാരിക്കണക്കനുസരിച്ച് എന്തായിരുന്നാലും ഇപ്പോൾ നിലവിലുള്ളതാ യ ജനസംഖ്യ തിട്ടപ്പെടുത്തുന്നതിനുള്ള അധികാരവും കേന്ദ്രഗവൺമെണ്ടിൻറെ പ്ര സിഡണ്ടിലാണ് നിക്ഷിപ്തമായിരിക്കുന്നതു്. അതനുസരിച്ച് ഈ സ്റ്റേറിലേ ക്കുള്ള ജനസംഖ്യ വ് ഒവ മില്യൻ ആണ് എന്നുള്ളതു നിശ്ചയിച്ചുകഴിഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

[Sri T K Narayana Pillai]

ട്ടുണ്ട്. അങ്ങിനെ ഈ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിനു് ജനസംഖ്യ വ്യ്യത്യാസമില്ലായ്മ ആയിരിക്കും എന്നുള്ള അടിസ്ഥാനത്തിലാണു് ഈ നിയോജകമണ്ഡലവിഭജനകാര്യങ്ങൾ നടത്തേണ്ടതായിട്ടിരിക്കുന്നതു്. അതായതു് ഫ ൦ വ അംഗങ്ങളെ ഈ സംസ്ഥാനത്തെ നിയമസഭയിലേക്കു തിരഞ്ഞെടുത്തയക്കുന്നതിനുള്ള അധികാരവും പാർലമെണ്ടിലേക്കു് ഫവ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരവും ഈ ഗവമ്മെണ്ടിനുണ്ടു്. ഇങ്ങനെയുള്ള വ്യവസ്ഥകളെ ആസ്പദമാക്കിയാണു് ഈ നിയോജകമണ്ഡലവിഭജനവ്യവസ്ഥകൾ ചെയ്തിട്ടുള്ളതു്. അതിനുശേഷം ഇൻഡ്യാഗവമ്മെണ്ടിൽനിന്നു് ഇൻഡ്യാ ഒട്ടുക്കുള്ള എലക്ഷൻ നടത്തുന്നതിലേക്കായി ഒരു എലക്ഷൻ കമ്മീഷണരെ പരിപൂർണ്ണമായ അധികാരങ്ങളോടുകൂടി നിയമിച്ചിട്ടുമുണ്ടു്. അങ്ങിനെ കേന്ദ്രഗവമ്മെണ്ടിൽ നിയമിച്ചിട്ടുള്ള കമ്മീഷണരിൽനിന്നും കിട്ടീട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചാണു് തളിയത്തുകമ്മിറ്റിയെ നിയമിക്കാൻ ഇടയായിട്ടുള്ളതു് കഴിയുന്നത്ര വേഗത്തിൽ ഇൻഡ്യ ഒട്ടുക്കു തെരഞ്ഞെടുപ്പു നടത്തുന്നതിനുവേണ്ടി ഏകാംഗനിയോജകമണ്ഡലമാണോ അതോ ബഹുഅംഗനിയോജകമണ്ഡലമാണോ വേണ്ടതെന്നു ആവശ്യമായ തീരുമാനം ചെയ്യുന്നതിനുമുമ്പു് ഏകാംഗനിയോജകമണ്ഡലവ്യവസ്ഥയിൽതന്നെ പ്രവർത്തനങ്ങൾ പുരോഗമിപ്പിച്ചു് നിയോജകമണ്ഡല പ്രവർത്തനങ്ങൾ നടത്തണമെന്നു് നിർദ്ദേശിച്ചു കൊണ്ടാണു് കേന്ദ്രഗവമ്മെണ്ടിൽനിന്നും ഈ ഗവമ്മെണ്ടിനു കിട്ടീട്ടുള്ള നിർദ്ദേശം. ആ നിർദ്ദേശത്തെ അടിസ്ഥാനമാക്കിയാണു് തളിയത്തുകമ്മിറ്റി രൂപീകരിക്കുന്നതിനും കഴിയുന്നത്ര വേഗത്തിൽ ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനും ഈ ഗവമ്മെണ്ടാവശ്യപ്പെട്ടിട്ടുള്ളതു്. കേന്ദ്രഗവമ്മെണ്ടിൽനിന്നും ഈ ഗവമ്മെണ്ടിനു കിട്ടീട്ടുള്ള നിർദ്ദേശം ഫ൯൫൦ മേയ് മാസത്തിനുമുമ്പുതന്നെ റിപ്പോർട്ട് സമർപ്പിക്കണമെന്നാണെന്നും ആ റിപ്പോർട്ടിൽ വരുത്തേണ്ടതായ ഭേദഗതികളെപ്പറ്റി ആവശ്യമായ തീരുമാനങ്ങൾ കേന്ദ്രഗവമ്മെണ്ടിൽനിന്നും ചെയ്യുന്നതാണെന്നും ഈ ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. അങ്ങിനെയാണു് ഈ തളിയത്തുകമ്മിറ്റിയെ രൂപീകരിക്കുന്നതിനിടയായിട്ടുള്ളതു്. ആ കമ്മിറ്റി പ്രവർത്തനം നടത്തുന്നതിനു് ആസ്പദമാക്കിയിട്ടുള്ള തത്വങ്ങൾ എന്തെല്ലാമാണെന്നു പറയുന്നതും ആവശ്യമായിരിക്കുന്നു. ജനസംഖ്യയെ തിട്ടപ്പെടുത്തുന്ന വിഷയത്തിൽ ഏതു തത്വമാണു് സ്വീകരിക്കേണ്ടതു് എന്നുള്ളതു് ഇതിനുമുമ്പുതന്നെ പറഞ്ഞുകഴിഞ്ഞതിട്ടുണ്ടു്. എന്നാൽ അന്നാണ്ടായിരുന്നതായ വോട്ടേഴ്സ് ലിസ്റ്റ് മാത്രമല്ലാതെ കൂടുതലായുള്ള വോട്ടറന്മാരുടെ ഓരോ പ്രദേശത്തുമുള്ള ലിസ്റ്റു് താലൂക്കധികാരികളിൽനിന്നും തളിയത്തുകമ്മിറ്റിക്കു സുലഭമായി കിട്ടാൻ സാധിക്കാതെ വരികയാൽ അവർക്കതനുസരിച്ചു് ജനസംഖ്യ തിട്ടപ്പെടുത്തുന്നതിനു് സാധിക്കാതെയാണവന്നിട്ടുള്ളതു്. പല പകുതികളിലേയും വോട്ടേഴ്സ് ലിസ്റ്റ് വേണ്ടസമയത്തു അവർക്കു ലഭ്യമായിരുന്നില്ല. അതുകൊണ്ടു് അവർ ചെയ്തിരിക്കുന്നതു് ഫ൯൫൧-ലെ സെൻസസ് അനുസരിച്ചു് ജനസംഖ്യ ൭൫ ലക്ഷമാണെന്നും ഇപ്പോൾ സെൻസസ്സ് കമ്മീഷണർ തിട്ടപ്പെടുത്തിയിട്ടുള്ളതനുസരിച്ചു് വ ൪ ലക്ഷം ആയിട്ടുണ്ടു് എന്നും അതിനെ ആസ്പദമാക്കിയുമാണു് ഈ ഐക്യസംസ്ഥാനത്തു എല്ലാ പ്രദേശത്തും ഫ൯൫൧ ശതമാനം ജനസംഖ്യ വർദ്ധനവുണ്ടായിരിക്കുന്നു എന്നുള്ള കണക്കിനെ അടസ്ഥാനമാക്കിയാണു് തളിയത്തു കമ്മിറ്റി റിപ്പോർട്ട് തയാറാക്കിയിട്ടുള്ളതു്. സാധാരണ ഗവമ്മെണ്ടിൽനിന്നും ഉണ്ടായിരുന്ന നിർദ്ദേശമനുസരിച്ചു Contiguity യും Geographical unity യും ആസ്പദമാക്കിയാണു് തളിയത്തുകമ്മിറ്റി ഈ റിപ്പോർട്ട് രൂപീകരിക്കുവാൻ ഇടയായിട്ടുള്ളതു്. അങ്ങനെ മേയ്

LIBRARY ARCHIVES Kerala Legislative Assembly

മാസം അവസാനത്തിനുമുമ്പ് ഈ റിപ്പോർട്ട് ഇൻഡ്യാഗവൺമെണ്ടിനു് സമർപ്പിക്കണമെന്നായിരുന്നു കേന്ദ്രഗവൺമെണ്ടിൽനിന്നും ആവശ്യപ്പെട്ടതു്. എന്നാൽ തളിയത്തുകമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെണ്ടിലേക്കു് സമർപ്പിക്കുവാൻ സാധിച്ചിട്ടുള്ളതു് ജൂൺ മ. ൦ -ാംതിയതി മാത്രമായിരുന്നു. ജൂൺ മ. ൦-ാംനു-ക്കു ശേഷമാണു് ആ റിപ്പോർട്ടിനെപ്പറ്റി ഈ ഗവൺമെണ്ടിനു് പയ്യാലോചിക്കുവാൻ ഇടയായിട്ടുള്ളതു്. അങ്ങനെ പയ്യാലോചിച്ചു അവസരത്തിലാണു് ഈ ഗവൺമെണ്ടിനു മനസ്സിലായതു് ജനസംഖ്യയെ സംബന്ധിച്ചിടത്തോളം തളിയത്തു കമ്മിറ്റിയുടെ അനുമാനങ്ങൾ അത്ര ശരിയായിരുന്നില്ലെന്നു്. അതായതു് ആ കമ്മിറ്റിയുടെ കൈവശം ജനസംഖ്യ തിട്ടപ്പെടുത്തുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും ഉണ്ടായിരിക്കാനിടയില്ലാതിരുന്നതിനാലും അവക്കു ആവശ്യമുള്ള എല്ലാ പ്രിലിമിനറി വോട്ടേഴ്സ് ലിസ്റ്റും വേണ്ട സമയത്തു ലഭിക്കാൻ സാധിക്കാതിരുന്നതിനാലും ജനസംഖ്യയെപ്പറ്റി പുതിയ അടിസ്ഥാനത്തിൽ പുതുതായ കണക്കുകൾ എടുക്കേണ്ട ആവശ്യവും പിന്നീടു ഗവൺമെണ്ടിനു നേരിട്ടു. ഞാൻ മുമ്പു പറഞ്ഞതുപോലെ ഇന്നവിധത്തിലാണു് ജനസംഖ്യതിട്ടപ്പെടുത്തേണ്ടതെന്നു് കേന്ദ്രഗവൺമെണ്ടിൽനിന്നു് അല്ലെങ്കിൽ പ്രസിഡണ്ടിൽനിന്നു് വേണ്ട നിർദ്ദേശങ്ങൾ അന്നു് ലഭിച്ചിട്ടില്ലാതിരുന്നതുകൊണ്ടു് ആ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം പുതുതായി കണക്കുകൾ എടുക്കേണ്ടിവന്നു എന്നാണു് ഞാൻ പറഞ്ഞുകൊണ്ടുവരുന്നതു്. അങ്ങിനെ പുതുതായി കണക്കുകൾ എടുത്തതിന്റെ ഫലമായി ആ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നിയോജകമണ്ഡലവിഭജനം ആദ്യം ചെയ്തിരുന്നതു മാറ്റി വേറൊരു തരത്തിൽ ചെയ്യുവാൻ ഗവൺമെണ്ടു നിർബ്ബന്ധിതമായിട്ടുണ്ടു്. പുതിയ നിർദ്ദേശങ്ങൾ അനുസരിച്ചു് ജനസംഖ്യകണക്കു കൂട്ടിയപ്പോൾ ആദ്യം തിട്ടപ്പെടുത്തിയിരുന്ന ജനസംഖ്യയിൽ നിന്നും ൨൫ ശതമാനം കൂടുതൽ ഉള്ളതായിട്ടാണു് ബോദ്ധ്യപ്പെട്ടിരിക്കുന്നതു്. അതിനെ ആസ്പദമാക്കിയാണു് ഗവൺമെണ്ടിൽനിന്നും രണ്ടാമതു നിയോജകമണ്ഡലവിഭജനം നടത്തിയിട്ടുള്ളതു്.

നിയോജകമണ്ഡലവിഭജനം നടത്തുന്നതിൽ സ്ഥലസാമീപ്യത്തിനും ഭൂമിശാസ്ത്രപരമായ ഭദ്രതയ്ക്കും കൂടുതൽ പ്രാധാന്യം കൊടുക്കുക എന്ന രണ്ടു തത്വങ്ങളാണു് ഈ ഗവൺമെണ്ടിൽനിന്നും സ്വീകരിച്ചിട്ടുള്ളതു്. ആ തത്വങ്ങൾക്കു് പ്രാധാന്യംകൊടുത്തുകൊണ്ടുള്ള ഒരു വിഭജനറിപ്പോർട്ടാണു് ഇവിടെനിന്നും എലക്ഷൻ കമ്മീഷണർക്കും തദ്വാരാ കേന്ദ്രഗവൺമെണ്ടിനും അയച്ചുകൊടുത്തിട്ടുള്ളതു്. നിയോജകമണ്ഡലവിഭജനത്തിൽ ചില താലൂക്കുകളെ സംബന്ധിച്ചു് ചില ആക്ഷേപങ്ങൾ ഉണ്ടെന്നു് ഗവൺമെണ്ടിനും നല്ലതുപോലെ അറിയാം. ചെങ്കോട്ട, പീരുമേട്, ദേവികുളം എന്നീ താലൂക്കുകളെ സംബന്ധിച്ചുമാത്രം ഒന്നുരണ്ടു കാര്യങ്ങൾ വ്യക്തമാക്കണമെന്നു് ഞാൻ ഉദ്ദേശിക്കുന്നു. ജനസംഖ്യ തിട്ടപ്പെടുത്തിയ അവസരത്തിൽ ഒരു സംഗതികൂടി ഗവൺമെണ്ടു ചെയ്തിട്ടുണ്ടു്. അതായതു് പ്രത്യേകിച്ചും ദേവികുളം, പീരുമേട് മുതലായ താലൂക്കുകളുടെ കാര്യത്തിൽ എത്രാനും വോട്ടറന്മാർ അവരുടെ പേരുകൂടി വോട്ടേഴ്സ് ലിസ്റ്റിൽ ചേർക്കണമെന്നു് അപേക്ഷിച്ചുതനുസരിച്ചു് ആ പേരുകൾകൂടി ഉൾപ്പെടുത്തിയാണു് ആ താലൂക്കിലെ വോട്ടറന്മാരുടെ എണ്ണം കണക്കാക്കിയിട്ടുള്ളതു് അങ്ങിനെയാണു് ആ താലൂക്കിലേ പ്രിലിമിനറി വോട്ടേഴ്സ് ലിസ്റ്റു് ഗവൺമെണ്ടു കാര്യമായി എടുക്കാൻ ഇടയായിട്ടുള്ളതു്. ഇങ്ങനെ കൂടുതൽ പേരുകൾ ചേർത്തു് ജനസംഖ്യ വർദ്ധിപ്പിച്ചതിനുശേഷവും പീരുമേട്, ദേവികുളം മുതലായ താലൂക്കുകളിൽനിന്നും ഒരു പ്രതിനിധിയെ തെരഞ്ഞെടുത്തയക്കാൻ നിവർത്തിയില്ലാതെ വന്നതുകൊണ്ടാണു് ആ താലൂക്കുകളെ പ്രത്യേകനിയോജകമണ്ഡലങ്ങളായി ഗണിക്കാൻ നി

LIBRARY ARCHIVES Kerala Legislative Assembly

[Sri T K Narayana Pillai]

വത്തിയില്ലാതെവന്നിട്ടുള്ളതും. അടുത്ത താലൂക്കുകളിലെ ഏതാനും ഭാഗങ്ങളെ കൂട്ടിച്ചേർത്ത് നിയോജകമണ്ഡലരൂപീകരണം നടത്താൽ നിർബന്ധിതമായിട്ടുള്ളതും. ഒരു കാര്യം വ്യക്തമാക്കുവാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നു. ഏതെങ്കിലും സമുദായത്തേയോ, ഏതെങ്കിലും വ്യക്തിയേയോ, ഏതെങ്കിലും വ്യക്തിസമൂഹങ്ങളേയോ മനഃപൂർവ്വം പീഡിപ്പിക്കുന്നതിനോ, വിരോധിപ്പിക്കുന്നതിനോ ഉള്ള യാതൊരു ശ്രമവും ഈ ഗവമ്മെണ്ട് ചെയ്തിട്ടില്ല. നിയോജകമണ്ഡലവിഭജനം എത്ര ബുദ്ധിമുട്ടും വിഷമമുള്ളതാണെന്നു് അതിൽ ഏർപ്പെട്ടപ്പോൾ എത്തെല്ലാം വൈഷമ്യങ്ങളാണു് അഭിമുഖീകരിക്കേണ്ടിവരുന്നതെന്നുള്ളതു് അതിൽ ഏർപ്പെട്ടിട്ടുള്ള ശ്രീ. പട്ടം താണുപിള്ള, ശ്രീ. മന്നത്തു പത്മനാഭൻ, ശ്രീ. ആർ. ശങ്കർ, ശ്രീ. പി. എസ്സു്. നടരാജപിള്ള മുതലായവർക്കും അനുഭവിച്ചറിയാൻ ഇടയായിട്ടുള്ള സംഗതിയാണു്. രണ്ടോ മൂന്നോ കൊല്ലങ്ങൾക്കുമുമ്പു് ഇവിടേയും ഒരു റിഫോംസ് കമ്മിറ്റി ഉണ്ടായിരുന്നു. അന്നും ഇവിടെ നിയോജകമണ്ഡലവിഭജനം നടന്നിട്ടുണ്ടു്. അങ്ങിനെ നിയോജകമണ്ഡലവിഭജനം നടത്തുന്ന അവസരത്തിൽ എത്രമാത്രം വൈഷമ്യങ്ങളാണു് അഭിമുഖീകരിക്കേണ്ടിവരുന്നതു് എന്നു് അതിൽ ഏർപ്പെട്ടിരുന്ന എന്റെ സ്നേഹിതന്മാർക്കെങ്കിലും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു് എന്നു ഞാൻ വിശ്വസിക്കുന്നു. അന്നു് ആ റിഫോംസ് കമ്മിറ്റിക്കാർ സ്വീകരിച്ചിരുന്നതും ഏകാംഗനിയോജകമണ്ഡലങ്ങളായിരുന്നു. പ്രത്യേകം സംവരണം ചെയ്തിട്ടുള്ള നിയോജകമണ്ഡലങ്ങൾ ബഹുഗനിയോജകമണ്ഡലങ്ങളും ആയിരുന്നു. അന്നത്തെ നിയോജകമണ്ഡലവിഭജനത്തിലും ആ കമ്മിറ്റിക്കു് വളരെ അധികം വൈഷമ്യങ്ങളെ നേരിടേണ്ടതായിവന്നിട്ടുണ്ടു്. അല്ലാതെ ഏതെങ്കിലും വ്യക്തിയെ ദ്രോഹിക്കുന്നതിനോ, പീഡിപ്പിക്കുന്നതിനോ, അല്ലെങ്കിൽ ഏതെങ്കിലും സമുദായത്തെ പ്രീണിപ്പിക്കുന്നതിനോ, ഏതെങ്കിലും സമുദായത്തോടു മത്സരിക്കുന്നതിനോ ഉള്ള യാതൊരു കാര്യവും ഗവമ്മെണ്ട് ചെയ്തിട്ടില്ല. ഇൻഡ്യാഗവമ്മെണ്ടിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയിട്ടുള്ളതായ ആ റിപ്പോർട്ടു് ഗവമ്മെണ്ടിൽനിന്നും കേന്ദ്രഗവമ്മെണ്ടിനു് അയച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ഏതെങ്കിലും വ്യക്തിയേയോ സമുദായത്തേയോ പീഡിപ്പിക്കുന്നതിനോ ദ്രോഹിക്കുന്നതിനോ യാതൊന്നും ചെയ്തിട്ടില്ലെന്നു പറയുകയുണ്ടായി. എന്നാൽ ആരെയെങ്കിലും പ്രീണിപ്പിക്കുന്നതിനോ, സന്തോഷിപ്പിക്കുന്നതിനോ ആയി വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുവിധത്തിലും യാതൊന്നുംതന്നെ ചെയ്തിട്ടില്ലെന്നാണു് ഞാൻ പറഞ്ഞതു്. ഒരു സമുദായത്തേയും പീഡിപ്പിച്ചിട്ടുമില്ല, പ്രീണിപ്പിച്ചിട്ടുമില്ല.

ശ്രീ. വി. ദാസ്: ചെങ്കോട്ട താലൂക്കിനെപ്പറ്റി എന്താണു പറയാനുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചെങ്കോട്ട താലൂക്കിനേയും പേർത്താണു് ഞാൻ നേരത്തെ ചില വിവരങ്ങൾ പറഞ്ഞതു്. അതായതു് ജനസംഖ്യ തിട്ടപ്പെടുത്തിയപ്പോൾ ചെങ്കോട്ട താലൂക്കിനു മാത്രമായിട്ടു് ഒരു പ്രതിനിധിയെ അയക്കുന്നതിനുള്ള അവകാശം ലഭ്യമല്ലാതിരുന്നതിനാൽ അതിനടുത്തുള്ള താലൂക്കിലെ ഏതാനും ഭാഗങ്ങളെക്കൂടി അതിനോടു ചേർത്തു ഒരു നിയോജകമണ്ഡലം രൂപീകരിക്കുകയും ഒരു പ്രതിനിധിയെ അയക്കുന്നതിനു് വ്യവസ്ഥചെയ്യുകയുമാണുണ്ടായിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

Sri. Ramasubramonia Karayalar: May I know the population of Shencottah Taluk?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതായാലും ൭൫,൦൦൦ ഉണ്ടായിരുന്നില്ലെന്ന ഖണ്ഡിതമായി പറയാൻ സാധിക്കും.

Sri. A. Ramasubramonia Karayalar: Is it not 62,000?

ശ്രീ. ടി. കെ. നാരായണപിള്ള: ൬൨,൦൦൦ ഉണ്ടായിരുന്നു. പക്ഷെ ൬൨,൦൦൦ ജനസംഖ്യയുള്ള ഒരു താലൂക്കിന് ഒരു പ്രതിനിധിയെ അയക്കുന്നതിന് നിയമം അനുവദിക്കുന്നില്ല. ൭൫,൦൦൦ ആയിരിക്കണം ഏറ്റവും കുറഞ്ഞ ജനസംഖ്യയെന്നും, എന്നാൽ അതു് ഒരിക്കലും ൬൯,൦൦൦-ൽ കൂടാൻ പാടില്ലെന്നും നിർദ്ദേശമുണ്ടെന്നു് എന്റെ ബഹുമാനപ്പെട്ട സ്നേഹിതനും അറിയാമെന്നു വിചാരിക്കുന്നു.

Sri. Ramasubramonia Karayalar: Is it on the basis of contiguity and geographical unity that the Schencottah Taluk has been delimited?

Sri. T. K. Narayana Pillai: It has been delimited on consideration of certain proposals.

Sahib Bahadur Abdul Razaak: Is there not any other method than adding certain portions of the adjoining districts to the Schencotta taluk for the purpose?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ശവമ്മെണ്ടിൽനിന്നും ആ റിപ്പോർട്ട് അയച്ചുകൊടുത്തിട്ടുള്ളതു കേന്ദ്രശവമ്മെണ്ടിനാണു്. ശവമ്മെണ്ടിനു കിട്ടിയിട്ടുള്ള നിർദ്ദേശം അനുസരിച്ചു് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള അവകാശം ഈ ശവമ്മെണ്ടിനല്ല, എലക്ഷൻ കമ്മീഷണർക്കാണു്. അതനുസരിച്ചു ഈ ശവമ്മെണ്ടിൽനിന്നും അയച്ചുകൊടുത്ത റിപ്പോർട്ട് എലക്ഷൻ കമ്മീഷണർതന്നെയാണു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു്, അതായതു ശ്രീ. കളത്തിൽ വേലായുധൻനായർ ഇവിടെ ഉദ്ധരിച്ച വകുപ്പിലെ വ്യവസ്ഥയനുസരിച്ചു ആ റിപ്പോർട്ട് പരിശോധിക്കുന്നതിനു പാർലിമെന്റ് സ്പീക്കർ പാർലിമെന്ററി കമ്മിറ്റിയെ നിയോഗിച്ചുകഴിഞ്ഞിട്ടുണ്ടു്. ആ പാർലിമെന്ററി കമ്മിറ്റിയാണു് അതു ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: കേന്ദ്രശവമ്മെണ്ടിനു എന്നാണു് ആ റിപ്പോർട്ട് ഇവിടെനിന്നും അയച്ചുകൊടുത്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സെപ്തംബർ ൧൫-ാംനു-ക്കു് അവിടെ കിട്ടത്തക്കവണ്ണം അയച്ചുകൊടുത്തിട്ടുണ്ടു്.

പാർലിമെന്ററി കമ്മിറ്റിക്കു് ഇതു സംബന്ധിച്ചു് എതാനും അധികാരങ്ങൾ ഉണ്ടു്. ഈ ശവമ്മെണ്ടിൽനിന്നും അയക്കുന്നതായ റിപ്പോർട്ട് പുനപരിശോധന ചെയ്യുന്നതിനും ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ വരുത്തുന്നതിനും നിയോജകമണ്ഡലങ്ങളെ പുനസംഘടിപ്പിക്കുന്നതിനും പാർലിമെന്ററി ഡിലിമിറ്റേഷൻ കമ്മിറ്റിക്കു് അധികാരവും അവകാശവും ഉണ്ടു്. ആ കമ്മിറ്റി ഇന്നു പ്രസ്തുത ജോലിയിൽ വ്യാപൃതരായിരിക്കുകയാണു്. ശവമ്മെണ്ടിനു് ഇതിൽ പ്രത്യേകമായ എന്തെങ്കിലും താല്പര്യമുണ്ടെന്നു ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അതടിസ്ഥാനമില്ലാത്തതാണെന്നു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഭരണഘടനയിലെ ൩൫൦-ാം വകുപ്പനുസരിച്ചു എന്തെങ്കിലും ഈ ശവമ്മെണ്ടു ചെയ്യിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : അതു ഞാൻ പറയാൻപോവുകയാണു്. ചോദിച്ചതു നന്നായി. നമ്മുടെ—ാം വകുപ്പു് ഞാൻ നേരത്തെ വായിച്ചുകേൾപ്പിക്കുകയുണ്ടായല്ലൊ. തളിയത്തു കമ്മിറ്റിറിയിൽനിന്നും റിപ്പോർട്ടു് ശുപാർശചെയ്ച അവസരത്തിൽ പട്ടികജാതിക്കാരെ സംബന്ധിച്ചും മലവാസികളെ സംബന്ധിച്ചും യാതൊരു നിർദ്ദേശവും ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും കിട്ടിയിരുന്നില്ല. ആ റിപ്പോർട്ടു് ഇവിടെനിന്നും അയച്ചതിനുശേഷമാണു് പട്ടികജാതിക്കാരെ സംബന്ധിച്ചും മലവാസികളെ സംബന്ധിച്ചും വേണ്ട നിർദ്ദേശങ്ങൾ, അതായതു് അവരുടെ ജനസംഖ്യ ക്ലിപ്തപ്പെടുത്തേണ്ടതു് എങ്ങിനെയാണെന്നും മറ്റുമുള്ള നിർദ്ദേശങ്ങൾ ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും ഈ ഗവൺമെണ്ടിനു ലഭിക്കാൻ ഇടയായതു്. ഇവിടത്തെ നിയമസഭയിലും പാർലിമെൻറിലും പട്ടികജാതിക്കാക്കും മലവഗ്ഗക്കാക്കും എത്ര സീറ്റുകൾക്കു അവകാശമുണ്ടു് എന്നു ക്ലിപ്തപ്പെടുത്തുന്നതു എങ്ങിനെ വേണമെന്നതിനെ സംബന്ധിച്ചു നിർദ്ദേശങ്ങൾ ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും ഇവിടെ ലഭിക്കുന്നതിനുമുമ്പാണു് ആ റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളതു്. കേന്ദ്രഗവൺമെണ്ടിൽനിന്നും ഇവിടെ കിട്ടിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു് ഇവിടത്തെ നിയമസഭയിൽ പട്ടികജാതിക്കാക്കും മലവഗ്ഗക്കാക്കും ഏ ഏ സീറ്റിനും പാർലിമെൻറിൽ ഒരു സീറ്റിനും അവകാശമുണ്ടായിരിക്കും എന്നു കാണുന്നുണ്ടു്. പാർലിമെൻററി ഡീലിമിറ്റേഷൻ കമ്മിറ്റി അതിൻറെ ജോലി നിർവ്വഹിക്കുന്നവേളയിൽ തീർച്ചയായും ഈ നിർദ്ദേശങ്ങളെപ്പറ്റി പഠിച്ചാലോചിക്കുന്നതാണു്.

ശ്രീ. ആർ. ശങ്കർ : ഇവിടത്തെ നിയമസഭയിലേക്കു ഏ ഏ സീറ്റിനു അവകാശമുണ്ടെന്നു ക്ലിപ്തപ്പെടുത്തിയതു ഏതടിസ്ഥാനത്തിലാണെന്നു പറയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനെസംബന്ധിച്ചു വിശദമായ വിവരങ്ങൾ എൻറെ കൈവശമില്ല. അവിടെനിന്നും അയച്ചുതന്നിട്ടുള്ള നിർദ്ദേശങ്ങളിൽ ഏ ഏ സീറ്റിനു് അവകാശമുണ്ടെന്നാണു് പറഞ്ഞിരിക്കുന്നതു്. ആ സംഖ്യ എങ്ങിനെ കിട്ടിയെന്നോ എന്തടിസ്ഥാനത്തിലാണു് ആ കണക്കെടുത്തതെന്നോ ഉള്ള വിശദവിവരങ്ങളെപ്പറ്റി യാതൊരു വിവരങ്ങളും ഈ ഗവൺമെണ്ടിനു ലഭിച്ചിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : ആ കമ്മിറ്റി റിപ്പോർട്ടു് തയ്യാറാക്കിയപ്പോൾ അതിനെ സംബന്ധിച്ച വിവരങ്ങൾ ആരേയും അറിയിക്കാതിരുന്നതു എന്തുകൊണ്ടാണെന്നു പറയുവാൻ മടിയുണ്ടാകുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതാരേയും അറിയിച്ചില്ല എന്നു പറയുന്നതു ഒട്ടും ശരിയല്ല. പട്ടികജാതിക്കാരെ സംബന്ധിച്ചും മലവഗ്ഗക്കാരെ സംബന്ധിച്ചും വേണ്ട നിർദ്ദേശങ്ങൾ അപ്പോൾ ലഭിച്ചിട്ടില്ലാതിരുന്നതുകൊണ്ടു് ആ കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ആ കമ്മിറ്റിക്കു സാധിച്ചിട്ടില്ല എന്നേയുള്ളൂ.

ശ്രീ. സി. സി പ്രസാദ് : ഞങ്ങൾക്കിപ്പോൾ അച്ചടിച്ചുതന്നിരിക്കുന്നവകതിരിച്ചുള്ള ഈ പട്ടികയിൽ പട്ടികജാതിക്കാരുടെ സംഖ്യ ചില സ്ഥലങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായിട്ടേ കാണുന്നില്ല. ജനസംഖ്യതന്നെ ശരിയായി ക്ലിപ്തപ്പെടുത്താതെ നിയോജകമണ്ഡലവിഭജനം എങ്ങിനെ നടത്താൻസാധിക്കും എന്നറിഞ്ഞാൽകൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള : ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നതു എന്താണെന്നു ശ്രദ്ധിച്ചുവെങ്കിൽ എൻറെ സ്നേഹിതൻ ആ ചോദ്യം ചോദിക്കയില്

LIBRARY ARCHIVES Kerala Legislative Assembly

ല്ലായിരുന്നു. ജനസംഖ്യ തിട്ടപ്പെടുത്തേണ്ടതു ഏതെല്ലാം തത്വങ്ങളെ ആസ്പദമാക്കിവേണമെന്നു ചില നിർദ്ദേശങ്ങൾ കേന്ദ്രഗവണ്മെണ്ടിൽനിന്നും ലഭിച്ചുവെന്നും ആ നിർദ്ദേശങ്ങൾ അനുസരിച്ചാണു് ജനസംഖ്യ തിട്ടപ്പെടുത്തി നിയോജകമണ്ഡലവിഭജനം നടത്തിയിട്ടുള്ളതെന്നും ഞാൻ പറഞ്ഞുകൊണ്ടിരിക്കയാണു്. അങ്ങിനെ തിട്ടപ്പെടുത്തിയിട്ടുള്ള ജനസംഖ്യ സംസ്ഥാനത്തിൽ ആകെയുള്ള ജനസംഖ്യയാണു്. അതിൽ പട്ടികജാതിക്കാരുടേയും മലവർഗ്ഗക്കാരുടേയും സംഖ്യ ഇത്രയായിരിക്കണമെന്നു് തിട്ടപ്പെടുത്തുന്നതിനുള്ള അവകാശം ഇൻഡ്യൻ പ്രസിഡണ്ടിനാണു്. എന്നാൽ ഈ സ്റ്റേറ്റിലെ ആകമാനമുള്ള ജനസംഖ്യ വ്യ. ഒ മില്യൻ ആണെന്നു തിട്ടപ്പെടുത്തിയിട്ടുള്ളതു് എലക്ഷൻ കമ്മീഷണരുടെ അല്ലെങ്കിൽ ഇൻഡ്യൻ പ്രസിഡണ്ടിന്റെ ആവശ്യവും നിർദ്ദേശവും അനുസരിച്ചു ഈ ഗവണ്മെണ്ടിൽനിന്നും ആണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: പട്ടികജാതിക്കാരുടെ ജനസംഖ്യ ഏതു തത്വത്തെ അടിസ്ഥാനമാക്കിയാണു് ക്ലിപ്തപ്പെടുത്തിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആകെയുള്ള ജനസംഖ്യ തിട്ടപ്പെടുത്തുന്നതിനു് ഏതു തത്വങ്ങളാണൊ സ്വീകരിച്ചിട്ടുള്ളതു് അതേ തത്വങ്ങൾതന്നെയാണു് പട്ടികജാതിക്കാരുടേയും മലവർഗ്ഗക്കാരുടേയും കാര്യത്തിലും സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: പട്ടികജാതിക്കാരുടെ ജനസംഖ്യ.....

മി. സ്പീക്കർ: തുടർച്ചയായി ഇത്ര അധികം ചോദ്യങ്ങൾ ചോദിക്കുന്നതു ഈ അവസരത്തിൽ അനുവദനീയമല്ല. പ്രസ്താവന പൂർത്തിയായിക്കഴിഞ്ഞതിനു ശേഷം വേണ്ട വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കാവുന്നതാണു്.

ശ്രീ. ടി. കെ. നാരായണപിള്ള: ജനസംഖ്യ തിട്ടപ്പെടുത്തുന്ന വിഷയത്തിൽ ഈ ഗവണ്മെണ്ടിനു യാതൊരു അധികാരവുമില്ല. ആ സംഗതി ഞാൻ ഇവിടെ നേരത്തെ വായിച്ചുകേൾപ്പിച്ച നിയമത്തിലെ വ്യവസ്ഥകൊണ്ടുതന്നെ പ്രത്യക്ഷമാകുന്നുണ്ടു്. ആ അവകാശം ഇൻഡ്യൻ പ്രസിഡണ്ടിനാണുള്ളതു്. ഡിറക്ടർമിനേഷൻ ആഫ് പോപ്പുലേഷൻ ഓർഡർ എന്ന പേരിൽ ഒരു ഓർഡർ പ്രസിഡണ്ടു് പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം എന്റെ സ്നേഹിതൻ ശ്രീ. കൃഷ്ണൻശാസ്ത്രിക്കും അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ആ ഓർഡറിലെ വ്യവസ്ഥകൾ അനുസരിച്ചാണു് ജനസംഖ്യ തിട്ടപ്പെടുത്തുന്നതു്. അങ്ങിനെ ക്ലിപ്തപ്പെടുത്തുന്ന ജനസംഖ്യയുടെ അടിസ്ഥാനത്തിലാണു് സംസ്ഥാനിക നിയമസഭയിലും പാർലിമെണ്ടിലും ഏത്ര അംഗങ്ങളെ അയക്കണമെന്നു നിശ്ചയിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ആ ഓർഡറിന്റെ ഡേറ്റ് എന്നാണു് എന്നു പറയാമോ?

അതു് 1951 ഏപ്രിൽ 1 തീയതിയാണു്. നമ്മുടെ ഗസറ്റിൽ അതു പരസ്യം ചെയ്തിട്ടുണ്ടു്. ആകെയുള്ള ജനസംഖ്യ തിട്ടപ്പെടുത്തിയതു് ഏപ്രിൽ 1 തീയതിയാണു്. അതും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

അങ്ങനെ ഈ ഗവണ്മെണ്ടിൽനിന്നും സമർപ്പിച്ച റിപ്പോർട്ടിനെ പരിശോധിക്കുന്നതിനും, അവസാന ഭേദഗതികൾ വരുത്തുന്നതിനുമാണു് പാർലിമെന്ററി ഡീലിമിറ്റേഷൻ കമ്മിറ്റി ഇപ്പോൾ പ്രവർത്തിച്ചുവരുന്നതു്. ഈ കമ്മിറ്റിയുടെമുമ്പാകെ വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനു ഈ ഐക്യ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Thanu Pillai]

സംസ്ഥാനത്തുള്ള എല്ലാവക്കും അവകാശമുണ്ടായിരിക്കുന്നതാണ് ആ അവകാശത്തെ ആസ്പദമാക്കി പലരും ഇതിനകം നിവേദനം സമർപ്പിക്കുകയും മെമ്മോറാണ്ടം നൽകുകയും ചെയ്തിട്ടുണ്ട്.

ഈ വാദപ്രതിവാദ അവസരത്തിൽ നമുക്കു നമ്മുടെ ശ്രദ്ധയെ പതിപ്പിക്കേണ്ടതായിട്ടുള്ളതു പ്രധാനമായി രണ്ടു കാര്യങ്ങളിലാണ്. കേന്ദ്രഗവൺമെണ്ടിൽനിന്നും രണ്ടു കാര്യങ്ങളും സംബന്ധിച്ചു ഈ നിയമസഭയുടെ അഭിപ്രായം അറിയണമെന്നു ഞങ്ങളോടു, അതായതു് ഇവിടെ പ്രവർത്തനം ചെയ്യുവരുന്ന ഗവൺമെണ്ടിനോടു, ആവശ്യപ്പെട്ടിട്ടുണ്ട്. ആ രണ്ടുകാര്യങ്ങളും ഇതാണ്.

(ഏ) ഏതു തരത്തിലുള്ള നിയോജകമണ്ഡലമായിരിക്കണം. ഏകാംഗനിയോജകമണ്ഡലമായിരിക്കണമൊ, ബഹുഅംഗനിയോജകമണ്ഡലമായിരിക്കണമൊ? ഇതു സംബന്ധിച്ചു ഈ സഭയ്ക്കുള്ള അഭിപ്രായം എന്താണെന്നറിയണം. ഇതിനെപ്പറ്റി ഗവൺമെണ്ടാകട്ടെ ഡീലിമിറ്റേഷൻ കമ്മിറ്റിയാകട്ടെ, അവസാനമായ തീരുമാനങ്ങളും ചെയ്തിട്ടില്ലെന്നും, ഏകാംഗനിയോജകമണ്ഡലമായിരിക്കുമെന്നാലികമായി വിഭജനം ചെയ്യുവരുന്നതേയുള്ളുവെന്നും അവസാനതീരുമാനം ചെയ്യുന്നതിനുമുമ്പു എല്ലാ സ്റ്റേറ്റ് ഗവൺമെണ്ടുകളുടേയും അഭിപ്രായം അറിയുന്നതു എല്ലാവിധത്തിലും നന്നായിരിക്കുമെന്നുമാണ് കേന്ദ്രഗവൺമെണ്ടു് അറിയിക്കുന്നതു്.

(ഐ) ഏതു തരത്തിലുള്ള വോട്ടിംഗ് സമ്പ്രദായമാണു സ്വീകരിക്കേണ്ടതു്? സിംഗിൾ നാൺട്രാൻസറബിൾ വോട്ടവേണമൊ, അതോ ഡിസ്ട്രിബ്യൂട്ടീവ് വോട്ടവേണമൊ, അതല്ല കൂമിലേറ്റീവ് വോട്ടവേണമൊ എന്നുള്ള കാര്യത്തെപ്പറ്റിയും അഭിപ്രായം അറിയിക്കണം.

ശ്രീ. എ. താണുപിള്ള : കേന്ദ്രഗവൺമെണ്ടിൽനിന്നും ഈ കമ്മ്യൂണിക്കേഷൻ എപ്പോഴാണു കിട്ടിയതു്?

ശ്രീ. ടി. കെ. നാരായണപിള്ള : കുറച്ചുമുമ്പാണ് ഒന്നരണ്ടു മാസത്തിനു മുമ്പായിരിക്കണം.

ശ്രീ. എ. താണുപിള്ള : ഞാൻ ചോദിക്കുന്നതു വേറൊരു കാര്യംകൊണ്ടാണ്. ഈ എഴുത്തിൽ പറയുന്നതു്

"The Election Commission intimated that it has been decided that single member constituencies should be the general rule that as much plural member constituencies as may be necessary may be....."

എന്നാണ്. അപ്പോൾ ഏലക്ഷൻ കമ്മീഷണർ എഴുതി അയച്ചതു എപ്പോഴാണ്.

ശ്രീ. ടി. കെ. നാരായണപിള്ള : അതു ഏലക്ഷൻ കമ്മീഷണരുടെ നിർദ്ദേശങ്ങളാണ്. അല്ലാതെ അവസാന അഭിപ്രായമല്ല. ഇതു സംബന്ധിച്ചുള്ള അവസാന തീരുമാനം ഇൻഡ്യൻ പാർലിമെൻറാണു എടുക്കേണ്ടതു്.

ശ്രീ. എ. താണുപിള്ള : ഞാൻ ഏലക്ഷൻ കമ്മീഷണർ എഴുതി അയച്ച തീയതിയാണു ചോദിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള : തീയതിക്കു ഇവിടെ വലിയ സാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: No Sir, I wish to know the date. I merely sought the information. What business has the minister to say that it is irrelevant? It is an insult. The minister takes up a hostile attitude and says that it is quite irrelevant. He cannot say it is irrelevant. It was not in any condemnatory spirit that I asked.

Mr. Speaker: A statement is being made by the Minister. For eliciting information questions may, no doubt, be asked, but only as sparingly as possible till the statement is over. Date may be necessary for the member's purposes and the information, if available, may be supplied.

ശ്രീ. ടി. കെ. നാരായണപിള്ള: തീയതി അറിയിക്കാൻ വിഷമമൊന്നുമില്ല. റിക്കാർഡുകൾനോക്കി പറയണമെന്നേയുള്ളൂ. ഞാൻ ചോദ്യം ഇറലവൻറ് ആണ് എന്നു പറഞ്ഞില്ല. എന്നു സംബന്ധിച്ചിടത്തോളം തീയതി കൾക്കു സാംഗത്യമില്ലെന്നാണു ഞാൻ പറഞ്ഞതു്. അല്ലാതെ ചോദ്യകർത്താവിനോടു് ഏതെങ്കിലും വിധത്തിലുള്ള ബഹുമാനക്കുറവുകൊണ്ടു പറഞ്ഞതല്ല എന്നു എന്റെ മാന്യ സ്നേഹിതൻ ശ്രീ. പട്ടം താണുപിള്ളയെ അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

Sri. P. Balakrishnan Tampi: On a point of information. Is the honourable Chief Minister in order in taking up the time of this House in discussing the different idea of relevancy shown by the honourable Opposition Leader and the honourable Chief Minister?

Mr. Speaker: The member is in order as also the Minister.

ശ്രീ. ടി. കെ. നാരായണപിള്ള: ഇലക്ഷൻ കമ്മീഷണർ അയച്ചിട്ടുള്ളതു ചില നിർദ്ദേശങ്ങളാണു്. ആ നിർദ്ദേശങ്ങൾ അതേപടി പാർലിമെൻറ് സ്വീകരിക്കുവാൻ പോകുന്നുണ്ടോ ഇല്ലയോ എന്നു ഇപ്പോൾ തീരുമാനം ചെയ്യാൻ സമയമായിട്ടില്ല. ഏതായാലും ഈ സംഗതികളെ ആസ്പദമാക്കി സമീപകാലത്തുതന്നെ ഒരു ബിൽ പാർലിമെൻറിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്. അപ്പോൾ ഞാൻ മുമ്പുപറഞ്ഞ ആ രണ്ടു കാര്യങ്ങളെ സംബന്ധിച്ചു് ഈ നിയമസഭയുടെ അഭിപ്രായം ആരായേണ്ടതു് ആവശ്യമാണെന്നു കേന്ദ്രഗവൺമെണ്ടിനു തോന്നിയതുകൊണ്ടു് അങ്ങനെ അഭിപ്രായം ആരാഞ്ഞറിയിക്കണമെന്നു ഞങ്ങളോടാവശ്യപ്പെട്ടു. ഈ സഭ ഇവയെ സംബന്ധിച്ചു ചെയ്യുന്ന തീരുമാനം അതേപടി കേന്ദ്രഗവൺമെണ്ടിനെ അറിയിക്കുവാൻ ഈ ഗവൺമെണ്ടു ബാദ്ധ്യസ്ഥമാണു്. ഇതിനുമുമ്പു് ഇവിടെ പ്രവർത്തിച്ചിരുന്ന റിഫാംസു് കമ്മിറ്റി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പറയുമ്പോൾ സിംഗിൾ ഡിസ്ട്രിബ്യൂട്ടീവു് വോട്ടും ഏകാംഗമണ്ഡലസമ്പ്രദായവുമാണു സ്വീകാര്യമായി ഗണിച്ചിരുന്നതെന്നു കാണാവുന്നതാണു്. ഏതായാലും ഇതേസംബന്ധിച്ചു ഈ ഗവൺമെണ്ടു ഒരഭിപ്രായവും രൂപികരിച്ചിട്ടില്ല. മുമ്പൊരിക്കൽ ഈ ഗവൺമെണ്ടിന്റെ അഭിപ്രായം ആവശ്യപ്പെട്ടപ്പോൾ ഈ ഗവൺമെണ്ടു അറിയിച്ചതു് ബഹുഭംഗമണ്ഡലമായിരിക്കും നല്ലതെന്നാണു്. ഈവക കാര്യങ്ങളെ സംബന്ധിച്ചു വാദപ്രതിവാദംചെയ്തു ഒരു തീരുമാനത്തിലെത്തിച്ചേരുവാൻ സാധിക്കുന്നപക്ഷം നിശ്ചയമായും ആ തീരുമാനം കേന്ദ്രഗവൺമെണ്ടിനെ അറിയിക്കുന്നതാണു്. എന്നാൽ അവസാന തീരുമാനം ചെയ്യുവാനുള്ള പരമാധികാരം ഇൻഡ്യൻ പാർലിമെൻറിനാണു്.

എലക്ഷൻ കമ്മീഷണറുടെ നിർദ്ദേശം ഇവിടെ കിട്ടിയതു ഫെബ്രുവരി 10 മേയ് 2 0-ാംനു-യാണു്.

ഇത്രയും പറഞ്ഞുകൊണ്ടു ഈ മോഷൻ വാദപ്രതിവാദത്തിനായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Sri. P. Balakrishnan Tampi: On a point of information. I wish to know whether the Government is canvassing the support of this House or whether they will look into it and make necessary changes and send up the amendments to renew the proposals already sent to the Central Government ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിനു ഇനി ഇക്കാര്യത്തിൽ യതൊന്നുംതന്നെ ചെയ്യാൻ അധികാരമില്ല. ഈ ഗവമ്മെണ്ടിനു ഒരു റിപ്പോർട്ട് സമർപ്പിക്കുവാനുള്ള അവകാശം മാത്രമേ ഉണ്ടായിരുന്നുള്ളു. ആ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു. ഒരു തുറന്ന മനസ്ഥിതിയോടുകൂടിയാണു് ഈ ഗവമ്മെണ്ടു് ഈവക കാര്യങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളതു്. കേന്ദ്രഗവമ്മെണ്ടാണു് ഇനിയെന്തെങ്കിലും ചെയ്യേണ്ടതു്.

Sri. P. Balakrishnan Tampi: May I ask the Hon'ble Chief Minister what this discussion is indended for? Is it just to the test debating capacity of this House or whether he is going to send up any recommendation? I wish to know what purpose is there in the discussion of this House.

ശ്രീ. ടി. കെ. നാരായണപിള്ള: അതു എന്റെ പ്രസംഗത്തിൽതന്നെ പറഞ്ഞിരുന്നു. ഈ സഭ ഇതിനെസംബന്ധിച്ചു എന്തെങ്കിലും തീരുമാനം ചെയ്യുന്ന പക്ഷം ആ തീരുമാനങ്ങളെ കേന്ദ്രഗവമ്മെണ്ടിനെ അറിയിക്കുന്നതാണു്. എന്റെ പ്രസംഗത്തിലെ ആ ഭാഗം എന്റെ സ്നേഹിതൻ കേൾക്കാതെ പോയതിൽ വ്യസനിക്കുന്നു.

Sri. P. Balakrishnan Tampi: It is not my fault, Sir.

ശ്രീ. സി. സി. പ്രസാദ്: കേന്ദ്രഗവമ്മെണ്ടിന്റെ നിർദ്ദേശം അനുസരിച്ചാണു് ഇവിടെ ഷെഡ്യൂൾഡ്കാസ്റ്റിന്റെ പോപ്പുലേഷൻ കണക്കാക്കിയിക്കുന്നതെന്നും മറ്റും പ്രധാനമന്ത്രി പറയുകയുണ്ടായി. എന്നാൽ ഗവമ്മെണ്ടു് ഇന്നയിന്ന സമുദായങ്ങളെ ഷെഡ്യൂൾഡ് കാസ്റ്റായിട്ടു അംഗീകരിക്കേണ്ടതാണെന്നു നിർദ്ദേശിച്ചിരിക്കെ, അവരുടെ ജനസംഖ്യ കണക്കാക്കുന്നതിൽ ഫാർഫാലെ സെൻസസ് റിപ്പോർട്ടിലെ കണക്കുകൾ സ്വീകരിക്കുന്നതിനു് വല്ല കാരണവുമുണ്ടോ?

The house rose for lunch at 1 p.m. and reassembled at 2 p. m. with Mr. Speaker in the Chair.

ശ്രീ. ടി. കെ. നാരായണപിള്ള: വോട്ടറന്മാരെ സംബന്ധിച്ചിടത്തോളം ആദ്യത്തെ ലിസ്റ്റു് അനുസരിച്ചു ഇവിടെ മുപ്പത്തിഏഴു് ലക്ഷത്തിൽ ചിലപ്പോൾ വോട്ടറന്മാരാണു് ഉണ്ടായിരുന്നതു്. അതിനുശേഷം ഇവിടെ നാല്പതോളം ലക്ഷത്തിൽ ചിലപ്പോൾ വോട്ടറന്മാർ ഉണ്ടെന്നു കണക്കുകൊണ്ടു കണ്ടിരിക്കുന്നു. കൊച്ചിയെ സംബന്ധിച്ചിടത്തോളം മുൻപു മുതൽക്കുതന്നെ അവിടത്തെ സംപ്രദായം വേറെ ഒരു രീതിയിലാണു്. അവിടെ ഇലക്ഷൻ കമ്മിഷൻ ആണ്ടുതോറും വോട്ടന്മാരുടെ ലിസ്റ്റു് എടുത്തു കൊണ്ടിരിക്കയാണു്.

ശ്രീ. ആർ. ശങ്കർ: എന്നിരുന്നാലും മുപ്പത്തിഏഴു ലക്ഷവും നാല്പത്തിഏഴു ലക്ഷവും തമ്മിലുള്ള ഒരു വലിയ വ്യത്യാസം വന്നതെങ്ങനെ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രാഥമിക ലിസ്റ്റിൽ ഉള്ള വോട്ടറന്മാരല്ല പിന്നത്തെ കണക്കുകൊണ്ടു കാണാൻ സാധിച്ചതെന്നു് ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: വോട്ടറന്മാരുടെ ലിസ്റ്റിൽ പട്ടിക ജാതിക്കാർ ആകെ എത്രപേരുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപ്പിള്ള: പട്ടികജാതിക്കാർ ആകെ എട്ടുലക്ഷത്തിൽ ചിലപ്രാസം ഉണ്ടെന്നാണ് പ്രസിദ്ധണ്ട്", അവർകളിൽനിന്നും അറിയാൻ ഇടയായതു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഏതെല്ലാം സമുദായത്തിൽ ഉൾപ്പെട്ടവരാണ് ഈ പട്ടികജാതിക്കാർ എന്നു ദയവായി പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഷെഡ്യൂൾ കാസ്റ്റ് അനുസരിച്ചാണ് ഇതുയും ആളുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നു് എനിക്കു പറയാൻ സാധിച്ചതു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: എന്റെ ചോദ്യം അതല്ലാ ഏതെല്ലാം സമുദായക്കാരാണ് ഈ പട്ടികജാതിക്കാർ?

ശ്രീ. ടി. കെ. നാരായണ പിള്ള: ഓരോ സമുദായത്തിലും ഇത്ര ഇത്ര പട്ടികജാതിക്കാർ വോട്ടറന്മാരായിട്ടു ഉണ്ടെന്നുള്ളതു് ലിസ്റ്റിൽ പരസ്യം ചെയ്തിട്ടുണ്ടു്. അതനുസരിച്ചാണ് ഈ സംഖ്യ വന്നിട്ടുള്ളതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: മുപ്പത്തൊമ്പതു സമുദായങ്ങൾ പട്ടികജാതിയിൽ ഉൾപ്പെട്ടുമെന്നു് കണക്കുകൊണ്ടു കാണാൻ സാധിക്കും. ഇതിൽ വല്ല വ്യതിയാനവും വരുമോയെന്നാണ് എന്റെ സംശയം?

ശ്രീ. ടി. കെ. നാരായണപിള്ള: മെമ്പറിന്റെ അറിവിനായി എതെല്ലാം സമുദായങ്ങളാണെന്നു് എന്റെ കൈവശമുള്ള ഒരു ലിസ്റ്റു നോക്കി വായിക്കാം.

അയ്യനവർ	പാണൻ
പരവർ	മറവൻ
കാക്കാലൻ	പറയൻ
വേട്ടുവർ	പതിയൻ
കുറവർ	വേലൻ
മണ്ണാൻ	പറമണ്ണാൻ
നായാടി	ശാന്തനവർ
പെരുമണ്ണാൻ	ഉള്ളാടൻ
മുതുവൻ	ഉഴരാളി
പുലയർ	വണ്ണാൻ
പുലവർ	

മുതലായ സമുദായങ്ങളാണ്.

ശ്രീ. ശ്രീ. വി. കാണ്ട: எந்த தத்துவத்தின் அடிப்படையில் செங்கோட்டை இரண்டாகப் பிரிக்கப்பட்டது ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഞാൻ മുമ്പുതന്നെ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്.

ശ്രീ. സി. സി. പ്രസാദ്: ഷെഡ്യൂൾ കാസ്റ്റിന്റെ ആകെപ്പാടെയുള്ള വോട്ടന്മാരുടെ സംഖ്യയാണ് എട്ടുലക്ഷത്തിൽ ചിലപ്രാനമെന്നു് പറഞ്ഞതു്. എന്നാൽ ഓരോ സമുദായത്തിലും എത്ര വോട്ടറന്മാരുണ്ടെന്നു് പറയാൻ സാധിക്കുമോ?

മിസ്റ്റർ സ്പീക്കർ: പൊതുവിവരങ്ങൾ അറിയാൻവേണ്ടി ചോദിക്കുകയെന്നല്ലാതെ വിശദാംശങ്ങളെപ്പറ്റിയുള്ള ചോദ്യങ്ങൾ അനുവദിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ചില പ്രത്യേക താലൂക്കുകൾ അനുസരിച്ചാണ് ജനസംഖ്യ കണക്കാക്കുന്നത്. ഫർസൻ്റെജ് കണക്കിൽ ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. അതനുസരിച്ച് ഷെഡ്യൂൾ കാസ്റ്റിനെ സംബന്ധിച്ചിടത്തോളം എട്ടുലക്ഷത്തിൽ ചിലപ്പോൾ അല്ലെങ്കിൽ വ. ന്യൂനപക്ഷം ആളുകൾ ഉണ്ടെന്ന് കണക്കുകൊണ്ട് കാണുന്നു.

ஸ்ரீ. ஸ்ரீ. வி. தாஸ்: செங்கோட்டை தாலுகாவில் எத்தனை சதமானம் தமிழர்கள் இருக்கிறார்களென்று சொல்லமுடியுமா?

ஸ்ரீ. டி. கெ. நாராயணபிள்ளை: சொல்லமுடியாது.

Mr. Speaker: Motion moved and seconded 'that the delimitation proposals be taken into consideration'.

ശ്രീ. സി. വി. ഇയ്യു: സർ, ഡിലിമിറ്റേഷൻ അനുസരിച്ച് വിഭജിക്കപ്പെട്ട നിയോജകമണ്ഡലങ്ങളെ സംബന്ധിച്ച് ചില പ്രധാന കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആലോചിക്കുന്നു.

മിസ്റ്റർ സ്പീക്കർ: ചീഫ് മിനിസ്റ്റർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രപ്പോസലിനെപ്പറ്റി രണ്ടുമൂന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ ചില ഭേദഗതികൾ കൊണ്ടുവരാൻ ഹാജരാക്കിയിട്ടുണ്ട്. ആ ഭേദഗതികളും ഉൾപ്പെടുത്തി വാദപ്രതിവാദം നടത്താവുന്നതാണ്. ആദ്യത്തെ ഭേദഗതി ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയുടേതാണ്.

Sri. K. P. Nilakanta Pillai: I move: "Add at the end" and that a commitee composed of Sri. A. Nesamony, Sri. R. Sankar, Sri. A. Thanu Pillai, Sri. C. V. Iyyu and the hon'ble Sri. T.K. Narayana Pillai be constituted to make the necessary changes in the proposals to be forwarded to the Election Commissioner and the Parliamentary Committee".

സർ, ഇതാണ് എന്റെ ഭേദഗതി. ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതിനു പല കാരണങ്ങളും ഉണ്ട്. ഇപ്പോൾതന്നെ ഞങ്ങളുടെ മുമ്പിൽ അച്ചടിച്ചുവച്ചിട്ടുള്ള ചില രേഖകളെപ്പറ്റി അല്ലെങ്കിൽ സാധനങ്ങളെപ്പറ്റി പറയുകയാണെങ്കിൽ മന്ത്രിസഭയിലെ അംഗങ്ങൾ പറയും, രാഷ്ട്രീയമായിട്ട് മുതലെടുക്കുന്നതിനുവേണ്ടിയാണ് ഇത്തരം പ്രസംഗങ്ങൾ തട്ടിവിടുന്നത് എന്ന്. സർ, ഇവിടെ ഞങ്ങൾക്കു തന്നിരിക്കുന്നതായ അച്ചടിച്ച കടലാസുകൾ എന്തിനുവേണ്ടിയാണെന്നോ ഏതു പ്രസ്സിൽ അച്ചടിച്ചതാണെന്നോ അറിയാൻ പാടില്ല. താലൂക്കുവാർലിസ്റ്റ് ഒന്നുണ്ട്, പകുതിവാർ ലിസറ്റ് വേറെ ഒന്നുണ്ട്, ഓരോന്നിലും ജനസംഖ്യയും ഡീലിമിറ്റേഷൻ ചെയ്തതനുസരിച്ച് കാണിച്ചിട്ടുമുണ്ട്. എന്നാൽ ജനസംഖ്യ സംബന്ധിച്ചിടത്തോളം അച്ചടിച്ചു തന്നിരിക്കുന്ന ലിസ്റ്റിൽ ഒരു കണക്ക്, റിപ്പോർട്ടിൽ മറ്റൊരു കണക്ക്. ഇതിൽ തെറ്റേത്, ശരിയേത് എന്ന് വായിക്കുന്നവർക്കു തന്നെ മനസ്സിലാകുന്നില്ല. ഒന്നുകിൽ ജനസംഖ്യ തെറ്റായിരിക്കണം അല്ലെങ്കിൽ ഡീലിമിറ്റേഷൻ ചെയ്തതനുസരിച്ചുള്ള കണക്കുകൾ തെറ്റായിരിക്കണം. ഏതായാലും ഇതു രാഷ്ട്രീയമായിട്ടുള്ള ഒരു മുതലെടുപ്പുതന്നെയാണ്. സർ, ഇവിടെ ഒരു പെർപ്പോസൽ ആണെന്നും പറഞ്ഞു അച്ചടിച്ച കടലാസ് ഞങ്ങൾക്കു തന്നിട്ടുണ്ട്. ആ കടലാസു എന്തു ആവശ്യത്തിനു വേണ്ടിയാണെന്നുംകൂടി മനസ്സിലാകുന്നില്ല. അതു ഞാനൊന്നു ഇവിടെ വായിക്കാം. I move that the proposals of this Government for the delimitation of constituenceis under the new constitution of India for purposes of

LIBRARY ARCHIVES Kerala Legislative Assembly

election to the Legislative Assembly of the State and to the House of People be taken into consideration.

ഈ കടലാസ്സ് ഞങ്ങളുടെ കൈയിൽ തന്നതിനുശേഷം അദ്ദേഹം അതായതു ചീഫ്മന്ത്രി അവർകൾ ഇതിനെപ്പറ്റി ഒരു പ്രസംഗം ചെയ്യുകയാണ് ഉണ്ടായതു്. പ്രൊപ്പോസിലിനെപ്പറ്റി ആണെന്നു പറഞ്ഞുകൊണ്ടു പുറപ്പെടുവിച്ച പ്രസ്താവനയിൽ അടങ്ങിയിട്ടുള്ള തത്വങ്ങൾ എന്തെല്ലാമാണെന്നു് കണ്ടുപിടിക്കുവാൻ ഞങ്ങൾ ഒരു ശ്രമംതന്നെ നടത്തേണ്ടിവന്നു. ഇംഗ്ലീഷിൽ അച്ചടിച്ചു കൈയിൽതന്ന ഈ കടലാസ്സ് വോട്ടിംഗിനെ സംബന്ധിച്ചാണോ, അല്ലെങ്കിൽ നിയോജക മണ്ഡലവിഭജനത്തെ സംബന്ധിച്ചാണോ, നിയോജക മണ്ഡലവിഭജനത്തിൽ ഒറ്റ വോട്ട് സമ്പ്രദായമാണോ അതോ ബഹു. മെമ്പർ വോട്ടിംഗ് സമ്പ്രദായമാണോ എതാണെന്നു് ഒന്നും മനസ്സിലാകുന്നില്ല. എതായാലും ഏകാംഗനിയോജകമണ്ഡലം വേണമെന്നു് തീരുമാനിച്ചു കഴിഞ്ഞ സ്ഥിതിക്കു് അതിനടയിൽ വേറെ വല്ല കുഴപ്പവും വലിച്ചിടാൻ പോകുന്നുവോ എന്നും സംശയിക്കുന്നുണ്ടു്. തെരഞ്ഞെടുപ്പു സംബന്ധിച്ചു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തുള്ള പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിനു് ഇൻഡ്യാഗവമെൻറിൽനിന്നുമാണു് ആവശ്യപ്പെട്ടിട്ടുള്ളതെങ്കിൽ ഈ കാണുന്നതെല്ലാം ഒരു മാതിരി വേലത്തരമാണെന്നു് തോന്നുന്നു. തളിയത്തു കമ്മിറ്റിയെന്നും പറഞ്ഞു ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ടു്. അതുതന്നെ ഉപയോഗശൂന്യമായ രീതിയിലാണു് പ്രവർത്തിച്ചിട്ടുള്ളതു്. അവരുടെ റിപ്പോർട്ടു് ഒരു കാരണവശാലും വെളിയിൽ കാണിക്കാൻ കൊള്ളുകയില്ല. ഗവമ്മെണ്ടിനെ കുറ്റം പറയാനായിട്ടു് ഞാൻ ഒരുങ്ങി നിൽക്കുന്നു എന്നു വിചാരിക്കേണ്ട. എതു് ഗവമ്മെണ്ടു കുറ്റം ചെയ്തിരുന്നാലും അവയെ വെളിച്ചത്തുകൊണ്ടുവന്നു് തിരുത്തേണ്ടതു് ഓരോ മെമ്പറിൻെറ കടമയാണു്. രാഷ്ട്രീയമായിട്ടു് അതായതു രേണുക്കടത്തെ സംബന്ധിച്ചിടത്തോളം പ്രാതിനിധ്യവിഭജനം ശരിയായി നടത്തേണ്ട ഒരു കാര്യമാണു്. ഈ കാര്യത്തിൽ എത്രത്തോളം ന്യായമായി പ്രവർത്തിക്കാമോ അത്രത്തോളം നാം പ്രവർത്തിക്കേണ്ടതായിട്ടുണ്ടു്. ആ പ്രവർത്തി ഇൻഡ്യാഗവമ്മെൻറും മറ്റു ഗവമ്മെൻറുകളും മനസ്സിലാക്കണം. അതൊന്നും ചെയ്യാതെ ആക്കും മനസ്സിലാകാത്ത രീതിയിൽ ഒരു പ്രപ്പോസലും ഒരു പ്രസംഗവുംകൊണ്ടു് എനിക്കു അവയെ സ്വാഗതം ചെയ്യാൻ നിവൃത്തിയില്ല. ഞങ്ങൾക്കു വിതരണം ചെയ്തിരിക്കുന്ന കടലാസ്സ് അനുസരിച്ചു നിയോജകമണ്ഡലം രൂപീകരിക്കുന്നുയെങ്കിൽ തന്നെ അതുകൊണ്ടു് യാതൊരു ഫലവും, നാം ആശിക്കുന്ന വിധത്തിലുള്ള യാതൊരു ഫലവും ഉണ്ടാകാൻ പോകുന്നില്ല. സർ, ഇവിടത്തെ എലക്ഷൻ കമ്മിറ്റിയിൽനിന്നും പാസ്സാക്കിയിട്ടുള്ള റിപ്പോർട്ടുകളെ സംബന്ധിച്ചു ഞാൻ ഇൻഡ്യാഗവമ്മെൻറിലേക്കു് എഴുതി അയച്ചിട്ടുണ്ടായിരുന്നു. അതായതു ചീഫ് കമ്മീഷനോടു ഞാൻ ഈ കാര്യത്തെപ്പറ്റി എഴുത്തുകുത്തു് നടത്തുകയുണ്ടായി. നിയോജകമണ്ഡല രൂപീകരണം സംബന്ധിച്ചു യാതൊരു കുഴപ്പവും ഉണ്ടാകാൻ പാടില്ലെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു ഞാൻ അദ്ദേഹത്തിനു അപേക്ഷ അയച്ചിട്ടുള്ളതു്.

അതിനു ശേഷം ഇലക്ഷൻ സംബന്ധിച്ചു് ചില നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ലറ്റർ ചീഫ്സിക്രട്ടറിയിൽ നിന്നുംകിട്ടി. ഇതെന്തിനാണെന്നോ ആരുടെ നിർദ്ദേശം അനുസരിച്ചു് അയച്ചതാണെന്നോ ഒന്നും ലറ്ററിൽ നിന്നും അറിയാൻ സാധ്യമല്ല. ഒരു ഇരുപത്തഞ്ചു കൊല്ലങ്ങൾക്കിപ്പുറം ഇത്ര മോശമായ ഒരു ഗവമ്മെണ്ടു് ഇവിടെ function ചെയ്തതായി അറിവില്ല. ആകെവോട്ടാണെങ്കിൽ നമ്മുടെ ലക്ഷത്തിനു ഇപ്പോൾതന്ന സ്റ്റേറ്റുമെൻറനുസരിച്ചു് നാല്പ

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. P. Nilakantha Pillai]

ത്തിരണ്ടു ലക്ഷമായി. അപ്പോൾ ൫ സീറ്റുകൂടി വേണം. ഈ ഫിഗേഴ്സ് ഇങ്ങനെ പെട്ടെന്ന് കൂടിയതെങ്ങനെയെന്ന് എനിക്കറിഞ്ഞുകൂടാ. എത്രത്തോ വാദിതപ്രത്തോടുകൂടിയാണ് ഈ ഗവൺമെണ്ടു് ഈ ഫിഗേഴ്സ് സ്വീകരിച്ചതെന്നു് ഞാൻ ചോദിക്കുന്നു. ഇവിടെ കോൺസ്റ്റിറ്റ്യൂവൻസി തിരിച്ചുവച്ചിരിക്കുന്നതിനെസംബന്ധിച്ചാണെങ്കിൽ അതു വളരെ വിചിത്രമാണു്. ഞാൻ പറയുന്നതിനെ നല്ലവണ്ണം മനസ്സിലാക്കിവേണം ഒടുവിൽ ഗവൺമെണ്ടുഭാഗത്തുനിന്നും മറുപടിപറയുവാൻ എന്നു ഞാൻ അപേക്ഷിക്കുന്നു. ഞാൻ ഇവിടെ ഒന്നു പറയും അതിനെ മനസ്സിലാക്കാൻ സാധിക്കാതെയോ അതോ മനഃപൂർവമായിട്ടോ ഞാൻ പറയാത്തതിനേയും പറഞ്ഞു എന്നു വച്ചുകൊണ്ടു് വേറൊരു വിധത്തിൽ മറുപടി പറയുകയാണു് പതിവു്. അതുകൊണ്ടു് ഞാൻ പറയുന്നതു്, പറയുന്നതിനെ നല്ലവണ്ണം മനസ്സിലാക്കിയിട്ടുവേണം അവർ എന്തെങ്കിലും മറുപടിപറയുവാൻ എന്നാണു്. ഞാൻ ഇവിടെ ഫുഡ്പ്രൊഡക്ഷനെ സംബന്ധിച്ചു് പറഞ്ഞു. കൺട്രോൾ പാളിസിയെപ്പറ്റി പറഞ്ഞു. ഇവിടത്തെ ഗവൺമെണ്ടിനു് ഈ കാര്യങ്ങളെല്ലാം സാമർത്ഥ്യത്തോടുകൂടി കൈകാര്യം ചെയ്യാൻ സാധ്യമല്ലെന്നു് ഞാൻ ക്ലീയറായിട്ടുപറഞ്ഞു.

Mr. Speaker: The member cannot make any reference to that.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഞാൻ ഇങ്ങനെയൊക്കെ ഡീലിമിറ്റേഷനെപ്പറ്റി, പറയും. ഒടുവിൽ അഡൽറ്റ് ഫ്രാഞ്ചൈസ് വേണ്ടെന്നു ഞാൻ പറഞ്ഞു എന്നു് ഒരു പ്രസംഗം വരും. അതുകൊണ്ടാണു് ഞാൻ പറയുന്നതു് ക്ലീയറായി മനസ്സിലാക്കിയിട്ടു് വേണമെന്നു പറയുന്നതു്. ഞങ്ങൾക്കു് ഡീലിമിറ്റേഷൻ വേണം കോൺസ്റ്റിറ്റ്യൂവെൻസി തിരിക്കണം. ഇലക്ഷൻ വേണം, ഇതൊക്കെ വേണം, എന്നാൽ അതു് ശരിയായ രീതിയിൽ വേണമെന്നേ ഞങ്ങൾ പറയുന്നുള്ളൂ. ഇതിനെല്ലാം ഒരു വ്യക്തമായ നില വേണം. ഈ കോൺസ്റ്റിറ്റ്യൂവെൻസി തിരിക്കുന്ന വിഷയത്തിൽ താലൂക്കുകളെ ഇങ്ങനെ സ്പ്ലിറ്റ് ചെയ്തിരിക്കുന്നതു് എന്തിനാണു്? ഉദാഹരണമായി ഒരു കാര്യം പറയാം. നെയ്യാറ്റിൻകര–ചിറയിൻകീഴ് നിയോജകമണ്ഡലം തിരിച്ചിരിക്കുന്നതിനെപ്പറ്റി പറഞ്ഞാൽ ഇതു് എത്രാവശ്യത്തിലേയ്ക്കാണു് ആക്കു്വേണ്ടിയാണു് ഇങ്ങനെ ചെയ്തിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. നെയ്യാറ്റിൻകര താലൂക്കിൽ കരമനല്ലൂർ പകുതിഎന്നൊരു പകുതിയുണ്ടു്. അതിൽ കുറഞ്ഞപക്ഷം വോട്ടേർസ് നാലായിരം പേരോ അയ്യായിരം പേരോ ഉണ്ടായിരിക്കും. ഈ പകുതിയെ നെയ്യാറ്റിൻകര താലൂക്കിൽ നിന്നും വേർപെടുത്തിയാലും ഇല്ലെങ്കിലും തരക്കേടുവരാനിടയില്ല. ഈ പകുതിയെ നെടുമങ്ങാടിനോടു ചേർത്തു. തിരുവനന്തപുരത്തുനിന്നും മേൽ തോന്നക്കൽ പകുതിയെ ചിറയിൻകീഴിനോടു ചേർത്തു. ചിറയിൻകീഴ് താലൂക്കിൽനിന്നും പുളിമാത്തു്, പഴയകുന്നുമ്മേൽ ഈ പകുതികളെ നെടുമങ്ങാട്ടോടുചേർത്തു. ഇങ്ങനെ ഒരു അവിയൽപരുവത്തിലാണു് കോൺസ്റ്റിറ്റ്യൂവൻസി ഉണ്ടാക്കിയിരിക്കുന്നതു്. ഇതിനെന്തുദ്ദേശമാണുള്ളതെന്നു എനിക്കു് മനസ്സിലാകുന്നില്ല. ആരെയും പ്രീതിപ്പെടുത്താനല്ല. അങ്ങനെ വന്നുപോയി അത്രേയുള്ളൂ. അതുപോലെതന്നെ ചെങ്കോട്ടത്താലൂക്കിന്റെയും സ്ഥിതി. അതിൽ അറുപത്തീരായിരം ജനസംഖ്യ ഉണ്ടായിരിക്കണം. ഇവിടെ അതിനെ വെട്ടിമുറിച്ചു് അതിൽ ഒരു പകുതിയിലെ ൨൦൦൦ കൊണ്ടു് ഗുണിച്ചു് എടുത്താൽ താലൂക്കിലെ ജനസംഖ്യ ൪൭,൦൦൦ കിട്ടും. അതിൽ ചെങ്കോട്ടത്താലൂക്കിലെ ഏഴുപകുതികളെടുത്തു് പത്തനാപുരം താലൂക്കിലും പത്തനാപുരം താലൂക്കിലെ രണ്ടുപകുതികളെ ചെങ്കോട്ടയിലും ചേർത്തു് രണ്ടു നി

LIBRARY ARCHIVES Kerala Legislative Assembly

യോജകമണ്ഡലങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. ഇതിന്റെ മുക്കേ ആവശ്യം എന്താണു്. എന്തു തത്വമനുസരിച്ചാണു് ഇതു് ചെയ്തിരിക്കുന്നതു്? എന്നിട്ടു് ഇവിടെവന്നു് ഗണ്ഡൻ കിലുക്കിമാൻവെട്ടി പ്രസംഗം. അതുപോലെയായിരുന്നു പ്രവൃത്തിയെങ്കിൽ വേണ്ടില്ലായിരുന്നു. പ്രവൃത്തിക്കും പ്രസംഗത്തിനും തമ്മിൽ ഒരു ഐകരൂപ്യവുമില്ല. എന്റെ കോൺസ്റ്റിറ്റ്വൻസിയെക്കുറിച്ചാണെങ്കിൽ അതും ഇതുപോലെതന്നെ. തിരുവനന്തപുരത്തിൽനിന്നും ഒരു പകുതിയെടുത്തു് ചിറയിൻകീഴിലേക്കു് മാറ്റി. ചിറയിൻകീഴിൽനിന്നു കുറെ എടുത്തു് കൊല്ലത്തേക്കു് മാറ്റി. കരുനാഗപ്പള്ളിയിൽനിന്നും കുറെ സ്ഥലങ്ങൾ എടുത്തു് അതും കൊല്ലത്തേക്കു് മാറ്റി. പിന്നിട്ടു് നെയ്യാറ്റിൻകര, തിരുവനന്തപുരം, ചിറയിൻകീഴ്, മാവേലിക്കര, കൊട്ടാരക്കര, കുന്നത്തൂർ, പത്തനാപുരം ചെങ്കോട്ട ഈ താലൂക്ക ഭാഗങ്ങളെ ചേർത്തു് വലിയ ഒരു കോൺസ്റ്റിറ്റ്വൻസി, വ ൦ മൈൽ നീളത്തിലും ന്യ ൦ മൈൽ വീതിയിലും. ഇതൊക്കെ ഏതുതത്വത്തിന്മേലാണെന്നാണു് ഞാൻ ചോദിക്കുന്നതു്. ലക്കുള്ളവരാരും ഇങ്ങനെ ചെയ്കയില്ല. തിരുവനന്തപുരം ഡിവിഷനു് ഇപ്പോൾ ൨൫ മെമ്പറെ കിട്ടാൻ അവകാശമുണ്ടു്. എന്നാൽ ൨൪ മാത്രമെ കൊടുത്തിട്ടുള്ളൂ. കൊല്ലം ഡിസ്ട്രിക്ടിൽ ൧൫ പേരെ കിട്ടണം. എന്നാൽ ൧൪ മാത്രമാണു് കൊടുത്തിട്ടുള്ളതു്. കൊച്ചിയെപ്പറ്റി പറഞ്ഞാൽ അതു വഴക്കായിത്തീരും. അവിടെ ൨൩ സീറ്റിനേ അവകാശമുള്ളൂ. അവിടെ ൨൫ സീറ്റു് കൊടുത്തിട്ടുണ്ടു്. ഇതാണു് ഞാൻ ചോദിച്ചതു് ഈ പ്രപ്പോസൽസ് കൊടുക്കുന്നതിനുമുൻപു് ഞങ്ങളോടുകൂടെ ഒന്നാലോചിക്കരുതായിരുന്നോ എന്നു്. ഇതൊന്നും പാർട്ടിപ്രശ്നമാക്കരുതെന്നാണു് ഞാൻ പറയുന്നതു്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടു് യാതൊരു ഉപയോഗമില്ലാത്തതാണെന്നു പറയുന്നതിനു എനിക്കു് യാതൊരു മടിയുമില്ല. ഈ പാർട്ടി നിയമിച്ച മറ്റു കമ്മിറ്റികളെല്ലാം പോലെതന്നെ ഇതും നിരുപയോഗമായ ഒന്നാണു്. അതുകൊണ്ടു് ഞാൻ പറയുന്നതു് ഗവൺമെൻറു് ഈ കാര്യങ്ങൾ നല്ലതുപോലെ മനസ്സിലാക്കി എന്റെ ഭേദഗതിഅനുസരിച്ചു് പ്രവർത്തിച്ചു് അതനുസരിച്ചുള്ള റിപ്പോർട്ടു് രണ്ടുദിവസത്തിനകം ഇലക്ഷൻ കമ്മീഷണർക്കു് അച്ചുകൊടുക്കാൻ സാധിക്കുന്നതാണു്. അങ്ങനെചെയ്യുന്നതുകൊണ്ടു യാതൊരു ഫലവുമില്ലെന്നു പറയുകയാണെങ്കിൽതന്നെയും ഏതായാലും അവരെ ഒന്നറിയിക്കുക, പിന്നെ അവർ ചെയ്തില്ലെങ്കിൽ വേണ്ട എന്നു വയ്ക്കാം. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു് ഒരു ദോഷവും വരാനില്ല, ഈ ഭേദഗതി സ്വീകരിക്കണമെന്നു് അറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു ഞാൻ അവതരിപ്പിക്കുന്നതായ ഈ ഭേദഗതിയെക്കുറിച്ചു് ചിലകായ്യങ്ങൾകൂടി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുപോലെതന്നെ അഞ്ചുപേരടങ്ങിയ ഒരു കമ്മിറ്റിയെ ഈ സഭയിൽനിന്നു നിയമിക്കുകയും, ആ കമ്മിറ്റിക്കു കൂടുതലായി ചില നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യണമെന്നുള്ളതാണു് എന്റെ ഭേദഗതിയുടെയും ഉദ്ദേശം. ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു്.

Add the following after the word "consideration".—

"and a Committee consisting of the following gentlemen representing the different shades of opinion in the State be constituted to suggest to the authorities desirable changes of the constituencies embodied in the said proposals on the following lines.—

1. Form constituencies with taluks as basis.

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

2. If the excess population in a taluk is more than half required for a constituency the deficiency may be made up from the contiguous pakuthi or portion of a pakuthi of the adjoining taluk and if it is less than half it may be tacked on to the contiguous area of an adjoining taluk, if need be.

3. Constituences should be so formed that they shall lie within well definen, natural and geographical boundaries.

1. Sri. T. K. Narayana Pillai
2. Sri. A. Nesamony
3. Sri. R. Sankar
4. Sri. Pattom A. Thanu Pillai
5. Sri. C. V. Iyyu".

ഈ അഞ്ചുപേർ അടങ്ങിയ ഒരു കമ്മിറ്റി ഇതിന്റെ പ്രവർത്തനം നടത്തണമെന്നാണ് ഞാൻ പറയുന്നതു്. താലൂക്കുകളുടെ അടിസ്ഥാനത്തിൽ നിയോജകമണ്ഡലങ്ങൾ ഉണ്ടാക്കേണ്ടതു് ഏറ്റവും വലിയൊരു അത്യാവശ്യമായിരിക്കുന്നുവെന്നാണു്. ചരിത്രപരമായും ഭൂമിശാസ്ത്രപരമായും പ്രകൃതിയുടെ പ്രത്യേകം ചില അതിർത്തികൾ കണക്കാക്കി നോക്കിയാലും അനേകം നൂറ്റാണ്ടുകളായി ഇവിടെ താലൂക്കുകളുടെ വിഭജനം നിലനിന്നുപോരുന്നുണ്ടു്. ഫ്രെഞ്ചുകാർ അതായതു് ഫോർട്ട് വർഷം മുമ്പു് തിരുവിതാംകൂർ വിഭിന്നമായിരുന്ന അവസരത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവു് അന്നുണ്ടായിരുന്ന ചെറിയ ചെറിയ രാജ്യങ്ങളെയെല്ലാം ജയിച്ചു തിരുവിതാംകൂറിലെ താലൂക്കുകൾക്കെല്ലാം ഒരു ഏകീകരണം കൊടുക്കുകയാണുണ്ടായിട്ടുള്ളതു്. അങ്ങിനെ അതേ നിലതന്നെ ഇന്നും നില നിർത്തിക്കൊണ്ടാണു് വന്നിട്ടുള്ളതു്. കൊച്ചിയിലെ പതിവും അങ്ങിനെ തന്നെയായിരുന്നു.

ഈ താലൂക്കുകളിലുള്ള ജനങ്ങൾക്കെല്ലാം തലമുറതലമുറകളായി ഒരു ബന്ധംതന്നെയുണ്ടു്. പരമ്പരയായി ഉള്ള താലൂക്കുകളുടെ അതിർത്തിനിർണ്ണയത്തിനു —മിത്രഭാവത്തിൽ കഴിഞ്ഞുകൂടിയിരുന്ന ജനങ്ങൾക്കു്—ഒരു പുതിയ പരിവർത്തനം വരുത്തുകയെന്നുള്ളതു് വളരെ കഷ്ടതരമാണു്. ഇതുപോലെ ഒഴിച്ചുകൂടാൻ വഹിയാത്ത രാഷ്ട്രീയമായ കാര്യങ്ങളിൽ നാം അതിനെ പ്രത്യേകം പരിഗണിക്കണം. ഇന്നത്തെ നിലയിൽ പ്രത്യേകമായ ഒരു മാറ്റം വരുത്തുവാൻ വിശേഷിച്ചു് ഇവിടെ യാതൊരു കാരണവും ഉണ്ടായിട്ടില്ല. ആ സമിതിക്കു് നിലവിലുള്ള താലൂക്കുകളെ ഭേദഗതി ചെയ്യാതെതന്നെ നിയോജകമണ്ഡലങ്ങൾ കൊടുക്കുകയെന്നുള്ളതാണു് ശരിയായ തത്വം. ആ തത്വത്തിൽനിന്നും വ്യതിചലിച്ചാൽ, പ്രത്യേകമായ യാതൊരു നീതീകരണവുമില്ലാതെ താലൂക്കുകളുടെ അതിർത്തികൾ ഭേദപ്പെടുത്തി നിയോജകമണ്ഡലങ്ങൾ ഉണ്ടാക്കിയാൽ, പല സംശയങ്ങളും പൊതുജനങ്ങൾക്കുണ്ടാകും. എപ്പോഴാണു് എന്തു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു് ഈ പ്രവൃത്തി ചെയ്തതു് എന്നു് ഉള്ള വിശദീകരണം കൊടുക്കാതിരുന്നാൽ അപ്പോൾ നിശ്ചയമായും സംശയം ജനിക്കാൻ ഇടയുണ്ടു്. അങ്ങനെ സംശയം ജനിക്കാതിരിക്കണമെങ്കിൽ ഇന്നയിന്ന പ്രത്യേക കാരണങ്ങൾകൊണ്ടാണു് ഇതു ചെയ്യുന്നതെന്നു പറയണം. ഏതാനും പകുതികൾ ഒരു താലൂക്കിൽ നിന്നു മറ്റൊരു താലൂക്കിലേക്കു വിട്ടുകൊടുക്കുമ്പോൾ അതു ശരിയായി ജനങ്ങൾക്കു ബോദ്ധ്യപ്പെടത്തക്കവിധത്തിൽ ഗവൺമെണ്ടിൽനിന്നും ഒരു വിശദീകരണം നൽകേണ്ടതു് ആവശ്യമായിരുന്നു. എന്നാൽ അങ്ങനെ ഒരു വിശദീകരണം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉദാഹരണമായി നാലഞ്ചു താലൂക്കുകളിലെ ഡീലിമിറ്റേഷനിലേക്ക് ഞാൻ ഈ ബഹുമാന്യ സഭസ്സിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നു. ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുപോലെ ഈ സംഗതികൾ പ്രത്യേകം നാം ആലോചിച്ചിട്ടു പ്രയോജനപരമായ കാര്യമില്ലെങ്കിലും ഭാഗ്യവശാൽ പാർലമെന്ററി കമ്മിറ്റിയിൽ ഉള്ള ബഹുമാന്യ അംഗങ്ങളെ നമ്മുടെ വാദപ്രതിവാദങ്ങൾ ഇന്നതാണെന്ന് അറിയിച്ചാൽ തീർച്ചയായും അവർക്ക അതൊരു നിർദ്ദേശമായിരിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാനും ഈ നാലഞ്ചു താലൂക്കുകളെ എടുത്തു പറയുന്നത്. ആദ്യമായി ഞാൻ പ്രതിനിധീകരിക്കുന്ന പീരുമേട് താലൂക്കിനെപ്പറ്റി പറയാം.

ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ അവർകൾ പീരുമേട്, ദേവികുളം ചെങ്കോട്ട മുതലായ താലൂക്കുകളിൽ ൧ ൫,൦൦൦-ൽ കുറവായ ജനസംഖ്യയുള്ളൂ; അതുകൊണ്ട് അവിടെ പ്രത്യേക നിയോജകമണ്ഡലങ്ങൾ കൊടുക്കുവാൻ സാധിക്കുകയില്ല; മറ്റു യാതൊരുദ്ദേശവും ഗവർമ്മെണ്ടിനുണ്ടായിരുന്നില്ല എന്നാണ് പറഞ്ഞതു്. അതിൽ ഏതാനും ചില സംഗതികൾ സമ്മതിക്കാമെങ്കിലും ഭൂമിശാസ്ത്രപരമായും മറ്റുകാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയും നോക്കിയാൽ ഈ മൂന്നു താലൂക്കുകൾക്കും പ്രത്യേക നിയോജകമണ്ഡലങ്ങൾ ആവശ്യമാണെന്നു കാണാവുന്നതാണ്. പീരുമേട്ടിലെ ജനസംഖ്യ കണക്കെടുത്തു നോക്കുന്നപക്ഷം അതു ൧൩,൪൫൭ ആണെന്നുകാണാം. അവിടെ ൧,൧൪൫ മാത്രം അൽപ്പം കുറഞ്ഞിട്ടുണ്ട്. മറ്റു പല സംഗതികളെ അപേക്ഷിച്ചുനോക്കിയാൽ പീരുമേട് താലൂക്കിനു് മറ്റുള്ള താലൂക്കുകളോടു് തുല്യതയുണ്ടു് എന്നു കാണാം. അവിടത്തെ ജനസംഖ്യയിൽ വച്ച ശതമാനവും തൊഴിലാളികളാണു്. അങ്ങിനെയുള്ള തൊഴിലാളികളുടെ ആവശ്യങ്ങളെ വിഭജിക്കത്തക്ക തരത്തിൽ, അതിനേക്കാൾ കൂടുതൽ ജനസംഖ്യയുള്ള ചങ്ങനാശ്ശേരി താലൂക്കിൽ കാഞ്ഞിരപ്പള്ളി വടക്കുംഭാഗം പകുതികൂടി കൂട്ടിച്ചേർത്തു് ഒരു നിയോജക മണ്ഡലമാക്കിയിരിക്കുന്നു. ഇതു വളരെ വ്യസനകരമായ ഒരവസ്ഥയാണു്. ൧൯൨൦-ൽ ചിലപ്പോൾ വോട്ടർമാരുടെ കുറവുകൊണ്ടു് ശരിയായ പ്രാതിനിധ്യം ഇല്ലാതെയാക്കി അതിനേക്കാൾ കൂടുതൽ ൫,൦൦൦ത്തോളം കൂടുതൽ ജനസംഖ്യയുള്ള കാഞ്ഞിരപ്പള്ളിവടക്കുംഭാഗം പകുതികൂടി ഇതിൽ കൂട്ടിച്ചേർത്തു് ഇതിനെ ഒരു major partner കൂടെ ചേർത്തു് ഒരു കോൺസ്റ്റിറ്റ്യുവൻസി ആക്കിയിരിക്കുന്നു പീരുമേട് താലൂക്കിലെ തൊഴിലാളികളോടു ചെയ്യുന്ന ഒരു നീതിയാണു്. അതിനുപകരം എന്തു പരിഷ്കാരമാണു് അവിടെ വരുത്തേണ്ടതെന്നെന്നോടു ചോദിക്കുകയാണെങ്കിൽ ൫,൦൦൦-ൽ കുറവായ ജനസംഖ്യയുള്ള ഒരു സ്ഥലത്തു ഒരു നിയോമകമണ്ഡലംമാത്രം കൊടുക്കുവാൻ പാടുള്ളുവെന്ന പ്രായോഗികമായ ഒരു നിർദ്ദേശമാണു് എനിക്കനൽകുവാനുള്ളതു്. പീരുമേട്ടിനോടു തൊട്ടടുത്തു കിടക്കുന്ന ഒരു താലൂക്കാണു് ദേവികുളം. ഈ രണ്ടു താലൂക്കുകളും മലമ്പ്രദേശമാണു്. ഈ രണ്ടു താലൂക്കുകളിലും ഏകദേശം ഒന്നുപോലെയുള്ള പല അവസ്ഥകളുമുണ്ടു്. തോട്ടങ്ങൾ രണ്ടു താലൂക്കുകളിലും ഉണ്ടു്. തൊഴിലാളികളും രണ്ടിടത്തിലും ഉണ്ടു്. രണ്ടും അതിപ്രദേശങ്ങളാണു്. ദേവികുളത്തിനു യാതൊരു അനീതിയും ചെയ്യാതെതന്നെ പീരുമേടു താലൂക്കിന്റെ അതിർത്തിയിൽ തൊട്ടു കിടക്കുന്ന ഉടുമ്പൻചോല പകുതിയെ പീരുമേടു നിയോജകമണ്ഡലത്തോടു ചേർത്തു വേണമെങ്കിൽ പീരുമേട്ടുനിന്നും ഒരു പകുതി ഇങ്ങോട്ടുചേർത്തും സമീകരിക്കുന്നതായാൽ ന്യായം നടത്തുവാൻസാധിക്കുമെന്നുള്ള സംഗതി ഞാൻ ഈ സഭയുടെ ശ്രദ്ധയിലേ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

ക്കു് കൊണ്ടുവന്നുകൊള്ളട്ടെ. ഇങ്ങനെ പീരുമേട്ടിനും ദേവികുളത്തിനും പ്രത്യേകം പ്രാതിനിധ്യം കൊടുത്താൽപിന്നെ ചങ്ങനാശ്ശേരി, തിരുവല്ലാ, പത്തനംതിട്ട ഈ മൂന്നു താലൂക്കുകളുടെ വിഭജനത്തെപ്പറ്റിയാണു് നോക്കുവാനുള്ളു്. ചങ്ങനാശ്ശേരി താലൂക്കിലാണെങ്കിൽ വോട്ടേഴ്സിന്റെ ജനസംഖ്യകണക്കെടുത്താൽ നാട്ടംപ്രദേശങ്ങളിൽ ഉള്ളവരുടെ എണ്ണം ൩,൦ ൧,൨൨ ആണു്. മുനിസിപ്പാലിറ്റിക്കുള്ളിൽ ഉള്ള ജനസംഖ്യ ൩൩,൩൩ ൦ ആണു്. രണ്ടും കൂടിച്ചേർത്തു് ൩, ൪൨,൩൫൨ ജനങ്ങൾ ഉണ്ടു്. ആ സ്ഥിതിക്കു് നിഷ്പക്ഷമായിട്ടു് ചങ്ങനാശ്ശേരിക്കും മൂന്നു് നിയോജകമണ്ഡലം കൊടുക്കുവാൻ സാധിക്കും. ചങ്ങനാശ്ശേരിയിൽ തിരുവല്ലായിൽനിന്നുള്ള ഏറ്റവും വലിയ ഒരു പകുതികൂടി ചേർത്തിട്ടുണ്ടു്. അതു് കാവുംഭാഗം ആണു്. ചങ്ങനാശ്ശേരി നിയോജകമണ്ഡലംതന്നെ മുന്നായി തിരിച്ചിരിക്കുന്നതായിട്ടാണു കാണുന്നതു്. ൧ ചങ്ങനാശ്ശേരി, ൨. പുതുപ്പള്ളി, ൩. വാഴൂർ,. ഇനി തിരുവല്ലായെപ്പറ്റി പറയാം. കാവുംഭാഗം എന്നു പേരുള്ള ഒരു വലിയ പകുതി ചങ്ങനാശ്ശേരിയോടു സംഘടിപ്പിച്ചിരിക്കുന്നതു നോക്കിയാൽ ഭൂമിശാസ്ത്രപരമായും ചരിത്രപരമായും യാതൊരു ബന്ധവും ഇല്ലാത്തമാതിരിയാണു കാണുന്നതു്. ഒരു പ്രകാരത്തിലും കാവുംഭാഗം പകുതിയെ ചങ്ങനാശ്ശേരിയോടു സംഘടിപ്പിക്കേണ്ട യാതൊരാവശ്യവും നേരിട്ടിട്ടില്ലെന്നുള്ളതു് പ്രത്യക്ഷത്തിൽ കാണാം. പുതുപ്പള്ളി പകുതി ചങ്ങനാശ്ശേരിയിൽ കൂട്ടിച്ചേർത്തിട്ടുള്ള വേറൊരു ഭാഗമാണു്. അതു മലംപ്രദേശമാണു്. കുട്ടനാട്ടിന്റെ ഒരംശമായിരുന്ന വെളിയനാട്ടിനെ വേർതിരിച്ചിട്ടുള്ളതു് തെറ്റാണെന്നു കാണാവുന്ന ഒരുസംഗതിയാണു്. വാഴൂരിനു് ഒരു നിയോജകമണ്ഡലം കൊടുക്കുവാൻവേണ്ടി ചങ്ങനാശ്ശേരി താലൂക്കിലെ ഏറ്റവും വലിയ ഒരു പകുതിയേ ആണു ചേർത്തിരിക്കുന്നതു്. വാഴൂർ, കാഞ്ഞിരപ്പിള്ളി മുതലായ പകുതികളെക്കൊണ്ടു് കിഴക്കെഅറ്റത്തുനിന്നും പടിഞ്ഞാറെ അറ്റംവരെ യാതൊരു ബന്ധവുമില്ലാതെ ഒരു മുക്കോൺ വൃത്തത്തിൽ ആക്കിത്തീർത്തിരിക്കുന്നു. ഏറ്റവും വലിപ്പമുള്ളതും തീരെ സഞ്ചാരസൗകര്യമില്ലാത്തതുമായ ആ പകുതികളെ കൂട്ടിച്ചേർത്തു വാഴൂർ നിയോജകമണ്ഡലം ആക്കി വേർതിരിച്ചിരിക്കുന്നതു് അവിടത്തെ ജനങ്ങൾക്കു് വളരെ അസൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുള്ള ഒരു സംഗതിയാണു്. അവിടത്തെ സഞ്ചാരസൗകര്യത്തെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കി ധാരാളമായി അവിടങ്ങളിൽ സഞ്ചരിച്ചു പരിചയമുള്ള ഒരാളായതുകൊണ്ടാണു് അതു് ഏറ്റവും അനീതിപരമായ ഒരു വിഭജനമാണെന്നു ഞാൻ പറയുന്നതു്. അങ്ങനെ നോക്കുകയാണെങ്കിൽ ചങ്ങനാശ്ശേരിയിലുള്ള പകുതികൾകൂടി തിരുവല്ലായിലെ പകുതികളോടു് ചേർത്തിട്ടുള്ളതായി കാണാം. ചങ്ങനാശ്ശേരിയിലുള്ള പകുതികളുടെതന്നെ തമ്മിലുള്ള സാമീപ്യവും കോമ്മാക്കുനസും വോട്ടർമാരുടെ സംഖ്യയും നോക്കാതെ വാസ്തവം പറയുകയാണെങ്കിൽ അതു് സംബന്ധിച്ചുള്ള യാതൊരു നേപഷ്ണങ്ങളും ആ സ്ഥലത്തു് പരിചയമുള്ള ഉദ്യോഗസ്ഥന്മാർ മുഖേനയോ ജനപ്രതിനിധികൾ മുഖേനയോ നടത്താതെ ഇങ്ങനെ ഒരു നിയോജകമണ്ഡലരൂപീകരണം ഉണ്ടാക്കുകയാണു് ചെയ്തതെന്നു് പറയുന്നതിൽ യാതൊരു തെറ്റും കാണുന്നില്ല. തിരുവല്ലായിലേക്കു് കടക്കുന്നപക്ഷം അവിടെ ൪ നിയോജകമണ്ഡലങ്ങൾക്കു് പ്രാതിനിധ്യാവകാശമുണ്ടെന്നു കാണുന്നതിനു പറമേ അതു കഴിച്ചു ജനസംഖ്യ കൂടുതലും ഉള്ളതായികാണാം. അതുകൊണ്ടു് മറ്റു താലൂക്കിലെനാടോ പകുതികളോടോ സംയോജിപ്പിക്കാതെ തിരുവല്ലാതാലൂക്കിനു് ന്യായമായ അഞ്ചു സീറ്റുകൾ കൊടുത്തു ബാക്കിവരുന്ന വോട്ടുകളെ കുറവുള്ള അടുത്ത താലൂക്കുകളിലേക്കു നിരാക്ഷേപമായി വിട്ടുകൊടുക്കാം. അതിൽ തിരുവല്ലാക്കാർക്കു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു പരാതിയും ഇല്ല. അവർ അർഹിക്കുന്നതായ ഒരു സീറ്റും അവർക്ക് കിട്ടുകതന്നെ ചെയ്യുന്നു. തിരുവല്ലായിലെ വലിയ ഏതാനും പകുതികളെ എടുത്തു്, അതായതു് പെരിങ്ങര മുതലായവ, അമ്പലപ്പുഴ താലൂക്കിലെ തലവടി നിയോജകമണ്ഡലത്തിനു് കൊടുത്തിട്ടുള്ളതായികാണുന്നു. അങ്ങനെ നാലു വലിയ പകുതികളും എടുത്താണു് തലവടി നിയോജകമണ്ഡലത്തിനു കൊടുത്തിരിക്കുന്നതു്. ഇതു സംബന്ധിച്ചു സ്ഥലത്തു പല ആക്ഷേപങ്ങളുമുണ്ടു്. ജനതാമദ്ധ്യത്തിൽ പല ദുരുദ്ദേശങ്ങളും ഇതിന്റെ ഭാരവാഹകളിൽ ആരോപിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ അതു ശരിയാണെന്നു ഞാൻ പറയുന്നില്ല. പക്ഷേ എനിക്കു് പറയാനുള്ളതു് ഇങ്ങനെയുള്ള കാര്യങ്ങളിൽ ശരിയായ നീതിചെയ്യുക എന്ന ബോധ്യംപോരാ, നീതി ചെയ്തതായി അന്യ ആളുകൾക്കു് കാണത്തക്കതരത്തിലായിരിക്കണം ചെയ്യേണ്ടതെന്നാണു്. ഉദ്ദേശം ഒന്നും കൂടാതായിരിക്കാം ഇങ്ങനെ ചെയ്തിരിക്കുന്നതു്. ശരിയായ തത്വദീക്ഷ കൂടാതെ ഇങ്ങനെ ചെയ്യപ്പെട്ടതായി കാണുമ്പോൾ ഒരു വ്യക്തിക്കോ ഒരു പാർട്ടിക്കോ പ്രത്യേക ചില ഗുണങ്ങൾക്കു വേണ്ടി ചെയ്തിട്ടുള്ളതാണെന്നു് ആരെങ്കിലും ധരിക്കുന്നെങ്കിൽ അതിനെ കുറ്റംപറയാൻ സാധ്യമല്ല. ഈ നിയോജകമണ്ഡലങ്ങൾ നിരാക്ഷേപമായികൊടുക്കുന്നതിനു് സൌകര്യമുള്ള സ്ഥിതിയിലു് എന്തിനാണു് അതിൽനിന്നും നാലു പ്രധാനപ്പെട്ട പകുതികൾ എടുത്തു തലവടി നിയോജകമണ്ഡലത്തിനു് കൊടുത്തുഎന്നു ചോദിക്കുകയാണെങ്കിൽ അതിനു് നീതികരണം യതൊന്നും ഇല്ല. ഇന്നയിന്ന തത്വത്തെ അടിസ്ഥാനമാക്കിയാണു് ഇങ്ങനെ വിഭജനം നടത്താൻ ഇടയായിട്ടുള്ളതെന്നു് ഒരു എക്സ്പ്ലനേറ്ററി നോട്ടു് കൊടുത്തിരുന്നു എങ്കിൽ അതിനെപ്പറ്റി ജനങ്ങൾക്കു ചിന്തിക്കാമായിരുന്നു. അങ്ങനെയില്ലാതിരിക്കുന്ന സ്ഥിതിക്കു് ഇപ്പോൾ അധികാരത്തിൽ ഇരിക്കുന്ന പാർട്ടിക്കു് ഏതോ ഒരു പിൻബലം കിട്ടുന്നതിനുവേണ്ടിയോ പാർട്ടി പ്രവർത്തനം ശരിയായിനടത്തുന്നതിനുവേണ്ടിയോ ആണു് ഇങ്ങനെ ചില കശാപ്പുകൾ നടത്തിയിരിക്കുന്നതെന്നു ജനങ്ങൾ പറയുകയാണെങ്കിൽ അവരെ കുറ്റപ്പെടുത്തുതിനു നിവൃത്തിയില്ല. ഒരു താലൂക്കിൽ അധികമുള്ള വോട്ടുകൾ മറ്റു കുറവുള്ള താലൂക്കുകളിലെയ്ക്കു വിട്ടുകൊടുക്കുന്നതിനു ചിലപ്പോൾ പകുതികളെ മാറ്റുകയും മറിക്കുകയും ചെയ്യാറുണ്ടു്. ഒരു മനുഷ്യന്റെ സൌന്ദര്യം വർദ്ധിക്കുന്നതിനായി plastic surgery നടത്തും. എന്നാൽ ഇവിടെ ഒരു വൈരൂപ്യമാണു് ശാസ്ത്രീയമല്ലാത്ത മാപ്പുറേഷന്റെ ഫലമായിവരുത്തിവച്ചിരിക്കുന്നതു്. പകുതികളെ ക്രമാതീതമാക്കിയിരിക്കുന്നു. ഇങ്ങനെ നോക്കുകയാണെങ്കിൽ തിരുവിതാംകൂർ കൊച്ചിയിലുള്ള നിയോജകമണ്ഡലവിഭജനത്തിനു് എടുത്തിട്ടുള്ള രീതികൾ എന്തെല്ലാമെന്നു് ഒരു ഭൂപടവും ഗവണ്മെന്റു പ്രയോഗത്തിൽ കൊണ്ടുവന്നിരിക്കുന്ന നിയോജകമണ്ഡലത്തിന്റെ ഒരു പടവും തയാറാക്കി അതു തമ്മിൽ നോക്കിയാൽ എത്രത്തോളം വൈരൂപ്യമായിട്ടാണു് ഇന്നു് നിയോജകമണ്ഡലങ്ങൾ സൃഷ്ടിച്ചിരിക്കുന്നതെന്നു കാണാവുന്നതാണു്. അങ്ങനെ രണ്ടു പടങ്ങൾ തയാറാക്കി ഓരോ സ്ഥലങ്ങൾ തമ്മിലും സ്വരമിച്ചുണ്ടോ എന്നു നോക്കണം. എന്നിട്ടു് ഞാൻ ഇപ്പോൾ പറഞ്ഞ താലൂക്കുകൾ എടുത്തു പാർലമെന്ററി മെംബറന്മാർ ഇതു് പരിശോധിക്കുന്നപക്ഷം ഞാൻ പറഞ്ഞ അഭിപ്രായങ്ങളെല്ലാം വെളിവാകുമെന്നാണു് എനിക്കു പറയുവാനുള്ളതു്.

പത്തനംതിട്ട താലൂക്കു് എടുത്തുനോക്കിയാൽ അവിടെ അയിരൂർ, കുമ്പഴ എന്നിങ്ങനെ രണ്ടു പകുതികൾ ചേത്തിരിക്കുന്നതായികാണാം. അതിന്റെ ആവശ്യം കാണുന്നില്ല. അപ്പോൾ ജനസംഖ്യ എൺപതിനായിരത്തിനു് മുകളിൽ വരുന്നതായികാണാം. എഴുപത്തയ്യായിരത്തിനു മുകളിൽ കാണുന്ന ജനസംഖ്യ

[Sri. A. R. Patchu Pillai]

ആവശ്യത്തിൽ അധികം ഉള്ളതാണ്. ആ കണക്ക് ഇതു നിമ്മിച്ചു ആളുകൾ കണ്ടില്ലായിരിക്കാം. അല്ലെങ്കിൽ ആ കണക്കനുസരിച്ചു കണക്കാക്കിയില്ലായിരിക്കാം. അതുപോലെതന്നെ ഏഴുമറ്റൂർ റാന്നിയോട് ചേത്തിരിക്കുന്നു. അതും കൂടുതലാണെന്നുകാണാം. പത്തനംതിട്ട താലൂക്കിനു മൂന്നു നിയോജകമണ്ഡലം കണക്കനുസരിച്ചു കിട്ടണം. അതിനു ചെറിയ ഒരു കുറവു മാത്രമേയുള്ളു. അതു നിഷ്പ്രയാസം ചങ്ങനാശ്ശേരി താലൂക്കിൽനിന്നോ പത്തനംതിട്ട താലൂക്കിനോട് തൊട്ടുകിടക്കുന്ന മണിമല പകുതിയിൽനിന്നോ എടുത്തു ചേർക്കാമെന്നുള്ളതാണ്. അല്ലെങ്കിൽ കുന്നത്തൂർ താലൂക്കിൽനിന്നു വേണമെങ്കിലും എടുത്തു ചേർക്കാം. അങ്ങനെ ചെയ്താൽ പത്തനംതിട്ട താലൂക്കിലെ പകുതികൂടി കുറയ്ക്കാതെ അവർ അർഹിക്കുന്ന മൂന്നു നിയോജകമണ്ഡലം കൊടുക്കാൻ സാധിക്കും. അപ്രകാരം ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളതു്.

എന്റെ അമൻമെന്റിന്റെ രണ്ടാമത്തെ ഭാഗംകൂടി ഇവിടെ വിശദപ്പെടുത്തിക്കൊള്ളട്ടേ. ഏതെങ്കിലും ഒരു താലൂക്കിൽ രണ്ടോ മൂന്നോ കാൺസ്റ്റിറ്റുവൻസി രൂപീകരിച്ചതിനുശേഷം കൂടുതൽ കാണുന്നതായ ജനസംഖ്യ ഒരു കാൺസ്റ്റിറ്റുവൻസി രൂപീകരിക്കുന്നതിലേക്ക് ആവശ്യമുള്ളതിൽ പകുതിയിലേറെ കാണുന്നപക്ഷം അടുത്ത താലൂക്കിലുള്ള ഒരു പകുതിയിൽനിന്നും കൂടി എടുത്തു് ഒരു നിയോജകമണ്ഡലം ആക്കി കൊടുക്കണമെന്നാണ് എന്റെ നിർദ്ദേശം. എന്നാൽ അധികം കാണുന്ന ജനസംഖ്യ ഒരു കാൺസ്റ്റിറ്റുവൻസി രൂപീകരിക്കുന്നതിനു് ആവശ്യമുള്ളതിൽ പകുതിയിൽ കുറവായിട്ടാണ് കാണുന്നതെങ്കിൽ അതു് അടുത്ത താലൂക്കിലേക്കു വിട്ടുകൊടുക്കേണ്ടതാണ്. അങ്ങനെ കുറവുള്ള താലൂക്കിലേക്കു ഞാൻ മുകളിൽപറഞ്ഞ രീതിയിൽ വിട്ടുകൊടുത്തു് ഒരു നിയോജകമണ്ഡലമായി രൂപീകരിക്കുകയാണെങ്കിൽ അതു് ഏറ്റവും വലിയ ഒരു നീതിയായിരിക്കും. അപ്പോൾ അവരോടു് ഒരു ദ്രോഹവും ചെയ്തു എന്നു പറയുവാൻ സാധിക്കുകയില്ല.

ഒരു സംഗതി തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലുള്ള നിയോജകമണ്ഡലവിഭജനത്തിൽ പ്രത്യേകമായി കാണാം. അതായതു് തിരുവിതാംകൂറിൽ പകുതി ആണ് തിരിച്ചിരിക്കുന്നതു്. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്ററുടെ ഏഴത്തിൽ വില്ലേജു സമമായിരിക്കുന്ന ഒരു യൂണിറ്റ് പകുതി ആണെന്നു് പറഞ്ഞുകാണുന്നു. അതു വലിയ തെറ്റാണു്. കാരണം പകുതിഎന്നു പറയുന്നതു വില്ലേജല്ല. വില്ലേജുകളുടെ ഗ്രൂപ്പാണു് പൂർവ്വകാലത്തിൽ പകുതി എന്നു പറയുന്നതിനു് ഇടയായിട്ടുള്ളതു്. കൊച്ചിയിലെ വില്ലേജുകൾ താരതമ്യേന തിരുവിതാംകൂറിലെ പകുതികളെ അപേക്ഷിച്ചു ചെറുതാണ്. കൊച്ചിയിൽ കൂടുതൽ വില്ലേജു അല്ലെങ്കിൽ ദേശം വന്നതിന്റെകാരണം അവിടെയും ഇവിടെയും ഉള്ള യൂണിറ്റ് സംബന്ധിച്ചു ഭേദഗതിയാണു്. അധികം വില്ലേജു ചേർത്തുള്ള പകുതികൾ ഇവിടെയുണ്ടു്. റാന്നി, വണ്ടൻമേടു് എന്നീ പകുതികൾ എടുക്കുകയാണെങ്കിൽ അവകൾ കൊച്ചിയിലെ താലൂക്കിനെക്കാൾ വലുതാണെന്നു് കാണാം. അങ്ങനെ പകുതി എടുത്തതു ശരിയല്ല. കര അല്ലെങ്കിൽ ദേശം എന്ന തരത്തിൽ എടുക്കേണ്ടിയിരുന്നു.

എന്റെ ഭേദഗതിയുടെ മൂന്നാമത്തെ ഭാഗത്തെ സംബന്ധിച്ചു ഞാൻ പറഞ്ഞു കഴിഞ്ഞു. നിയോജകമണ്ഡലരൂപീകരണത്തിൽ സ്ഥലങ്ങളുടെ ഒരു സ്വരൂപിപ്പു് വേണം. എന്നാൽ മാത്രമേ വോട്ടേഴ്സിനു് സൗകര്യമായിരിക്കയുള്ളു. അതിനു് അനുരൂപമായ വിധത്തിൽ സ്വരൂപിപ്പോടുകൂടി നിയോജകമണ്ഡലങ്ങൾ സൃഷ്ടിക്കണമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഈ സംഗതികൾ എല്ലാംകൂടി എടുത്തു നോക്കുകയാണെങ്കിൽ നമ്മുടെ മുമ്പേവച്ചിരിക്കുന്ന ഈ നിർദ്ദേശങ്ങൾ ഇതിനെപ്പറ്റി നല്ല പരിചയമുള്ള എല്ലാ പാർട്ടിയിലേയും പ്രതിനിധികളെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ കമ്മിറ്റിയുടെ പരിചിന്തനത്തിനു് വിധേയമാക്കി അവരെക്കൊണ്ടു് ശരിയായിട്ടുള്ള ഒരു പ്ലാൻ തയാറിക്കിച്ചു പാർലമെൻറിന്റെ സബ്കമ്മറ്റി നോക്കുന്നപക്ഷം അതു് ഉപകാരപ്രദമായിരിക്കും. എലക്ഷൻ റോൾസു് തയാറാക്കിക്കഴിഞ്ഞു. അതിൽ ഷെഡ്യൂൾഡ് കാസ്റ്റിനെസംബന്ധിച്ചു് എന്റെ ബഹുമാന്യസുഹൃത്തന്മാർ പല ആക്ഷേപങ്ങളും പറഞ്ഞിട്ടുണ്ടായി. എന്റെ കാൺസ്റ്റിറ്റുവൻസിയിൽ പെട്ടതായി അനവധി മലവർഗ്ഗക്കാർ ഇന്നും അറിയപ്പെടാതെ കഴിഞ്ഞുകൂടുകയാണു്. അതിനെസംബന്ധിച്ചു് എനിക്കു കൂടുതലായിമനസ്സിലാക്കുവാൻ ഈ അടുത്തകാലത്തു സാധിച്ചിട്ടുണ്ടു്. ഇന്നത്തെ ചീഫ്മന്ത്രി അവർകൾക്കും അദ്ദേഹത്തിന്റെ വണ്ടിപ്പെരിയാർ സന്ദർശനാവസരത്തിൽ അവിടെയുള്ള മലവർഗ്ഗക്കാരുടെ സ്ഥിതിഗതികൾ ഏറക്കുറെ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഈ അടുത്തകാലത്തു നടത്തിയ എന്യൂമറേഷൻ മലവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം നടത്തിയിട്ടില്ല എന്നതന്നെ പറയാം. ഏതാനും ഫാറസ്റ്റ് ഗാർഡുമാരും അവരുടെ സിൽബന്ധികളും അവരുടെയിടയിൽ സഞ്ചരിക്കാതെതന്നെ അവരുടെ സ്റ്റേഷനിൽ ഇരുന്നുകൊണ്ടു് ഉദ്ദേശത്തിൽ ചില വീടുകളിൽ ഉള്ള ആളുകളുടെ ഒരു ലിസ്റ്റ് തയാറാക്കി ഗവൺമെൻറിലേക്കു് അയക്കുകയാണു് ചെയ്തിട്ടുള്ളതു്. അല്ലാതെ അവരുടെ ജനസംഖ്യ എത്രയെന്നോ വീടുകൾ എത്രയുണ്ടെന്നോ പ്രായമായവർ എത്രയെന്നോ ഉള്ളതിനു് ശരിയായ ഒരു കണക്കു് ഇതിനകം എടുത്തിട്ടില്ല. അതുപോലെതന്നെ പട്ടികജാതിക്കാരെസംബന്ധിച്ചുള്ള വ്യവസ്ഥകളും. മലവർഗ്ഗക്കാരുടേയും പട്ടികജാതിക്കാരുടേയും പ്രാതിനിധ്യംസംബന്ധിച്ച വ്യവസ്ഥകൾ ബഹു. ഇൻഡ്യാഗവൺമെൻറ് പ്രസിഡൻറിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിച്ചിട്ടുണ്ടു് എന്നു് ചീഫ്മിനിസ്റ്റർ പറഞ്ഞതായി ഓർമ്മിക്കുന്നു. ഇവിടെ കഴിഞ്ഞ എലക്ഷൻശേഷം വോട്ടറന്മാരുടെ ലിസ്റ്റ് തയാറാക്കീട്ടുണ്ടു്. അതിനു് വളരെ ആക്ഷേപങ്ങളുണ്ടായിട്ടുണ്ടു്. എന്യൂമറേഷൻ സംബന്ധിച്ചു പല സ്ഥലങ്ങളിലും അതിലേക്കു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ചെല്ലാതെയുണ്ടു്. ആ ജോലിയിൽ പ്രധാനമായി ഏർപ്പെട്ടിരുന്നതു് അദ്ധ്യാപകന്മാരായിരുന്നു. അവർക്കു ന്യായമായി വേണ്ട നിർദ്ദേശങ്ങൾ കിട്ടാതിരുന്നതുകൊണ്ടോ ശരിയായ പ്രതിഫലം കിട്ടാത്തതുകൊണ്ടോ ശരിയായി അവർ ആ ജോലി നിർവ്വഹിച്ചില്ല എന്നുള്ളതു പരമാർത്ഥം മാത്രമാണു്. അങ്ങിനെ മലവർഗ്ഗക്കാരും പട്ടികജാതിക്കാരുമായ ആളുകളുടെ ലിസ്റ്റിൽ വലുതായ വ്യത്യാസങ്ങളും തെറ്റുകളും വന്നിട്ടുണ്ടു്. പക്ഷെ അതു് ഇനിയും തിരുത്താവുന്നതാണു്. ലിസ്റ്റിൽ ആളുകളുടെ പേരുകൾ ധാരാളമായി വിട്ടുപോയിട്ടുണ്ടെങ്കിൽ അവർക്കു് ആക്ഷേപം കൊടുക്കാമെന്നു പറയുന്നുണ്ടു്. ഇതേപ്പറ്റി ഒന്നും കൂടുതലായി പരാമർശിക്കാൻ ഞാൻ ഒരുങ്ങുന്നില്ല. അതുകൊണ്ടു് ഇതു് ഒരു കമ്മിറ്റിയുടെ പരിചിന്തനത്തിനു വിടുകൊടുക്കണമെന്നും വിട്ടുപോയിട്ടുള്ളവരുടെ കണക്കു ശരിയായി എടുക്കണമെന്നും അതിലേക്കു് ഗവൺമെൻറ് ആവശ്യമുള്ള ഭേദഗതി വരുത്തിയതിനുശേഷം അതു പാർലിമെൻറിന്റെ സബ്കമ്മിറ്റി പരിശോധിച്ചു് ആവശ്യമുള്ള വ്യത്യാസങ്ങൾ വരുത്തുകയും ചെയ്യുമെന്നും വിശ്വസിച്ചു് അതിലേക്കു് എന്റെ ഭേദഗതിയെ സഭയുടെ പരിചിന്തനത്തിനായി സമർപ്പിക്കയും ചെയ്യുന്നു.

ശ്രീ. സി. വി. ഐയ്യു: എന്റെ സ്നേഹിതൻ ശ്രീ. പാച്ചുപിള്ള തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം വരുത്തേണ്ടതായ വ്യത്യാസങ്ങളേയും

LIBRARY ARCHIVES Kerala Legislative Assembly

[Sri. C. V. Iyyu]

ഡീലിമിറേഷൻ കമ്മിറ്റിക്കാർ എഴുതിപ്പിടിപ്പിച്ചിട്ടുള്ളതായ ഭീമാബദ്ധങ്ങളേയും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു് കൊച്ചി വിഭാഗത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ നിയോജകവിഭജനകാര്യത്തിൽ അവിടങ്ങളിലെ വില്ലേജുകളേയും താലൂക്കുകളേയും കൂട്ടിച്ചേർത്തതിനേയും മറ്റും സംബന്ധിച്ചുണ്ടായിട്ടുള്ള അബദ്ധങ്ങളെ സംബന്ധിച്ചാണ്. ഇതേസംബന്ധിച്ചു ഞാൻ ഏലക്ഷൻ കമ്മീഷണർ മുമ്പാകെ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വരുത്തീട്ടുള്ള പ്രധാനമായ ഒരു സംഗതി ഇവിടെ പറയണമെന്നു വിചാരിക്കുന്നു. അതായതു് ഈ തെരഞ്ഞെടുപ്പിലെങ്കിലും തിരുവിതാംകൂർ വേറെയും കൊച്ചി വേറെയും ആയി പരിഗണിച്ചു വെവ്വേറെ നിയോജകമണ്ഡലങ്ങളായിരിക്കേണ്ടതാണെന്നാണ്. അല്ലാതെ കൊച്ചിയുടെ ഏതെങ്കിലും കഷണം തിരുവിതാംകൂറിനോടു കൂട്ടിച്ചേർക്കയും തിരുവിതാംകൂറിന്റെ ഏതെങ്കിലും കഷണം കൊച്ചിയോടു കൂട്ടിച്ചേർക്കയും ഈ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളമെങ്കിലും പാടില്ലാത്ത ഒരു നില അവലംബിക്കേണ്ടതാണെന്നാണ്. ഈ ഒരു തത്വം മാത്രം ആസ്പദമാക്കിയാണ് ഞാൻ സംസാരിക്കുന്നതു്. അതായതു തിരുവിതാംകൂറിലെ ജനതയോടു ചോദിച്ചിട്ടില്ല കൊച്ചിയെ തിരുവിതാംകൂറിനോടു ചേർത്തിട്ടുള്ളതു്. അതുപോലെ കൊച്ചിക്കാരോടു ചോദിച്ചിട്ടില്ല കൊച്ചിയെ തിരുവിതാംകൂറിനോടു ചേർത്തിട്ടുള്ളതും. അതുകൊണ്ടു് ഈ കാര്യത്തിലെങ്കിലും ഇങ്ങനെ ചോദിക്കാതെ ചെയ്തുപോയതുകൊണ്ടു് ഇതൊരു (election issue) ആയിട്ടു കരുതി സംയോജനത്തെ വ്യവസ്ഥാപിതമാക്കുന്നതിൽ എതുത്തു് തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താൻ കൊച്ചിക്കാർക്കു് ഒരവസരം കൊടുക്കാതെ ജനാധിപത്യതത്വത്തെ മറന്നു പ്രവർത്തിക്കരുതെന്നുമായിരുന്നു. എന്നാൽ Delimitation റിപ്പോർട്ട് കാണുമ്പോൾ ഞാൻ വിവക്ഷിച്ചിരുന്ന പ്രമാണങ്ങളെ അവഗണിച്ചിരിക്കുന്നു എന്നുള്ളതാണു് റിപ്പോർട്ടിൽനിന്നും തെളിയുന്നതു്. സംയോജനത്തെപ്പറ്റി ജനങ്ങളുടെ അഭിപ്രായം അറിയുന്നതിനൊരവസരം ലഭിക്കുന്നതു് അടുത്ത പൊതുതിരഞ്ഞെടുപ്പിലാണു്. ഇപ്പോൾ നിലവിലുള്ള നിയോജകമണ്ഡലവിഭജനക്കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു് ചേരാനെല്ലൂർ, ഇടപ്പള്ളി മുതലായ പ്രദേശങ്ങളുടെ എതാനും ഭാഗങ്ങളും കൂട്ടിച്ചേർത്തും, ചേർത്തല താലൂക്കിന്റെ എതാനും ഭാഗങ്ങളും കൊച്ചിപ്രദേശമായ കുമ്പളങ്ങിയോടു ചേർത്തും കൊച്ചിയെയും തിരുവിതാംകൂറിനേയും പണ്ടുതന്നെ ഒരേരു സ്റ്റേറ്റായിരുന്നപോലെതന്നെ അങ്ങോട്ടും ഇങ്ങോട്ടും കൂട്ടിച്ചേർത്തിരിക്കയാണു്. മി. പാച്ചുപിള്ള പറഞ്ഞവിധത്തിൽതന്നെ ഇവിടെ താലൂക്കുകളെ തുണ്ടുതുണ്ടായി ചേർത്തിട്ടുണ്ടു്. എന്നാൽ ഇൻഡ്യാഗവർമ്മെണ്ടു പറഞ്ഞിട്ടുള്ളതുപോലെ നിവൃത്തിയുള്ളിടത്തോളം താലൂക്കുകൾക്കു ബാധകമാകാത്തതരത്തിൽ ഓരോ നിയോജകമണ്ഡലങ്ങളും അതാതു താലൂക്കിൽതന്നെ വരത്തക്കവണ്ണം വിഭജനം നടത്തേണ്ടതാണു്. അങ്ങിനെ ചെയ്യേണ്ടതായ ആവശ്യമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ അങ്ങിനെയല്ല ചെയ്തിരിക്കുന്നതു്. ഉദാഹരണമായിട്ടു വടക്കാഞ്ചേരിയും അതിനോടുതൊട്ടു തൃശ്ശിവപേരൂർ താലൂക്കിലെ പ്രദേശങ്ങളും തലപ്പിള്ളി താലൂക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. അതുപോലെതന്നെ തൃശ്ശിവപേരൂർ താലൂക്കിന്റെ എതാനും ഭാഗങ്ങളും തലപ്പിള്ളി താലൂക്കിനോടും ചേർത്തിട്ടുണ്ടു്. തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി നിയോജകമണ്ഡലം രൂപീകരിക്കുന്നതിനു് ഇന്നത്തെ നിലയിൽ സാധിക്കുന്നതാണു്. തൃശ്ശിവപേരൂരിൽനിന്നും യാതൊരുഭാഗവും കൂട്ടിച്ചേർക്കണമെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ കന്നംകുളം നിയോജകമണ്ഡലത്തിന്റെ കാര്യത്തിലും വളരെ ഭീമാബല്യങ്ങളാണ് ഉണ്ടു്.

കന്നംകുളം മുനിസിപ്പാലിറ്റിയിൽ പെട്ടുകിടക്കുന്ന ചൊവ്വന്നൂർ വില്ലേജിലെ ഏതാനും പ്രദേശം ഇപ്പോൾ ആ നിയോജകമണ്ഡലത്തിലല്ല ചേർന്നിരിക്കുന്നതു്. ആ തത്വം വച്ചു നോക്കുമ്പോൾ തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിൽ പെട്ടുകിടക്കുന്ന ഏതാനും ഭാഗങ്ങളും മറ്റു നിയോജകമണ്ഡലങ്ങളോടു ചേർന്നിരിക്കുന്നതായി കാണാൻ കഴിയും. മുനിസിപ്പാലിറ്റിയുടെ അതിരുകളും ചിലതൊക്കെ മാറേണ്ടതായിവന്നേക്കാം. അതിൽ ഞാൻ തടസ്സം പറയുന്നില്ല. എന്നാൽ റവന്യൂ വില്ലേജുകളേയും മുനിസിപ്പാലിറ്റിയിൽ പെട്ടുകിടക്കുന്ന ഭാഗങ്ങളേയും മറ്റു നിയോജകമണ്ഡലങ്ങളോടു കൂടിച്ചേർക്കുന്നതുകൊണ്ടു വലുതായ അസൗകര്യങ്ങൾക്കിടയാകുന്നതാണു്. ഉദാഹരണമായി തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയുടെ കാര്യം ഞാൻ ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. അതു പലപ്പോഴും നിയമസഭയിൽ വരുന്ന മെമ്പറന്മാരുടെ പ്രാതിനിദ്ധ്യസ്വഭാവത്തിനു് ഒരു അസൗകര്യമായിത്തീരുന്നതാണു്. ഒരുപക്ഷെ അതു നിയമസഭയിൽ ചില വ്യക്തികൾക്കു പ്രാതിനിദ്ധ്യം സമ്പാദിക്കുന്നതിനു പ്രത്യേകസൗകര്യമായി കരുതി ഉണ്ടാക്കിയിരിക്കുന്നതായിരിക്കാം. എന്നാൽ അതുനിമിത്തം നാട്ടുകാർക്കും പൊതുകാര്യങ്ങൾക്കും വളരെ അസൗകര്യങ്ങൾക്കിടയാകുന്നതാണു്. ഇതിനെ സംബന്ധിച്ചു് ഒരു നോട്ടു സമർപ്പിക്കുന്നതിനും ഞാൻ തയാറാണു്. അതോടുകൂടിത്തന്നെ ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തെ സ്വീകരിക്കുന്നപക്ഷം കുറച്ചുകൂടി സൗകര്യപ്രദമായിരിക്കും എന്നുള്ളതുകൊണ്ടു് ആ പ്രമേയത്തോടു ഞാൻ അനുകൂലിക്കുകയും ചെയ്യുന്നുണ്ടു്.

അതുകൂടാതെ കൊച്ചിയിലുള്ള പലപ്രദേശങ്ങളുടേയും പേരുകൾ മലയാളത്തിലേക്കു തർജ്ജിമചെയ്യുന്നതിൽ ഭയങ്കര തെറ്റു പറ്റിയിട്ടുണ്ടു്. വില്ലേജുകളുടെ ശരിയായ മലയാളപേരുകൾ തിരുവിതാംകൂറുകാരായ ക്ലാർക്കന്മാർക്കു് അറിയാൻ പാടില്ലാത്തതുകൊണ്ടുണ്ടായിട്ടുള്ള തെറ്റുകളാണു് ഇവ. ഉദാഹരണമായി "മങ്ങാട്ടു"് എന്നതിനു "മങ്കാട്ടു"് എന്നും, "മായന്നൂർ" എന്നുള്ളതിനു "മാന്നൂർ" എന്നും, "അഞ്ഞൂർ" എന്നുള്ളതിനു് "ആഞ്ഞൂർ" എന്നും, "പഴഞ്ഞി" എന്നതിനു് "പാലാഞ്ഞി" എന്നും, "ചിറമനങ്ങാട്ടു"് എന്നതിനു "ചിരമനങ്കാട്ടു"് എന്നും, ഇങ്ങനെ പല തെറ്റുകളും ഉണ്ടു്. ഈവക തെറ്റു വരാതിരിക്കുന്നതിനു കൊച്ചിക്കാരായ പരിചയമുള്ള ക്ലാർക്കന്മാരെക്കൊണ്ടു തർജ്ജിമചെയ്യിച്ചിരുന്നെങ്കിൽ ഈവക അബദ്ധങ്ങളും ഉണ്ടാകുകയില്ലായിരുന്നു. ഈവിധത്തിൽ മാരോന്നും വായിച്ചാൽ ഇംഗ്ലീഷിലുള്ള പേരുകൾ വായിച്ചു മലയാളത്തിലാക്കിയതുകൊണ്ടുള്ള അബദ്ധങ്ങൾ അനവധിയുണ്ടെന്നു് ഈ പുസ്തകം നോക്കിയാൽ കാണാം. തിരുവിതാംകൂറിനെ സംബന്ധിച്ചാണെങ്കിലും അങ്ങിനെയുള്ള പിശകുകൾ തീർക്കേണ്ടതാണു്. ഏതുവിധത്തിലായാലും ഈ വിവരങ്ങൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുന്നതിനും ഈ പ്രമേയം ഈ ഗവൺമെണ്ടു് എതിർപ്പില്ലാതെ സ്വീകരിക്കുവാനും അങ്ങനെ ആവശ്യമായ വളരെയധികം വ്യത്യാസങ്ങൾ വരുത്താനും അപേക്ഷിക്കുന്നു.

ശ്രീ. ആർ. ശങ്കർ: സർ, ശ്രീ. കെ. പി. നീലകണ്ഠപിള്ള അവതരിപ്പിച്ച പ്രമേയത്തിന്റെ തത്വത്തോടു ഞാനും യോജിക്കുന്നു. എനിക്കുമുമ്പു് ഈ വിഷയത്തെപ്പറ്റി സംസാരിച്ച മിക്ക മാന്യന്മാരും സംസ്ഥാനത്തിന്റെ പല പ്രത്യേകഭാഗങ്ങളേയും സംബന്ധിക്കുന്ന വിശദവിവരങ്ങളെപ്പറ്റി പറയുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ഒന്നായി വീക്ഷിച്ചു് ഒന്നായി അതിനിണ്ണു

LIBRARY ARCHIVES Kerala Legislative Assembly

[Sri. R. Sankar]

യം ചെയ്യാൻ ശ്രമിക്കാതിരുന്നാൽ പല പ്രായോഗികവൈഷമ്യങ്ങളും ഉണ്ടാകുമെന്നു മാത്രമല്ല ഇന്നത്തെ നിലക്കു് ഈ അതൃത്തിനിർണ്ണയം ഏതാണ്ടു് അസാദ്ധ്യമായിത്തീരുകയും ചെയ്യുമെന്നാണു് എനിക്കു തോന്നുന്നതു്. ഇതുവരെ കഴിഞ്ഞതെല്ലാം തുടച്ചു മാറ്റിയിട്ടു് ഇപ്പോൾ ഒരു പുതിയ അദ്ധ്യായം തുടങ്ങിയിരിക്കുന്നതുപോലെയാണിരിക്കുന്നതു്. നിയോജകമണ്ഡലവിഭജനത്തെപ്പറ്റിയുള്ള ആലോചനകൾ ആരംഭിച്ചിട്ടു് ഇപ്പോൾ ഒരുകൊല്ലത്തിനു മേലായി അതിനെപ്പറ്റി ആലോചിക്കുന്നതിനു് ഒരു പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചപ്പോഴോ അതിനുശേഷം ഈ അടുത്തകാലത്തു്, ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുപോലെ, ഈ വിവരങ്ങൾ വെറും ഒരു പുസ്തകരൂപത്തിൽ പരസ്യപ്പെടുത്തുന്നതുവരേയോ ഉള്ള സമയത്തിനിടയിൽ ആക്കാര്യം തന്നെ എന്തടിസ്ഥാനം വച്ചുകൊണ്ടാണു് നിയോജകമണ്ഡലവിഭജനം നടത്താൻ പോകുന്നതു് എന്ന യാതൊരു അറിവും ഉണ്ടായിരുന്നില്ല. അപ്പോഴപ്പോൾ ഇൻഡ്യാഗവണ്മെണ്ടിൽ നിന്നുണ്ടാകുന്ന പ്രസിദ്ധീകരണങ്ങളിൽനിന്നും പാർലമെൻറു നടപടികളെ സംബന്ധിച്ചു വിവരങ്ങളിൽനിന്നും ചിലതെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള എനിക്കു് നമ്മുടെ സംസ്ഥാനത്തെപ്പോലെയുള്ള ഒരു പ്രദേശത്തിനു് ജനസംഖ്യയുടെ ഏ൫,൦൦൦-നു് മുന്നുവീതമുള്ള പ്രാതിനിദ്ധ്യം ഉണ്ടായിരിക്കുമെന്നു സാമാന്യമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. അതിൽ കവിഞ്ഞ യാതൊരറിവും ആക്കാര്യം ഉണ്ടായിരുന്നില്ലെന്നു പറഞ്ഞാൽ അതിൽ വളരെ അതിശയോക്തി ഒന്നുമില്ല. ഫാവു സീറുകളും തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിനായി മാറ്റിവച്ചിരിക്കുന്നു എന്നും ഇപ്പോൾ പ്രസിദ്ധീകൃതമായിട്ടുണ്ടു്. എന്നാൽ സത്യത്തിൽ പൊതുജനങ്ങളുടെ കയ്യിൽ ഇപ്പോൾ ഈ സംഗതിയെ സംബന്ധിക്കുന്ന സംഗതമായ ഒരു റിക്കാർഡുള്ളതു് ഫൻ൪ഫ-ലെ സെൻസസ്സു് റിപ്പോർട്ടു് മാത്രമാണു്. അതിനെ ആസ്പദമാക്കി ഈ സംസ്ഥാനത്തിനു് ആകപ്പാടെയുള്ള ഫാവു സീറുകളെ വിഭജിച്ചാൽ ഫൻ൪ഫ-ൽ ഉദ്ദേശം ന്യൂ൯,൪൫൦ ജനസംഖ്യയുണ്ടായിരുന്ന ഒരു സ്ഥലത്തെ ഒരു പ്രത്യേകനിയോജകമണ്ഡലമായി ഗണിക്കാമെന്നു് കണക്കുകൂട്ടി നോക്കിയാൽ ബോദ്ധ്യമാകുന്നതാണു്. അതിനുശേഷം പ്രായപൂർത്തിയായവരുടെ ഒരു കണക്കെടുപ്പു ഗവണ്മെണ്ടിൽനിന്നും നടത്തിയിട്ടുണ്ടെങ്കിലും അതിന്റെ കണക്കുകളും യഥാവസരം പ്രസിദ്ധംചെയ്തിട്ടില്ല. ആ കണക്കെടുപ്പിനെപ്പറ്റിത്തന്നെ ഈ രാജ്യത്തു വളരെ ആക്ഷേപങ്ങളും ഉണ്ടായി. ഒടുവിൽ ആ കണക്കെടുപ്പു് ഉപേക്ഷിക്കുകയും ഈ അടുത്തകാലത്തു വേറൊരു കണക്കെടുപ്പു നടത്താൻ ഉത്തരവു നൽകുകയും ചെയ്തു. അതിനെപ്പറ്റിയും ധാരാളം ആക്ഷേപങ്ങളും ഈ നാട്ടിൽ ഉണ്ടായിട്ടുണ്ടു്. ആ നടന്നകാലത്തു പല ആളുകളുടെയും ലിസ്റ്റിൽ ചേർക്കാതിരുന്നതായും, എന്നുമറേറാരന്മാർ പല വീടുകളും ചില പ്രദേശങ്ങളുംതന്നെയും സന്ദർശിക്കാതിരുന്നതായും, ചില പ്രത്യേക ഉദ്ദേശങ്ങളോടുകൂടി ചിലസ്ഥലങ്ങളിൽ ചിലയാളുകളും പ്രായപൂർത്തിയാകാത്തവരേയും വാസ്തവത്തിൽ ഇല്ലാതിരുന്ന ആളുകളേയും ഉൾപ്പെടുത്തി ലിസ്റ്റിന്റെ കണക്കിലധികം വലുതാക്കിയിട്ടുള്ളതായും ധാരാളം ആക്ഷേപങ്ങളുണ്ടായിരുന്നു. ആ ആക്ഷേപങ്ങളും പത്രങ്ങളിലും മറ്റും വരുന്നുണ്ടായിരുന്നു. ആ ആക്ഷേപങ്ങൾക്കു പരിഹാരം ചെയ്യാനുള്ള ഒരൊറ്റ അവസരം ഇനി വരുന്നതായ പ്രാരംഭലിസ്റ്റിന്റെ പരിശോധനചെയ്യുന്നതിനുശേഷവും ഫൈനൽ ലിസ്റ്റു് അംഗീകരിക്കുന്നതിനുമുമ്പും മാത്രമാണു്. അതുവരെ കാത്തിരിക്കാതെ, അതായതു് ഫൈനൽ ഏലക്ടോറൽ റോൾസു് വരുന്നതുവരെ യഥാർത്ഥം പറഞ്ഞാൽ യാതൊരു കണക്കുവച്ചുകൊണ്ടും ശരിയായ നിയോജകമണ്ഡലവിഭജനം സാദ്ധ്യമല്ല. ഇപ്പോൾ കണ്ടുപിടിച്ചി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്ന ഫാർമുലാ ശരിയായ ജനസംഖ്യ കണ്ടുപിടിക്കുന്നതിനു് ഉതകുന്നതല്ല. ഇപ്പോൾ നമ്മുടെ മുമ്പിൽ ഇരിക്കുന്നതായ ലിസ്റ്റു വച്ചുകൊണ്ടു താൽക്കാലികമായിട്ടെങ്കിലും നിയോജകമണ്ഡലവിഭജനം നടത്തുക എന്നുവച്ചാൽ അതിൽ വളരെ പ്രധാനമായ ഒരു വൈകല്യമുണ്ടു്. അതായതു് ഇതു് അവസാനമായ ഒരു സംഖ്യയെ അടിസ്ഥാനമാക്കിയുള്ള ഒന്നല്ല. അതു് ഇനിയും റിവിഷനു വിധേയമാണു്. അതുകൊണ്ടു് ഫൈനൽ-ലെ സെൻസസ്സു് റിപ്പോർട്ടു് വച്ചുകൊണ്ടു് അതിനുശേഷം ജനസംഖ്യ മൊത്തത്തിൽ ഇത്ര ശതമാനം വർദ്ധിച്ചിരിക്കും എന്ന ഒരടിസ്ഥാനത്തിൽ കണക്കുകൾ ശരിപ്പെടുത്തുക മാത്രമേ ഒരു പോംവഴിയായി ഞാൻ കാണുന്നുള്ളൂ. ഫൈനൽ-നും ഫൈനൽ-നും മദ്ധ്യേ ഫൈനൽ ശതമാനം ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നാണു് കാണുന്നതു്. ഫൈനൽ-നുശേഷം ഇപ്പോൾ. ഒൻപതരക്കൊല്ലം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് ഫൈനൽ-ൽ ഈ രാജ്യത്തുണ്ടായിരുന്ന ജനസംഖ്യ കണക്കാക്കിയിട്ടു് അതിൽ ഒരു ഫൈ ശതമാനംകൂടെ വർദ്ധിച്ചിരിക്കും ഇപ്പോഴത്തെ ജനസംഖ്യ എന്നു തീരുമാനിക്കുന്നപക്ഷം അതു് ഏറക്കുറെ ശരിയായിരിക്കും. എന്നാൽ അതിനകത്തു വരാതെ രണ്ടു പിന്നെയും ബാക്കിയുണ്ടാകും. അതായതു് ആ കണക്കനുസരിച്ചും മൂവ്മെൻറ് ഓഫ് പോപ്പുലേഷനെ സംബന്ധിച്ച വിവരങ്ങളും ശരിപ്പെടുത്താൻ സാദ്ധ്യമല്ല. അതു് ഒരു ശരിയായ സെൻസസ്സുകൊണ്ടു മാത്രമേ സാദ്ധ്യമാവുകയുള്ളൂ. നിയോജകമണ്ഡലവിഭജനത്തെ സംബന്ധിച്ചു് ഭരണഘടനയിലെ ൨൭൦-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് "The representation of each territorial constituency in the Legislative Assembly of a State shall be on the basis of the population of that constituency as ascertained at the last preceding census of which the relevant figures have been published..." എന്നാണു്. അതായതു് ഒരു ജനറൽ എലക്ഷനു് അടിസ്ഥാനമായി സ്വീകരിക്കാവുന്ന ജനസംഖ്യക്കണക്കുകൾ ഫ൦ കൊല്ലത്തിലൊരിക്കലെടുക്കുന്ന ജനറൽ സെൻസസ്സു് അനുസരിച്ചുള്ള കണക്കുകൾ മാത്രമാണു്. അങ്ങനെ ഇതിനെപ്പറ്റി ചർച്ച നടന്നപ്പോൾതന്നെ വ്യക്തമായ ഒരു സംഗതി എനിക്കോർമ്മയുണ്ടു്. അതായതു് ഫൈ-നുമേൽ എലക്ഷൻ നടക്കുകയാണെങ്കിൽ ഫൈ-ലെ സെൻസസ്സു് കണക്കുകളും അതിനു മുമ്പു നടക്കുകയാണെങ്കിൽ ഫൈനൽ-ലെ സെൻസസ്സു് കണക്കുകളും ആയിരിക്കും അടിസ്ഥാനമായി സ്വീകരിക്കുന്നതെന്നു് അന്നുതന്നെ പറഞ്ഞിട്ടുള്ളതാണു്. അതനുസരിച്ചു് ഫൈ-നുമുമ്പു് തെരഞ്ഞെടുപ്പു നടത്തുകയാണെങ്കിൽ ഫൈനൽ-ലെ സെൻസസ്സിനെത്തന്നെ അടിസ്ഥാനമാക്കണമെന്നു സിദ്ധിക്കുന്നുണ്ടു്. ആ സ്ഥിതിക്കു് ഇന്നിപ്പോൾ കണ്ടുപിടിച്ചിരിക്കുന്ന ഈ ഫാർമുലയോ അതുപോലുള്ള മറെറന്തെങ്കിലും സമ്പ്രദായമോ ഒന്നും ശരിയാണെന്നു പറയാൻ നിവൃത്തിയില്ല. ഈ സംഗതിയിലെങ്കിലും തളിയത്തു കമ്മിറ്റി ഒരു ശരി ചെയ്തു. അതായതു് ഒരു ക്ലിപ്തമായ അടിസ്ഥാനത്തിൽ, ഫൈ൭ ശതമാനം മാത്രമേ ജനസംഖ്യ വർദ്ധിച്ചിട്ടുള്ളൂ എന്നുവച്ചുകൊണ്ടു് ആ കമ്മിറ്റി ഡീലിമിറേഷൻ നടത്തി. അതു തോളും കായും വാസ്തവത്തിൽ ശരിയാണു്. ആ കമ്മിറ്റിയുടെ റിപ്പോർട്ടു് പുറത്തുവന്നിട്ടില്ലെന്ന വസ്തുത വിസ്മരിക്കാതെതന്നെ, അതിൻെറ പലവിവരങ്ങളും പത്രങ്ങളിൽ പരസ്യപ്പെടുത്തിക്കണ്ട അറിവു വച്ചുകൊണ്ടു് ഞാനിതു പറയുകയാണു്. എതായാലും യാതൊരു പ്രയോജനവുമില്ലാതെ പബ്ലിക്കു് ഫണ്ടു് ദുർവ്യയംചെയ്യാൻവേണ്ടി മാത്രം ഉപകരിച്ച ഒരു കമ്മിറ്റിയാണു് അതു് എന്നു പറയാതെ നിവൃത്തിയില്ല. ആ കമ്മിറ്റി ചെയ്ത ജോലികളെല്ലാം കണക്കുകൾ കൈവശമുള്ള ഒരാൾ അയാൾക്കു് ഈ രാജ്യത്തു സാമാന്യം സഞ്ചാരപരിചയം കൂടി സിദ്ധിച്ചിട്ടുണ്ടെങ്കിൽ ഒരു മുറിക്കകത്തിരുന്നു് പുറമയുള്ള ലോകവുമായി

LIBRARY ARCHIVES Kerala Legislative Assembly

[Sri. R. Sankar]

യാതൊരു സമ്പർക്കവും പുലർത്താതെ വെറും അഞ്ചോ ആറോ മണിക്കൂറുകൊണ്ട് സുഗമമായി ചെയ്യുതീർക്കാവുന്നതേയുള്ളൂ. ഒരു കമ്മിറ്റി ആറുമാസത്തോളം പബ്ലിക്ക് ഫണ്ടിൽനിന്ന് അനവധി പണം വ്യയംചെയ്ത് ഒരു റിപ്പോർട്ടുണ്ടാക്കിയതിനുശേഷം അതു യാതൊരു ഉപയോഗവുമില്ലാതെപോയി. കഴിഞ്ഞ ജൂൺമാസത്തിലാണെന്നു തോന്നുന്നു ഏലക്ഷൻ കമ്മീഷണർ ശ്രീ. സുകുമാരസെൻ ഇവിടം സന്ദർശിച്ചപ്പോൾ ഞാൻ അദ്ദേഹത്തെ സന്ദർശിക്കുകയും ഈ കമ്മിറ്റിയെപ്പറ്റിയും അതിന്റെ റിപ്പോർട്ടിനെപ്പറ്റിയും അദ്ദേഹത്തോട് സംസാരിക്കയുണ്ടായി. പക്ഷെ ആ കമ്മിറ്റിയെപ്പറ്റിയോ അതിന്റെ റിപ്പോർട്ടിനെപ്പറ്റിയോ അദ്ദേഹത്തിനു യാതൊരു കാര്യവുമില്ലെന്നും അതിനെപ്പറ്റി അറിയേണ്ട ആവശ്യംതന്നെ അദ്ദേഹത്തിനില്ലെന്നുമാണ് അദ്ദേഹം പറഞ്ഞതു്. അങ്ങിനെ ഒരു കമ്മിറ്റി തിരുവിതാംകൂർ ഗവണ്മെണ്ടു് ഉണ്ടാക്കിപോലും, ഉണ്ടാക്കിയില്ലപോലും അതു് അദ്ദേഹത്തിനറിഞ്ഞിട്ട കാര്യമില്ല. തിരുവിതാംകൂർ ഗവണ്മെണ്ടു സമർപ്പിക്കുന്ന ഒരു റിപ്പോർട്ടിനെപ്പറ്റി മാത്രമേ അദ്ദേഹത്തിനു പരിഗണിക്കേണ്ടതുള്ളൂ. അതാണ് അദ്ദേഹത്തിന്റെ നിലയെന്നു് സംഭാഷണത്തിൽ നിന്നും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചു. ആദ്യത്തെ കണക്കുകൾ അപ്പാടെ ഉപേക്ഷിച്ചു. രണ്ടാമതുണ്ടാക്കിയ തെറ്റായ കണക്കുകൾ വച്ചുകൊണ്ടു ചെയ്തിരിക്കുന്ന നിയോജകമണ്ഡലവിഭജനത്തെപ്പറ്റിയാണ് നാം ഇപ്പോൾ ചർച്ച ചെയ്യേണ്ടിയിരിക്കുന്നതു്. എന്നാൽ ഇപ്പോൾ നൽകിയിരിക്കുന്ന സ്റ്റേറ്റുമെൻറുകൾതന്നെ അബദ്ധങ്ങൾ നിറഞ്ഞതാണെന്നുള്ളതിനു് ഇതിൽ ധാരാളം ഉദാഹരണങ്ങൾ ഉണ്ടു്. അതു തന്നിരിക്കുന്നതുതന്നെയും അതെന്താണെന്നു വായിച്ചു പഠിച്ചു് കാര്യങ്ങൾ മനസ്സിലാക്കി ആക്കം ഒരു പ്രയോജനവും ഉണ്ടായിപ്പോകരുതെന്നും, ഉപയോഗമുള്ള യാതൊരു നിർദ്ദേശവും ആരും കൊടുത്തുപോകാനിടയാകരുതെന്നുമുള്ള ഏതോ ഒരു നിർബ്ബന്ധബുദ്ധിയോടുകൂടിയാണെന്നു തോന്നിപ്പോകും. ഇതിനകത്തെ കണക്കുകൂട്ടലുകൾതന്നെ അധികവും അബദ്ധമായിട്ടാണു്. ഒറ്റനോട്ടത്തിനു കണ്ടുപിടിക്കാവുന്ന അനേകം തെറ്റുകൾ ഇതിലുണ്ടു്. ചില ഉദാഹരണങ്ങൾ പറയാം. ഇതിലെ കണക്കനുസരിച്ചു് തൃശ്ശിവപേരൂർ താലൂക്കിലെ ജനസംഖ്യ ഫർശതമാനം കുറഞ്ഞിരിക്കുകയാണു്. ഞാൻ കണക്കുകൂട്ടിയപ്പോൾ ഫർശതമാനം കുറഞ്ഞിട്ടില്ലെന്നു മാത്രമല്ല വാസ്തവത്തിൽ ഫർശതമാനം വർദ്ധിച്ചിട്ടുമുണ്ടു്. ഇങ്ങനെയുള്ള സംഖ്യകളെ വിശ്വസിച്ചുകൊണ്ടു് എങ്ങിനെയാണു് നാം എന്തെങ്കിലും ഒരു തിരുമാനംചെയ്യുക? മൂന്നുദിവസത്തിനുമുമ്പു മാത്രമാണു് ഈ സ്റ്റേറ്റുമെൻറുതന്നെ ഞങ്ങൾക്കു തന്നിട്ടുള്ളതു്. മുമ്പു പഠിച്ചതു മുഴുവൻ തെറ്റാണെന്നും അതുകൊണ്ടു് ഇനി യാതൊരു പ്രയോജനവുമില്ലെന്നും പറഞ്ഞിട്ടാണു് ഈ പുതിയ കണക്കുകൾ ഞങ്ങൾക്കു തന്നിരിക്കുന്നതു്. മുമ്പത്തെ കണക്കുകൾ പുതിയ നിർദ്ദേശങ്ങളനുസരിച്ചു സ്വീകാര്യമേ അല്ല. അതു മുഴുവൻ നാം മറന്നുകളയേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്കു് ഞാൻ നോക്കിയിടത്തോളം ഈ പുതിയ നിയോജകമണ്ഡലവിഭജനം യാതൊരു ബുദ്ധിമുട്ടും കൂടാതെ കണക്കുകൂട്ടാൻ അറിയാവുന്ന ഒരാളെ ഒരിടത്തു പിടിച്ചിരുത്തി (ഒരു ഡാക്ടറുമിലായാലും മതി) വേറെ കാര്യങ്ങളൊന്നും ആലോചിക്കാനിടകൊടുക്കാതെ ഒരഞ്ചോ ആറോ മണിക്കൂറുകൊണ്ടു് എഴുതിച്ചു ശരിപ്പെടുത്തിയെടുക്കാവുന്നതേയുള്ളൂ. അങ്ങിനെയായാൽ ഇതനുസരിച്ചു യാതൊരു കുഴപ്പവും ഉണ്ടാവുകയില്ല. വളരെ അപ്രധാനമെല്ലാം പ്രസംഗിക്കാറുണ്ടെങ്കിലും വാസ്തവത്തിൽ ഇതിനകത്തു് വളരെ അപകടങ്ങൾ (mischiefs) ഉണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഞാൻ അതിനെപ്പറ്റി അല്പം ആലോചിച്ചുനോക്കി. എനിക്കു നേരത്തേ ഉണ്ടായിരു

LIBRARY ARCHIVES Kerala Legislative Assembly

ന്ന ചില സംശയങ്ങൾ ശരിയാണെന്ന് അപ്പോഴെനിക്ക ബോദ്ധ്യമായി. അ തിനെക്കുറിച്ച വിശദമായി എന്തെങ്കിലും പറയണമെന്ന ഞാൻ ഉദ്ദേശിക്കുന്നി ല്ല. എങ്കിലും സഭയുടെ അറിവിനായി, അതിന്റെ ഒരു പശ്ചാത്തലം ബഹുമാ നപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലിരിക്കേണ്ടതു് ആവശ്യമാണെന്ന തോന്നുന്നതു കൊണ്ടുമാത്രം അല്പം ചിലതു പറയാം. തളിയത്തു കമ്മിറ്റി റിപ്പോർട്ടിനെ പ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. ഇന്നു് ഇവിടെ തന്നിരിക്കുന്നതായ കണക്ക കും, അതായതു് ക്യാബിനറ്റ സ്വീകരിച്ച എന്നു പറയുന്നതായ ഈ കണക്ക കും നോക്കിയാൽത്തന്നെ അതിനും യഥാർത്ഥത്തിലുള്ള ജനസംഖ്യ വർദ്ധ നവിനുമായി വളരെ വളരെ വ്യത്യാസങ്ങളുണ്ടെന്നു നിഷ്പ്രയാസം കാണാം. ചില ഉദാഹരണങ്ങൾ പറയാം. തോവാള താലൂക്കിലെ ജനസംഖ്യ ൨൯ ശതമാനം വർദ്ധിച്ചിരിക്കുന്നു. നാഗരുകോവിൽ മുനിസിപ്പൽ ടൌൺനിൽ ൪൫ ശതമാനം വർദ്ധിരിക്കുന്നു. എന്നാൽ നാഗരുകോവിൽ പകുതിയിൽ അതു് അഞ്ചിൽ ഒന്നായി കുറഞ്ഞുപോയിരിക്കുന്നു. പീരുമേട് താലൂക്കിലും ജ നസംഖ്യ ൪൦ ശതമാനം കുറഞ്ഞിരിക്കുകയാണു്. ഇങ്ങനെ നോക്കിയാൽ അഞ്ചിൽ ഒന്നുവരെ കുറഞ്ഞിട്ടുള്ളതുമുതൽ ൪൫, ൫൦ ശതമാനം വർദ്ധിച്ചിട്ട ള്ളതുവരെ ഉള്ള കണക്കുകൾ ഇതിൽ പലയിടത്തും കാണുന്നുണ്ടു്. ഇതു തീരെ ശരിയല്ലെന്നു് വളരെ പ്രത്യക്ഷമാണു്. എതായാലും ഈ കണക്കുകൾ നാം താ ല്ക്കാലികമായിട്ടുമാത്രമല്ല സ്വീകരിച്ചിട്ടുള്ള എന്നു് സമാധാനിക്കാം. ഏറ റവും മുഖ്യമായി ആദ്യം നോക്കേണ്ട ഒരു സംഗതി ഒരു നിയോജക മണ്ഡലത്തിൽ ഇത്ര ജനസംഖ്യ ഉണ്ടായിരിക്കണം എന്ന വസ്തുതയാണു്. എന്നാൽ ഇപ്പോ ഴത്തെ വ്യവസ്ഥയനുസരിച്ച നിയോജകമണ്ഡല വിഭജനം താലൂക്കുത്തിരികളെ മാറാതെ സാധിക്കണമെന്നാണു് കാണുന്നതു്. ഒരു നിയോജകമണ്ഡലത്തിൽ കുറഞ്ഞതു ൧൫,൦൦൦ എങ്കിലും ജനസംഖ്യ ഉണ്ടായിരിക്കണമെന്നും പറയു ന്നുണ്ടു്. ൨൫,൦൦൦-ൽ കൂടരുതെന്നും വ്യവസ്ഥയുണ്ടെന്നു പറയുന്നു. ഇത്ര യും കാര്യങ്ങൾ വച്ചുകൊണ്ടു് യാതൊരു സംശയവും കൂടാതെ എനിക്കു പറയു വാൻ കഴിയും സുപ്രീംകോർട്ടിന്റെ കീഴിലുള്ള ആരുവിചാരിച്ചാലും ഈ തത്വങ്ങൾ ലം ഘിക്കാതെ ഇവിടെ നിയോജകമണ്ഡല വിഭജനം നടത്താൻ സാദ്ധ്യമല്ലെന്നു്. ൧൫,൦൦൦ എന്നു് ക്ലിപ്തമായ ഒരു സംഖ്യ അടിസ്ഥാനമാക്കി വച്ചുകൊണ്ടു നിയോജകമണ്ഡലവിഭജനം ഒരു രാജ്യത്തും സാദ്ധ്യമല്ല. ൧൫,൦൦൦ എ ന്നോ ൨൦,൦൦൦ എന്നോ ൨൫,൦൦൦ എന്നോ അധികം വ്യത്യാസം കൂ ടാതെ ഒരു പൊറിയ മാർജ്ജിൻ അനുവദിച്ചുകൊണ്ടു് നിയോജകമണ്ഡല വിഭ ജനം ആരംഭിച്ചാലല്ലാതെ ഇതു പ്രായോഗികമാക്കാൻ സാദ്ധ്യമല്ല. പകുതി യാണു് നിയോജകമണ്ഡല വിഭജനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പൊ റിയ റവന്യൂയൂണിറ്റ എന്നു പറയുന്നു. ഒരു പകുതിയിൽ ശരാശരി ൫൦൦൦ വോട്ടറന്മാർ ഉണ്ടായിരിക്കുമെന്നും ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പറയുകയു ണ്ടായി. തെക്കു നിന്നു തുടങ്ങിയാൽ ചിറയിൻകീഴ് താലൂക്കുവരെ, നെടുമ ങ്ങാടു താലൂക്കിനെ ഒഴിച്ചാൽ, ഈ കണക്കു് ഏതാണ്ടു് ശരിയാണെന്നു വരാം. എന്നാൽ അതുകഴിഞ്ഞു കൊല്ലവും കൊട്ടാരക്കരയും മുതൽ വടക്കോട്ടു് കൊച്ചുവ രെ വളരെ വലിയ പകുതികളാണുള്ളതു്. ഉദാഹരണത്തിനു പറയുകയാണെ ങ്കിൽ റാന്നി പകുതിക്കുമാത്രം തന്നെ തോവാള താലൂക്കിനെക്കാൾ വളരെ വലി പ്പമുണ്ടു്. ജനസംഖ്യ ൧൯,൦൦൦-ൽ പരമാണു്. കൊല്ലം ആകപ്പാടെനോ ക്കുമ്പോൾ മൂന്നുലക്ഷത്തിൽപരം ജന സംഖ്യ വരും. അവിടെ എട്ടോ ഒൻപ തോ പകുതികളെയുള്ളു. ആ താലൂക്കിൽ ഒരറ്റത്തുനിന്നും ഡീലിമിറ്റുചെയ്തു പോകുമ്പോൾ, ചില മണ്ഡലങ്ങളിൽ ജന സംഖ്യ ൨൫,൦൦൦-ൽ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

[Sri. R. Sankar]

വരും. അതുകൊണ്ടു ഞാൻ പറയുന്നതു് ഇപ്പോഴത്തെ വ്യവസ്ഥ കഴിയുമെങ്കിൽ മാറ്റാൻ തന്നെ ശ്രമിക്കേണ്ടതാണു്. ഡീലിമിറ്റേഷൻ കഴിവുള്ളിടത്തോളം ഒരു താലൂക്കിനുള്ളിൽതന്നെ വരുത്തത്തക്കവണ്ണം ജനസംഖ്യയുടെ മാനദണ്ഡം അല്പം കൂടി മേല്പോട്ടും കീഴോട്ടും പോകത്തക്ക വ്യവസ്ഥ വരുത്തുവാൻ അതുവരെ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഡീലിമിറ്റേഷൻ താലൂക്കുകളുടെ അതിർത്തികളിൽതന്നെ നിൽക്കണമെന്നു നിർബ്ബന്ധപൂർവ്വം പറയുന്നതുകേട്ടു. അതു താലൂക്കിനോടുള്ള പ്രത്യേക മമത കൊണ്ടല്ല. എലക്ടറൽ സൗകര്യത്തിനു താലൂക്കടിസ്ഥാനത്തിൽ ഡിലിമിറ്റ ചെയ്യുന്നതുകൊണ്ടു സിദ്ധിക്കും. എല്ലാ ഗവൺമെണ്ടുകളും ചെയ്യുന്നതു്, റവന്യൂ ഉദ്യോഗസ്ഥന്മാരെ എലക്ടറൽ ഉദ്യോഗസ്ഥന്മാരായും, എലക്ഷൻ ആഫീസറന്മാരായും നിയമിക്കുക എന്നുള്ളതാണു്. അതുകൊണ്ടു താലൂക്കിന്റെ അതിർത്തിക്കുള്ളിൽ നിയോജകമണ്ഡലം വരുത്തുന്നതു കായ്നടത്തിപ്പിനു് വളരെ നല്ലതാണു്. ഇന്നത്തെ വ്യവസ്ഥവച്ചു് ഏതെങ്കിലും ഒരു താലൂക്കിനെമാത്രം എടുത്തുഡീലിമിറ്റ ചെയ്യുന്നപക്ഷം വലിയ വിഷമം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഉദാഹരണമായി പറഞ്ഞാൽ, തിരുവല്ലാതാലൂക്കുതന്നെ എടുക്കാം. അവിടെ എത്ര ജനസംഖ്യയുണ്ടു്, എത്ര പകുതികളുണ്ടു്, ഇവ രണ്ടുംകണക്കാക്കി ഒരു സീറ്റ താലൂക്കിനു് കണക്കാക്കുന്നതിനു് ലഭിക്കത്തക്കവണ്ണം ഡീലിമിറ്റ ചെയ്യാൻ സാധിച്ചേക്കും. അധികം വരുന്നതു് അടുത്ത താലൂക്കുകൾക്കു വിട്ടുകൊടുത്തോ, പോരാതെ വരുന്നപക്ഷം മറ്റേ താലൂക്കിലുള്ള ഏതെങ്കിലും പകുതി കൂട്ടിച്ചേർത്തോ ഇതു ശരിപ്പെടുത്തുവാൻ കഴിയും. എന്നാൽ രാജ്യവ്യാപകമായ തോതിൽ ഡീലിമിറ്റചെയ്യുമ്പോൾ ഈ തത്വം നോക്കാൻ ഒക്കുകയില്ല. എങ്കിലും കഴിവുള്ളിടത്തോളം എല്ലാ താലൂക്കിന്റേയും ഭൂരിഭാഗം ഉൾക്കൊള്ളുന്ന നിയോജകമണ്ഡലം ഡീലിമിറ്റചെയ്യുവാൻ സാദ്ധ്യമാണു്. താലൂക്കിന്റെ അതിർത്തിയിൽതന്നെ നിൽക്കാൻ സാദ്ധ്യമല്ലായിരിക്കാം. പക്ഷെ ഒരു ഡിസ്ട്രിക്ടിന്റെ അതിർത്തിയിൽ ഇതു വരുത്തുവാൻ യാതൊരു പ്രയാസവുമുണ്ടാകുകയില്ല. ഒരു ഡിസ്ട്രിക്ടിനു് ഇരുപത്താറു മുക്കാൽ സീറ്റിനേ അവകാശമുള്ളു എന്നതുകൊണ്ടാൽ അതു ഇരുപത്തേഴു ആക്കണമെന്നേയുള്ളു. അതിനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണം. ശ്രമിച്ചാൽ ആ സ്വാതന്ത്ര്യം കൈവരുത്താൻ സാധിക്കുമെന്നാണെന്റെ വിശ്വാസം. ശ്രീ. പാച്ചുപിള്ള പറഞ്ഞതുപോലെ തിരുവല്ലാ കാവുംഭാഗം പകുതിയെടുത്തു് ചങ്ങനാശ്ശേരി താലൂക്കിലേക്കും, ചേർത്തല അരൂർ പകുതി കുമ്പളത്തിയിലേക്കും, വൈക്കം താലൂക്കിലെ പല പകുതികളും കൊച്ചിയിലേക്കും കൂട്ടിച്ചേർക്കാതെ കഴിക്കാമായിരുന്നു. ഇപ്പോൾ ചെയ്തിരിക്കുന്ന ഡീലിമിറ്റേഷൻ ഡിസ്ട്രിക്ടിനേയും അതിലംഘിച്ചു് അങ്ങനെ പോകുകയാണു്. അതിന്റെ ഫലമോ, കോട്ടയം ഡിസ്ട്രിക്ടിനെപ്പറ്റിമാത്രം എടുത്താൽ ൨൫ സീറ്റുകൾ കിട്ടേണ്ടതിനു പകരം ൨൯ സീറ്റുകളാണു കിട്ടിയിരിക്കുന്നതു്. തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിനാകട്ടെ, ൨ സീറ്റ കൂടുതലും കിട്ടി. സീറ്റുകൾ വിഭജിക്കുന്നതിൽ യാതൊരു സൌകര്യവും നോക്കിയിട്ടില്ലെന്നുള്ളതു് പ്രത്യക്ഷമാണു്. ചെങ്കോട്ട താലൂക്കിലെ ജനസംഖ്യ ഇപ്പോൾ ഇരിക്കുന്ന കണക്കനുസരിച്ചു് ൫,൦൦൦ മേ വരികയുള്ളു. വല്ല വിധത്തിലും ഇപ്പോൾ പറ്റപ്പെടുവിച്ചിരിക്കുന്ന വ്യവസ്ഥകൾക്കു ഒരു ഭേദഗതി വരുത്തി, അതിലേക്കു് തീവ്രമായി ഇൻഡ്യാ ഗവൺമ്മെണ്ടിനോടും, ഡീലിമിറ്റേഷൻ കമ്മിറ്റിയോടും ആവശ്യപ്പെട്ടിട്ടായാലുംശരി, എങ്ങനെയെങ്കിലും ഒരു സീറ്റ ആ താലൂക്കിനു കൊടുക്കേണ്ടതാണു്. അതുപോലെ ദേവികുളത്തേക്കും, പീരുമേട്ടേക്കും ഓരോ പ്ര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്യേകം സീറ്റുകൾ കൊടുക്കേണ്ടതാണ്. അങ്ങനെ കൊടുക്കുന്നതു് അസാധ്യമായ ഒരു കാര്യമാണെന്നു എനിക്കു തോന്നുന്നില്ല. ഏതു നിലയിലായാലും അതുത്തി പ്രദേശങ്ങളിൽ കിടക്കുന്ന ഈ താലൂക്കുകൾക്കു പ്രത്യേകം പ്രാതിനിധ്യം കൊടുക്കേണ്ടതാണെന്നു ഇൻഡ്യാ ഗവൺമെണ്ടിനെ ധരിപ്പിക്കുകയും ഏറ്റവും തീവ്രമായി ആവശ്യപ്പെടുകയും ചെയ്താൽ ഇക്കാര്യം സാധിക്കാമെന്നാണ് എനിക്കു തോന്നുന്നതു്. അതുപോലെ അഞ്ചൽ പകുതി, പത്തനാപുരത്തോടു ചേത്തിരിക്കുന്നു. അഞ്ചൽ പകുതി എടുത്താൽ പത്തനാപുരം താലൂക്കിനു് ഒരു ഇൻഗ്രിറ്റിയില്ല. ൪൫,൦൦൦ത്തോളം ജനസംഖ്യ വരുന്ന ചെങ്കോട്ടയുടെ കൂടെ ൨,൦൦൦ ജനസംഖ്യ വരുന്ന അഞ്ചൽ പകുതി കൂടി ചേത്തു ഒരു സീറ്റു എന്നു പറഞ്ഞിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. സാംബൂർ വടകരയും, പത്തനാപുരവും കൂടി ഒരു നിയോജകമണ്ഡലമാക്കിയിരിക്കുന്നു. ഈ രണ്ടു സ്ഥലങ്ങളുംതമ്മിൽ ൪൫ മൈൽ ദൂരമുണ്ടു്. ഇങ്ങനെ നോക്കുമ്പോൾ ഏറ്റവും അപ്രായോഗികമായ ഒരു ഡീലിമിറ്റേഷനാണു ഇപ്പോൾ നടത്തിയിരിക്കുന്നതെന്നുകാണാം. അതുപോലെ പീരുമേടു താലൂക്കിനു ജനസംഖ്യകൊണ്ടു നോക്കുമ്പോൾ മിക്കവാറും ഒരു സീറ്റു കിട്ടുവാൻ വളരെ അടുത്തു വന്നിട്ടുണ്ടു്. ശ്രീ. ടി. കെ. യുടെ ഫാർമൂലാ വച്ചു നോക്കുമ്പോൾ, ൧൨,൪൫൨ ആണു് അവിടത്തെ ജനസംഖ്യ. ൧൫,൦൦൦ തികയുവാൻ ൨൫൪൮ ഓളം ആളുകൾ മതി. അതിനോടുകൂടി ചേത്തിരിക്കുന്നതു പഴയ സെൻസസ്സും പ്രകാരം ൪൨,൦൦൦ ജനസംഖ്യ വരുന്ന വലിയ ഒരു പകുതിയായ കാഞ്ഞിരപ്പള്ളി പകുതിയാണു്. വേണ്ടതു ൨൫൦൦, എന്നാൽ ചേത്തതു ൪൨൦൦൦. അവിടെ വേറെ ഏതെങ്കിലും പകുതികൂടി ചേർക്കാൻ യാതൊരു വഴിയുമില്ല. അങ്ങനെ വരുമ്പോൾ ഒരു പോളിങ്ങ് സ്റ്റേഷന്റെ അത്രത്തിമാത്രം വരുന്ന മുണ്ടക്കയം ടൗൺ മാത്രമെങ്കിലും അതിനോടു കൂട്ടിച്ചേത്തിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു. മൂവാറ്റുപുഴ താലൂക്കിൽ കൂട്ടമംഗലം പകുതിയെടുത്തു ദേവികുളത്തോടു ചേത്തിരിക്കുന്നു. കൂട്ടമംഗലത്തു നിന്നും വളരെ ദൂരം സഞ്ചരിച്ചു മൂന്നാറിൽ ചെന്നതിനു ശേഷമാണു പിന്നെ വോട്ടറെ കാണാൻ സാധിക്കുന്നതു്. ഒരു സീറ്റിലെ ജനസംഖ്യ ഇത്രമുതൽ ഇത്രവരെ പോകണമെന്നു ഇപ്പോൾ ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു പറയുന്നുണ്ടെങ്കിലും, മുമ്പു് ചെയ്തു വച്ചിരുന്ന ഏർപ്പാടനുസരിച്ചു മറ്റുള്ള നിയോജകമണ്ഡലത്തിനു ൪൫,൪൫൨ ആളുകളെ ഉള്ളുവെങ്കിലും ഒരു സീറ്റു നൽകിയിരിക്കുന്നു. എന്നിട്ടാണു ൫൫,൦൦൦ ജനസംഖ്യ വരുന്ന ചെങ്കോട്ട താലൂക്കിനു ഒരു സീറ്റു കൊടുക്കാത്തതു്. പഴയ കണക്കും പുതിയ കണക്കുമായി നോക്കുമ്പോൾ തൊടുപുഴ താലൂക്കിലെ കരിമണ്ണൂർ നിയോജകമണ്ഡലം, ഇപ്പോഴത്തെ പീരുമേടു നിയോജകമണ്ഡലം എന്നിങ്ങനെയുള്ള സീറ്റുകളിൽ ഞാൻ ആദ്യം പറഞ്ഞതിന്റെ രണ്ടരയിരട്ടിയോളം വരുന്ന ജനസംഖ്യയുണ്ടെന്നു കാണാം. ഇതും ന്യായീകരിക്കാവുന്നതല്ല. ഇതു മുഴുവനായി സ്ക്രാപ്പു ചെയ്യുകയാണു വേണ്ടതു്. ഡീലിമിറ്റേഷൻ ചെയ്യുമ്പോൾ ഏതെല്ലാം തത്വങ്ങൾ ആണോ അതുണ്ടാക്കിയ ആളുകളുടെ മനസ്സിലുണ്ടായിരുന്നതു്, ആ തത്വങ്ങൾ പാലിക്കുവാൻപോലും അവർക്കു കഴിഞ്ഞിട്ടില്ല.

ഇപ്പോൾ ഈ സഭയിലെ അംഗങ്ങളുടെ മുൻപിൽ തന്നിരിക്കുന്ന ഒരു കണക്കുണ്ടു്. ഈ കണക്കും ശരിയല്ലെന്നു ഞാൻ ആദ്യമെ പ്രസ്താവിച്ചുകൊള്ളുന്നു. ഇതു പ്രിലിമിനറി എന്യൂമറേഷനെ ആസ്പദമാക്കിയുള്ള കണക്കാണു്. റിവൈസ് ചെയ്യേണ്ടതുമാണു്. പോപ്പുലേഷൻ വെച്ചുകൊണ്ടു വോട്ടർമാരുടെ സംഖ്യ ഇങ്ങനെ കണക്കുകൂട്ടാവുന്നതല്ല. പോപ്പുലേഷനും പ്രായപൂർത്തിയുള്ള ആളുകളുമായി അടുത്ത ബന്ധമുണ്ടായിരിക്കണമെന്നില്ല. ഒരു സ്ഥലത്തു ആകെയുള്ള

[Sri. R. Sankar]

ജനസംഖ്യയുടെ ൪൫ ശതമാനം പ്രായപൂർത്തിയുള്ളവർ കാണുമ്പോൾ, മറ്റൊരു സ്ഥലത്തു് ൫൫ ശതമാനം കണ്ടുവെന്നുവരാം. പ്രായപൂർത്തിയുള്ളവരുടെ ശതമാനക്കണക്കു് ഏഷ്യയിലും യൂറോപ്പിലും വ്യത്യസ്തമാണു്. ഒരു രാജ്യത്തിനകത്തുതന്നെയുള്ള രണ്ടു ഭാഗങ്ങളിലും ആ വ്യത്യാസമുണ്ടാകും. ഒരു താലൂക്കിൽ, ഏതെങ്കിലും ഒരു പകർച്ചവ്യാധി വന്നു് അനവധി കുഞ്ഞുങ്ങൾ മരിച്ചുപോയി എന്നിരിക്കട്ടെ. അപ്പോൾ അവിടത്തെ ജനസംഖ്യയിൽ കൂടുതൽ ശതമാനം പ്രായപൂർത്തി വന്നവർക്കായിരിക്കും. അതുകൊണ്ടു് ആ തോതുവച്ചു വോട്ടർമാരുടെ എണ്ണം കണക്കാക്കുന്ന രീതി ശരിയല്ല. ഇതെല്ലാമാണെങ്കിലും വോട്ടർമാരുടെ സംഖ്യ തിട്ടപ്പെടുത്തുവാൻ ഇപ്പോൾ നമുക്കു ലഭിച്ചിട്ടുള്ള ഒരേ ഒരു ബേസിസ്സു് അതു മാത്രമാണല്ലൊ. ഈ കണക്കനുസരിച്ചുതന്നെ ഓരോസ്ഥലത്തും ജനസംഖ്യ വർദ്ധിച്ചിരിക്കുന്നതു് എങ്ങിനെയാണെന്നു നോക്കുക. ചെങ്കോട്ടതാലൂക്കിലെ ജനസംഖ്യ ൩൫ ശതമാനം വർദ്ധിച്ചപ്പോൾ, കരുനാഗപ്പള്ളിയിൽ ൫൫ ശതമാനമെ കൂടിയിട്ടുള്ളൂ. നെയ്യാറ്റിൻകരയിൽ ൨൫ ശതമാനം മാത്രമാണു കൂടിയിട്ടുള്ളതു്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി : ഈ കണക്കു് എവിടന്നു കിട്ടി?

ശ്രീ. ആർ. ശങ്കർ : അതു ഇപ്പോഴുള്ള വോട്ടർമാരുടെ സംഖ്യയെ ൨.൦൬ കൊണ്ടു ഗുണിച്ചു, ൧൯൫൧-ലെ ജനസംഖ്യ കാണുവാൻ വേണ്ടി.

I am computing the percentage increase of the population up to the date on which the preliminary enumeration was taken.

Sri. P Balakrishnan Thampi : Was it not the enumeration of the voters?

Sri. R. Sankar : No. According to the formula supplied by Government the population can be computed by multiplying the number of adults by 2·06.

ആ കണക്കനുസരിച്ചു നോക്കുമ്പോൾ നെയ്യാറ്റിൻകരയ്ക്കു വ്യ ശതമാനവും വിളവങ്കോടിനു ൧൦ ശതമാനവും, അഗസ്തീശ്വരത്തിനു ൨൦ ശതമാനവും ചങ്ങനാശേരിക്കു ൨൦ ശതമാനവും, കോട്ടയത്തിനു് ൨൨ ശതമാനവും ജനസംഖ്യ വർദ്ധിച്ചിട്ടുള്ളതായി കാണാം. അതേസമയം മീനച്ചിലിനു് ൫ ശതമാനം മാത്രമെ വർദ്ധിച്ചിട്ടുള്ളൂ. ഇതൊക്കെ നോക്കുമ്പോൾ ഈ കണക്കിനും എന്തോ തകരാറുണ്ടെന്നുള്ളതു പ്രത്യക്ഷമാണു്.

മൈഗ്രേഷൻ ഓഫ് പാപ്പുലേഷൻ അനുസരിച്ചു് ദേവികുളത്തും പീരുമേട്ടും മുൻപുണ്ടായിരുന്നതിൽ കൂടുതൽ ആളുകൾ കുടിയേറിപ്പാർത്തിരിക്കും. എന്നാൽതന്നെയും, വലിയ പ്രയാസമൊന്നും കൂടാതെ അതിന്റെ കണക്കെടുക്കാവുന്നതാണു്. എന്നാൽ ഞാൻ മുൻപുദ്ധരിച്ച കണക്കനുസരിച്ചു് മുപ്പത്തിഅഞ്ചു മുതൽ ൫൫ ശതമാനം വരെ വേരിയേഷൻ വന്നിരിക്കുന്നതു് എങ്ങനെ നീതീകരിക്കും? ഈ കണക്കു് ഒരിക്കലും ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

Sri. P. Balakrishnan Tampi: Cannot there have been.....

Mr. Speaker: Order, order. It is right to confine to suggestions more than to arguments.

ശ്രീ. ആർ. ശങ്കർ : അങ്ങനെയാണെങ്കിൽ അതായിരിക്കും ശരി. ഞാൻ പറഞ്ഞതു് ഈ കണക്കനുസരിച്ചു നോക്കുമ്പോൾ എവിടെയോ തെറ്റു പറ്റിപ്പോയിട്ടുണ്ടെന്നാണു്. എന്നാൽ ജനസംഖ്യ സംബന്ധിച്ചു ശരിയായ ഒരു കണ

LIBRARY ARCHIVES Kerala Legislative Assembly

ക്ക കൊണ്ടുവരുന്ന സമയം അതു സ്വീകരിക്കുന്നതിൽ എനിക്ക വൈഷമ്യം ഇല്ല. നാം ഏതെങ്കിലും ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തിവേണം പ്രവർത്തിക്കുവാൻ. പലപ്പോഴും പല തത്വങ്ങളെ മുറുകിപ്പിടിച്ചു് പ്രവർത്തിച്ചാൽ അടിസ്ഥാനം തെറ്റിപ്പോകും. എന്റെ മാന്യസ്നേഹിതൻ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചതുപോലെ, നെയ്യാറിൻകര താലൂക്കിൽ മാരനല്ലൂർ എന്ന ഭാഗത്തു തുടങ്ങി നെടുമങ്ങാട്ടു താലൂക്കും, ചിറയങ്കീഴിലെ ചില പകുതികളും, കൊട്ടാരക്കരയിലെ ചില പകുതികളും, പത്തനാപുരവും, ചെങ്കോട്ടയും കുന്നത്തൂരിലെ ചില പകുതികളും മാവേലിക്കരയിലെ ഒരു പകുതിയും - ഉൾപ്പെടെയാണു് House of the People-നു് ഒരു നിയോജകമണ്ഡലം രൂപീകരിച്ചിരിക്കുന്നതു്. മാരനല്ലൂരിൽനിന്നും ഇപ്പോഴുള്ള റോഡിൽക്കൂടെ സഞ്ചരിക്കുകയാണെങ്കിൽ വടക്കാറും എത്തുന്നതിനു് ഏകദേശം ൽ ഒമൈൽ വേണ്ടിവരും. നിയോജകമണ്ഡലം വിഭജിക്കുന്നതു് റോഡിന്റെ സൗകര്യംകൂടി ഉദ്ദേശിച്ചു് ആയിരുന്നുയെങ്കിൽ വളരെ നന്നായിരിക്കുമായിരുന്നു. ഇപ്രകാരം ചെയ്തിരിക്കുന്നതു് എന്തോ ചില പ്രത്യേക ഉദ്ദേശത്തോടുകൂടിയാണെന്നുള്ളതു സ്പഷ്ടമാണു്. അങ്ങനെ വല്ല ഉദ്ദേശവും ഉണ്ടായിരുന്നെങ്കിൽ അതിനുവേണ്ടി ഇത്രയും പ്രയാസപ്പെടാതെ സാധിക്കാമായിരുന്നല്ലോ. സർ, സീറ്റുവിഭജനം ചെയ്യുന്നതിൽ വലിയ പ്രയാസമുണ്ടെന്നു് എനിക്കു തോന്നുന്നില്ല. അതായതു് ഒരു സീറ്റിനു വേണ്ടതായ ജനസംഖ്യകൊണ്ടു് ഒരു ഡിസ്ട്രിക്ടിലെ ജനസംഖ്യയെ ഹരിച്ചാൽ കിട്ടുന്ന ഫലമായിരിക്കും ആ ഡിസ്ട്രിക്ടിലെ സീറ്റുകൾ. അങ്ങനെ ഡിസ്ട്രിക്ടിലുള്ള സീറ്റുകൾ കണക്കാക്കിയശേഷം ഓരോ സീറ്റിന്റേയും നിയോജകമണ്ഡലം നിശ്ചയിക്കുക. ആ ഡിസ്ട്രിക്ടിന്റെ അതുത്തി ഒരിക്കലും മാറിപോകാതിരിക്കത്തക്കവണ്ണം ആയിരിക്കണം ഡീലിമിറ്റേഷൻ നടത്തേണ്ടതു്. ഡീലിമിറ്റേഷൻ നടത്തുമ്പോൾ ഗതാഗതസൗകര്യവും അതായതു് ഭൂമിശാസ്ത്രപരമായി റോഡിന്റെ കിടപ്പും മറ്റും പരിഗണിക്കേണ്ടതു വളരെ അത്യാവശ്യമാണു്. രണ്ടാമതായിട്ടു് സംസ്ഥാനത്തുള്ള അവശസമുദായങ്ങൾക്കു് അവരുടെ ജനസംഖ്യാനുപാതികമായ റിസർവേഷൻ കിട്ടുന്നുണ്ടോ എന്നുകൂടി നോക്കേണ്ടതായിട്ടുണ്ടു്. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയും ഷെഡ്യൂൾ കാസ്റ്റിലെ വോട്ടറന്മാരുടെ സംഖ്യയും തമ്മിൽ എന്താണോ ബന്ധം ആ അനുപാതത്തിൽതന്നെ ആയിരിക്കണം അവരുടെ സീറ്റുകളും നിശ്ചയിക്കേണ്ടതു്. അങ്ങിനെ ചെയ്യുമ്പോൾ ഏറ്റവും സൗകര്യമായി കിടക്കുന്ന രണ്ടു സീറ്റുകൾ ഒന്നുചേർത്തു് ഒന്നു റെസർവേഷനും മറ്റൊന്നു് ജനറൽ സീറ്റും ആക്കുന്നതു് നന്നായിരിക്കും. ഞാൻ ഒന്നുകൂടി വിശദീകരിക്കാം. കൊല്ലം ഡിസ്ട്രിക്ടിൽ നമ്മു നിയോജകമണ്ഡലങ്ങളും നാല റിസർവ്ഡ് സീറ്റുകളുമുണ്ടെന്നിരിക്കട്ടെ. ഇതിൽ ഷെഡ്യൂൾ കാസ്റ്റിന്റെ ജനസംഖ്യ എത്രയുണ്ടെന്നു നോക്കി ഏറ്റവും കൂടുതൽ വരുന്നതായ സ്ഥലം ഏതാണോ ആ സ്ഥലത്തു വേണം ആ വക്കു് സീറ്റുകൾ നിശ്ചയിക്കേണ്ടതു്. ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു് തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ൨൪ സീറ്റിൽ രണ്ടെണ്ണം റെസർവേഷൻ. കൊല്ലം ഡിസ്ട്രിക്ടിൽ ൨൪ സീറ്റിൽ നാലെണ്ണം റെസർവേഷൻ. കോട്ടയം ഡിസ്ട്രിക്ടിൽ ൨൫ സീറ്റിൽ രണ്ടെണ്ണം റിസർവേഷൻ. തൃശ്ശൂരിൽ ൨൯ സീറ്റിൽ മൂന്നു് റെസർവേഷൻ ഉൾപ്പെടെ ൧൦൨ സീറ്റിൽ ൧൫ സീറ്റുകൾ റെസർവ് ചെയ്തിട്ടുണ്ടു്. ആകെപ്പാടെ ജനസംഖ്യ നോക്കുമ്പോൾ ൧൦൯ മാത്രമേ കിട്ടുന്നുള്ളു. ൧൫ സീറ്റുകൾ അവശസമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചതിൽ എനിക്കു പരാതിയില്ല. ഇപ്പോഴത്തെ വ്യവസ്ഥയിൽ അപ്രാക്ടിമേറ്റ് ആയിട്ടു നിശ്ചയിച്ചിട്ടുള്ളതാണു്. അതിനെ ഞാൻ ഇവിടെ തന്നിരിക്കുന്ന ഫിഗേഴ്സിനെ ആസ്പദമാക്കി നോക്കുമ്പോൾ തെറ്റാണെന്നു് പറയുന്നില്ല. എന്നാൽ ഡീലിമിറ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

[Sri. R. Sankar]

ഈ രാജ്യത്തുള്ള സകലരും വളരെ ശ്രദ്ധയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഇപ്പോൾ നടന്ന ഡീലിമിറ്റേഷൻ ചരിത്രത്തിൽ എന്തോ ചില രഹസ്യങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. ഡീലിമിറ്റേഷൻ സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം ആരായുന്നതിനുള്ള സൗകര്യം കൊടുത്തിട്ടില്ലായെന്ന് നാട്ടിൽ പരക്കെ ഒരു പരാതി ഉണ്ടായിട്ടുണ്ട്. ഈ സംഗതിയെപ്പറ്റി ഒരു പൊതുഅഭിപ്രായം അറിയുന്നതിനുമുൻപ് ഡീലിമിറ്റേഷൻ ചെയ്തതു് അത്ര ശരിയായില്ല. ജനകീയഭരണം നടപ്പിലിരിക്കുന്ന നമ്മുടെ സംസ്ഥാനത്തെ ഏതെങ്കിലും ഒരു പാർട്ടിയുടെ താൽപര്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതു് അശേഷം ആശാസ്യമല്ല. ഇവിടത്തെ പാർലമെൻറി കമ്മിറ്റി ഒരു one പാർട്ടി കമ്മിറ്റിയാണ്. ഞാൻ പറയുന്നതു് ഏതെങ്കിലും വ്യക്തിയെയോ അല്ലെങ്കിൽ വ്യക്തിസമൂഹത്തേയോ ഉദ്ദേശിച്ചല്ലാ നാട്ടിൽ ജനകീയഭരണം ശോഭനമാക്കുന്നതിനുവേണ്ടി ഈ കാര്യങ്ങൾ പ്രസ്താവിക്കുന്നുയെന്നല്ലാതെ ഡീലിമിറ്റേഷനെപ്പറ്റി എന്തെങ്കിലും കുറവുകളോ കുറങ്ങുകളോ ഉണ്ടാക്കി പറയണമെന്നു ഉള്ള വിചാരത്തിലല്ലാ ഞാൻ ഇത്രയും പറഞ്ഞതു്.

Sri. A. Thanu Pillai : Sir, I practically agree with everything that has been stated here by my friend who spoke before me. There are some very serious defects relating to the way in which the entire question of delimitation of constituencies has been handled both by this Government and by the Government of India, and I may also say by the Parliament of India. But we have to act within certain limitations. When the Parliament has passed a law, there is no point in our criticising it. We have to act within its provisions.

Now Sir, before I go into the merits of the matter I would also try to make it plain that what has already been done in regard to this should entirely be undone. Now, this Government has sent up a list of constitutencies both for the local assembly and for the Central Legislature to the Central Government. What is the basis of that ? The basis of that list is certain figures which have now been seen to be absolutely wrong and faulty. The Chief Minister tells us that the constituencies were delimited first by the Thaliath Committee on the basis of population. Secondly, the Government revised that list by adopting a different basis of population Both these for practical purposes are seen to be of absolutely no use. The Thaliath Committee did probably what was better and probably what was right. As for the present population the best way of arriving at it is to ascertain the increase and then take the figures for the last census and arrive at the increase in the present figure. That I think is what the Taliath Committee did. Anyway, the report is not with me but that is a reasonable course to adopt but then the determination of population order came. I mean the order issued by the President of India. That undoubtedly was promulgated under Article. 318 of the Constitution, that is to say, "for the purposes of elections held under any of the provisions of this Constitution during a period of three years from the commencement of this Constitution the population of India or of any part thereof may, notwithstanding anything in this Constitution, be determined in such manner as the President may by order direct, and different provisions may be made for different states and for different purposes by such order". Now, under this provision, the Hon'ble President of India issued that determination of population order. So far as our State is concerned, Sir, there is no use in pointing out the provisions of that order. I can understand the point in it in relation to Bengal, United Provinces, Punjab and so on where a large number of refugees have come in. So that last census figures are practically of no use. But so far as our State is concerned, the best basis is the figures relating to 1941 census. No doubt, if the number of voters have been enumarated properly

LIBRARY ARCHIVES Kerala Legislative Assembly

the present course would be unobjectionable. But even the voters' list is not final. I may mention a minor matter to this House. My name was not included in the list of voters as enumerated by the enumeraters appointed by this Government This omission was pointed out in some papers. I think I am a well known person in the city of Trivandrum. Then later on the enumerater came to my house, apologised for his omission and thus my name was included. If that happened in the case of a person of course known in the city what about the hundreds of other people. So what I say is that the list as it is cannot be said to form a reasonably sound basis. Now what about the figures arrived at. Sir, the Government have been telling us that the basis of their list is not even these figures. Of course they acted on the basis of figures enumerated three years ago for the general elections last time. That has gone. They have recently given us the new figures but what after all is the use of the list that they have already prepared and submitted to the Government of India.

It should be freely conceded that the list is absolutely of no use. The co-efficient is substantially different and the entire calculation abopted is wrong. All these figures were not before the House and I would therefore request the Government to inform the Government of India forthwith and the Election Commissioner that they have proceeded absolutely on wrong data.

Sri. T. K Narayana Pillai : On insufficient data.

Sri. A. Thanu Pillai : So far as our purpose is concerned it is 'wrong data'. There is no question of insufficient data. For instance so far as Peermade is concerned a difference of 1,000 and odd people make it difficult for it being constituted into a constituency. Under the circumstances, how can we say it is only insufficient data ? I may not be misunderstood of accusing Government. The whole thing was faulty. The enumeration should have been done earlier. The whole thing is mismanaged by the local Government and the Central Government. The Central Government ought to have directed the local Governments to enumerate the voters in time. If they wanted elections in April 1951, they should have started business early enough. They have blundered. That is the plain fact. We cannot right away take that what is done in Delhi is always right. Delhi is capable of making as many huge mistakes as other people in other parts of India. And Delhi has grossly blundered in directing the local Governments to prepare the Constituencies before the necessary data is available. Our Government should immediately inform the Central Government the serious error that has been committed. The data is totally wrong as the voters in the different constituencies would be different if the proportion is different. This fact must be brought home to the Government of India. So let us not proceed on this wrong basis. Let the Parliamentary Committee take note of all these. If any help is required from this House, the best way, in view of the shortness of time, is to accept Mr. K. P. Nilakanta Pillai's amendment. It need not take many days. It is enough if the Members of the Committee sit together for a couple of days. I understand that the members of the Parliamentary Committee are here. They can sit with the members of this Committee for a couple of days. Tomorrow and day after tomorrow are holidays and I think the work can be finished by then. The members suggested in the amendment come from all groups: the Tamil Nad, the Democratic Congress and my own party, besides the distinguished Independent member from Cochin. Simply because the motion is sponsored by us, Government should not be under the impression not to accept it. This is not a party matter. As has been pointed out here, this matter has been made a party affairs from the start. The Parliamentary Committee is composed of only Congressmen. You may remember that it was due to the change in the Election Rules made by the Central Parliament or the Governor

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Thanu Pillai]

General when the vacancies occurred in Parliament. And the Committee this Government has constituted is full of congress men. At any rate no other party man is included. There has not been any consultations. Their report counts very little. We also hear all manner of complaints about the way in which constituencies are constituted. The other day the Chief Minister disclaimed that there has been any underhand dealing or that the Government is actuated by questionable motives. If that be so, I can see no compunction on the part of Government to accept this amendment.

Then, Sir, in regard to the principles, they have been stated here. The first is that the integrity of the Revenue Divisions should not be disturbed. When they gave me these figures, I myself sat up and calculated. The District of Trivandrum should get 25 seats. I sat up one night and made a good deal of calculation in regard to that. In the list it is only 24 seats. Then again Quilon gets only 35 seats as against a legitimate claim for 36 seats. For Kottayam it is alright. The two seats that have been taken away from Trivandrum and Quilon are given to Trichur which, as a result, gets 28 seats against a normal claim for only 26 seats. That is a serious mistake, because there should be uniformity of representation. That is provided for in the Constitution, and should be adhered to. Then as far as the Taluks are concerned, their integrity should be maintained. You should take a map and plot the areas. Unfortunately we are not supplied with maps. Maps are available so far as Travancore is concerned, because they were prepared in the connection with the work of the Reforms Committee. The whole thing should be looked into from the geographical standpoint as well.

In the circumstances I hope that the amendment will be accepted. It will be helpful to the Parliamentary Committee. Otherwise the whole thing runs the risk of being condemned as one-party affair. The whole matter from the Central Government downwards is being made exclusively a party-affair. In order to avoid such a blunder, I request that the amendment may be accepted. With these remarks, I support the amendment.

Sri. P. Balakrishnan Tampi: I am indeed very grateful to Government for giving us this opportunity for discussing the whole question on the floor of the House. I am particularly glad that this came about mostly because of the suggestion of an eminent member of the party who issued a statement to the papers regarding the necessity of placing the matter for discussion before the House. I am confident that the Government will have nothing to hide from the members in this matter.

Sri. A. Thanu Pillai: Is the Hon'ble Member aware that members of other party, even long before the list was placed before the Election Commissioner, requested that the matter should be discussed here?

